


# മാവൂർ ഗ്രാമ പഞ്ചായത്ത്

**2022-27**


**നവകേരളത്തിന്
ജനകീയാസൂത്രണം**

# സമഗ്ര വികസന രേഖ




**“……ശ്രമത്തിലാണ്,**
**ഫലപ്രാപ്തിയിലല്ല സംതൃപ്തി**
**ഉളവാക്കുന്നത്.**
**സമ്പൂർണ്ണ ശ്രമം**
**സമ്പൂർണ്ണ വിജയമാകുന്നു……….”**

(ഗാന്ധിജി)


Kasaragod
Cannanore
Wayanad
Kozhikode
Malappuram
Palghat
Trichur
Ernakulam
Idukki
Kottayam
Allepey
Pathnamthitta
Quilon
Trivandrum


KOZHIKODE
DISTRICT
N
KANNUR
WAYANAD
MALAPPURAM
KERALA
MAHE (PUDUCHERRY)
Laccadive Sea
Vilangad
Valayam
Thuneri
Kunnummal
Azhiyur
Eramala
Puramerí
Kuttiadi
Onchiam
Chorode
Ayancheri
Changaroth
Vadakara
Koothali
Palayad
Iringal
Eravattur
Menhaniam
Peruvannamoozhi Dam
Kakkayam Dam
Nochad
Payyoli
Thikkody
Naduvannur
Puthuppadi
Moodadi
Quilandy
Ulliyeri
Balusseri
Raroth
Engapuzha
Kodencheri
Chengottukavu
Atholi
Nanmanda
Chemancheri
Narikkuni
Thalakkulathur
Chelannur
Neeleswaram
Kakkodi
Kunnamangalam
Kodiyathur
KOZHIKODE
Kuttikkattoor
Mavoor
Chaliyar
Perumanna
Olavanna
Beypore
Karuvanthuruthy
66
38
54
34
68
766
28
Map not to Scale
Copyright © 2018 www.mapsofindia.com
LEGEND
National Highway
State Highway
Major Road
District Boundary
River/Lake
Vegetation
District Headquarter
Major City/Town
Other Town/Village

# മാവൂർ ഗ്രാമ പഞ്ചായത്ത്




| | |
|---|---|
| 1. | MALAPRAM |
| 2. | VALAYANNUR |
| 3. | CHERUPRA |
| 4. | KUTTIKKADAVU |
| 5. | THENGILAKKADAVU |
| 6. | MECHERIKUNNU |
| 7. | KANNIPARAMBA |
| 8. | ADUVAD |
| 9. | KOTTAKUNNU |
| 10. | KANIYATH |
| 11. | THATHUR POYIL |
| 12. | MAVOOR |
| 13. | PARAMMAL |
| 14. | KACHERIKUNNU |
| 15. | KALPALLY |
| 16. | AYAMKULAM |
| 17. | KAYALAM |
| 18. | MANAKKAD |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ചാത്തമംഗലം പഞ്ചായത്ത് |
| തെക്ക് | : | ചാലിയാർ പുഴ |
| പടിഞ്ഞാറ് | : | പെരുവയൽ പഞ്ചായത്ത് |
| കിഴക്ക് | : | ചാത്തമംഗലം പഞ്ചായത്ത |
| വാർഡുകളുടെ എണ്ണം | : | 18 |

# ഭരണ സമിതി അംഗങ്ങൾ

| ക്രമ നമ്പർ | വാർഡിന്റെ പേര് | വാർഡ് നമ്പർ | മെമ്പർ |
|---|---|---|---|
| 1 | മലപ്രം | 1 | നന്ദിനി സി |
| 2 | വളയന്നൂർ | 2 | മിനി |
| 3 | ചെറൂപ്പ | 3 | ഫാത്തിമ ഉണിക്കൂർ |
| 4 | കുറ്റിക്കടവ് | 4 | അബ്ദുൽ ഖാദർ ടി ടി |
| 5 | തെങ്ങിലക്കടവ് | 5 | ശ്രീജ |
| 6 | മേച്ചേരിക്കുന്ന് | 6 | മോഹൻദാസ് എ. പി |
| 7 | കണ്ണിപറമ്പ | 7 | അപ്പുകുഞ്ഞൻ കെ.എം |
| 8 | അടുവാട് | 8 | ഗീത |
| 9 | കോട്ടക്കുന്ന് | 9 | പ്രസന്ന കുമാരി ടീച്ചർ |
| 10 | കണിയാത്ത് | 10 | ജയശ്രീ ദിവ്യപ്രകാശ് |
| 11 | താത്തൂർപൊയിൽ | 11 | വാസന്തി വിജയൻ |
| 12 | മാവൂർ | 12 | ഉമ്മർ മാസ്റ്റർ |
| 13 | പാറമ്മൽ | 13 | അബ്ദുൽ കരീം എം.പി |
| 14 | കച്ചേരിക്കുന്ന് | 14 | ഗീതാമണി |
| 15 | കൽപ്പള്ളി | 15 | ഉണ്ണികൃഷ്ണൻ |
| 16 | ആയംകുളം | 16 | രജിത എൻ |
| 17 | കായലം | 17 | ശുഭ ശൈലേന്ദ്രൻ |
| 18 | മണക്കാട് | 18 | രഞ്ജിത്ത് ടി |

# ഭരണ സമിതി അംഗങ്ങൾ



**ഉമ്മർ മാസ്റ്റർ**
പ്രസിഡന്റ് (വാർഡ്-12)



**ജയശ്രീ ദിവ്യപ്രകാശ്**
വൈസ് പ്രസിഡന്റ് (വാർഡ്-10)



**അപ്പുകുഞ്ഞൻ കെ എം**
വാർഡ്-7



**ശുഭ ശൈലേന്ദ്രൻ**
വാർഡ്-17



**രഞ്ജിത്ത് ടി**
വാർഡ്-18



**നന്ദിനി സി**
വാർഡ് – 1



**മിനി പി**
വാർഡ് – 2



**ഫാത്തിമ**
വാർഡ് – 3



**അബ്ദുൽ ഖാദർ ടി ടി**
വാർഡ് – 4



**ശ്രീജ**
വാർഡ് – 5



**മോഹൻദാസ് എ പി**
വാർഡ് – 6



**ഗീത**
വാർഡ് – 8



**പ്രസന്ന കുമാരി**
വാർഡ് – 9



**വാസന്തി വിജയൻ**
വാർഡ് – 11



**അബ്ദുൽ കരീം എം പി**
വാർഡ് – 13



**ഗീതാമണി**
വാർഡ് – 14



**ഉണ്ണികൃഷ്ണൻ**
വാർഡ് – 15



**രജിത എൻ**
വാർഡ് – 16

# നേട്ടങ്ങൾ

- 2000 സ്വരാജ് ട്രോഫി
  (1998–99 വർഷത്തെ മാതൃകാ പ്രവർത്തനം)
- 2006–07 നിർമ്മൽ പുരസ്കാരം
- 2010 സ്വരാജ് ട്രോഫി
  (ജില്ലാതലത്തിൽ രണ്ടാം സ്ഥാനം)
- 2013–14 Best Performance Award– കന്ദമംഗലം ബ്ലോക്ക്
  (തൊഴിലുറപ്പ് പദ്ധതി)
- 2014–15 മഹാത്മ പുരസ്കാരം
  (ജില്ലാ തലം ഒന്നാം സ്ഥാനം)
- 2015 Best Performance Award –കന്ദമംഗലം ബ്ലോക്ക്
  (തൊഴിലുറപ്പ് പദ്ധതി)
- 2016 തൊഴിലുറപ്പ് പദ്ധതിയിൽ 2014–15 വർഷത്തെ മികച്ച പ്രവർത്തനത്തിന് ദേശീയ പുരസ്കാരം
- 2016–17 മഹാത്മ പുരസ്കാരം
  (ജില്ലാ തലം ഒന്നാം സ്ഥാനം)
- 2020 ഹരിതകേരള മിഷന്റെ ശുചിത്വ പദവി
- 2022 സുഭിക്ഷ കേരളം പദ്ധതി നിർവ്വഹണം
  (തൊഴിലുറപ്പ് പദ്ധതിയിൽ ഒന്നാം സ്ഥാനം)

# താളുകളിൽ...

1. ആമുഖം
2. പ്രകൃതി ദുരന്തങ്ങളും അതിജീവനവും
3. വികസന നയവും തന്ത്രവും
4. വിഭവ സമാഹരണം
5. വികസന മേഖല
6. പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ
7. ഉപസംഹാരം




# 1 ആമുഖം

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും, അതിനാൽ തന്നെ ഗ്രാമങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ഭരണ സംവിധാനത്തിന് പ്രസക്തി ഇല്ലെന്നും ഉത്ബോധിപ്പിച്ച മഹാത്മജിയുടെ സ്വപ്നമായിരുന്നു "ഗ്രാമസ്വരാജ്". ഗ്രാമതലത്തിൽ അധികാരവും വിഭവങ്ങളും നൽകി സ്വയം പര്യാപ്ത ഗ്രാമങ്ങൾ സൃഷ്ടിക്കണമെന്നും അധികാരം ജനങ്ങളുടെ കൈകളിലേക്ക് നൽകണമെന്നുമായിരുന്നു രാഷ്ട്രപിതാവിന്റെ ആഗ്രഹം. സ്വതന്ത്ര ഇന്ത്യയുടെ ശിൽപികൾ വിഭാവനം ചെയ്തതും 'സ്വാശ്രയ ഇന്ത്യ' യാഥാർത്ഥമാക്കാനുള്ള നിലപാടുകളായിരുന്നു. ഇതിന്റെ ഭാഗമായി 1956 ൽ ബൽവന്ത് റായ് മേത്ത അധ്യക്ഷനായി ഒരു പാർലമെന്ററി സമിതിയെ നെഹ്റു സർക്കാർ നിയോഗിച്ചു. സാമൂഹിക വികസന രംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് അധികാര വികേന്ദ്രീകരണം നടപ്പിൽ വരണമെന്നും ഇതിന് ത്രിതല പഞ്ചായത്ത് ഭരണസംവിധാനത്തിന് രൂപം നൽകണമെന്നുമുള്ള ബൽവന്ത് റായ് മേത്ത കമ്മിറ്റി 1957 ൽ നൽകിയ ശുപാർശ 1958 ൽ ദേശീയ വികസനസമിതി അംഗീകരിക്കുകയും, സംസ്ഥാനങ്ങളോട് ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു. ഇതിന്റെ ഭാഗമായി 1959 ഒക്ടോബർ 2 ന് രാജസ്ഥാനിലെ നാഗൂരിൽ ജവഹർലാൽ നെഹ്റു ഉത്ഘാടനം ചെയ്തു കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നു. എന്നാൽ അർ

ഹിക്കുന്ന പരിഗണന ലഭിക്കാതെ കാലക്രമേണ ഇത് ദുർബലപ്പെടുകയാണുണ്ടായത്. പിന്നീട് 1992 ൽ സർക്കാർ 73,74 ഭരണഘടനാഭേദഗതികളിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം സ്വാർത്ഥമാക്കി. 1993 ൽ രാഷ്ട്രപതി ഒപ്പുവെച്ച ഈ നിയമത്തിൽ പിൻബലത്തോട് കൂടി കേരളത്തിൽ 1994 ഏപ്രിൽ മാസം 23 ാം തിയ്യതി കേരള പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നു.

ഇന്നിപ്പോൾ നാം ജനകീയാസൂത്രണത്തിന്റെ 25ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ്. കേരളത്തിൽ 9ാം പദ്ധതി ജനകീയപദ്ധതിയാക്കുന്നതിലൂടെ 1996 ൽ പുതിയൊരു തുടക്കം കുറിച്ചിരിക്കുകയാണ്. വികസന കാര്യങ്ങളിൽ മുൻഗണനാക്രമം തീരുമാനിക്കുന്നതിനുള്ള അധികാരം താഴെ തട്ടിലുള്ള സാധാരണക്കാരിലേക്ക് എത്തിക്കാനായി എന്നത് മാത്രമല്ല സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 35–40 ശതമാനം പഞ്ചായത്തുകൾക്ക് ലഭ്യമാക്കാനായി എന്നതും ഗ്രാമീണ മേഖലയിൽ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നവയായിരുന്നു. കാൽനൂറ്റാണ്ട് കാലം പിന്നിടുമ്പോൾ ജനകീയാസൂത്രണം, കേരള വികസന പദ്ധതി എന്നിവയിലൂടെ നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ ഫലപ്രാപ്തിയിൽ എത്തിക്കാനുള്ള ശ്രമങ്ങളാണുണ്ടായത്.

കേന്ദ്രസംസ്ഥാന സർക്കാറുകളിൽ നിന്ന് ലഭിക്കുന്ന പദ്ധതി വിഹിതമാണ് ത്രിതല പഞ്ചായത്തുകളുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്. ഇതിനു കാലാനുസൃമായ വർദ്ധനവ് ഇനിയും വരുത്തേണ്ടതുണ്ട്. വേണ്ടത്ര തനത് ഫണ്ടുകൾ ഇല്ലാത്തത് ഗ്രാമപഞ്ചായത്തുകളെ പ്രയാസപ്പെടുത്തുന്ന ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. ഇത് പഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പലപ്പോഴും തടസ്സമായി മാറുന്നുണ്ട്. കേന്ദ്ര–സംസ്ഥാന സർക്കാറുകളുടെ നിർദ്ദേശാനുസരണമുള്ള നിർബന്ധിത വകയിരുത്തലുകൾ പ്രാദേശിക തലത്തിൽ നമ്മുടെ ആസൂത്രണത്തെ ബാധിക്കുകയും നമുക്ക് സ്വതന്ത്രമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പരിമിതികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിനു മാറ്റം വരുത്തേണ്ടതുണ്ട്.

രണ്ടാം UPA സർക്കാറിന്റെ കാലത്ത് ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ അദ്ഭുതപൂർവ്വമായ മുന്നേറ്റമാണ് സൃഷ്ടിച്ചത്. ഒരു വർഷത്തിൽ 100 തൊഴിൽ ദിനം ഉറപ്പ് വരുത്തുന്നതിനാൽ തന്നെ ഗ്രാമീണ മേഖലയിലെ സ്ത്രീ ശാക്തീകരണത്തിന് ഈ പദ്ധതി വലിയ മുതൽക്കൂട്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ആസ്തി ആർജ്ജിക്കുന്നതിനും, ഗ്രാമീണ മേഖലയിൽ റോഡുകൾ, തോടുകൾ, ജലസംരക്ഷണം, മണ്ണ് സംരക്ഷണം തുടങ്ങി വിവിധ മേഖലയിൽ വലിയ മുന്നേറ്റമാണ് ഈ പദ്ധതി മൂലം സൃഷ്ടിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത ഫണ്ടുകൾ കുടിവെള്ളം,

ശുചിത്വം എന്നീ മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സഹായകരമായിട്ടുണ്ട്.

ആസൂത്രണ പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന ഗ്രാമസഭകളിലെ പങ്കാളിത്വക്കുറവ് പരിശോധിക്കപ്പെടേണ്ടതാണ്. ഇതിന് പ്രധാന കാരണം പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ഭൂരിഭാഗം ആളുകളെയും പദ്ധതിയിൽ നിന്ന് പുറന്തള്ളപ്പെടുന്നതിന് കാരണമാവുന്നു എന്നതാണ്. ഇത് പരിഹരിക്കപ്പെടുന്നതിന് കാലോചിതമായ പരിഷ്കാരങ്ങൾ അനിവാര്യമാണ്.

ജനകീയാസൂത്രണത്തിന്റെ കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ ലക്ഷ്യങ്ങളും, ഫലപ്രാപ്തിയും സത്യസന്ധമായി വിലയിരുത്തുമ്പോൾ ഉൽപാദന മേഖലയിൽ നമ്മുടെ കൃ ഷി ഭവനുകീഴിൽ 2 ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നു. കർഷകർക്ക് ആവശ്യമായ ജൈവ-രാസ വളങ്ങൾ യഥാസമയം ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. ക്ഷീരകർഷകർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നുണ്ട്. പഞ്ചായത്തിനു കീഴിൽ കൽപ്പള്ളിയിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ തലത്തിൽ GHSS, 2 UP, 3 LP യും, എയ്ഡഡ് തലത്തിൽ 2 LP സ്കൂളും, 4 അൺഎയ്ഡഡ് സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു.

കഴിഞ്ഞ 25 വർഷത്തിനിടെ ഭൗതിക സാഹചര്യത്തിൽ വലിയ വികാസം ഉണ്ടായിട്ടുണ്ട്. എന്നാൽ അക്കാദമിക് നിലവാരം എത്രത്തോളം ഉയർച്ചയുണ്ടായി എന്നുള്ള പരിശോധന അനിവാര്യമാണ്. ആരോഗ്യ മേഖലയിൽ മെഡിക്കൽ കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന MCH യൂണിറ്റ് ചെറൂപ്പയും, 3 സബ് സെന്ററും മാവൂരിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ആയുർവേദ ആശുപത്രിയും, കണ്ണിപറമ്പിൽ ഒരു ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു. സ്വന്തമായി PHC ഇല്ല എന്ന പരിമിതി ആരോഗ്യമേഖലയിൽ നമ്മുടെ പ്രവർത്തനത്തെ താളം തെറ്റിക്കുന്നുണ്ട്. ഇത് മറികടക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വലിയ പരിശ്രമങ്ങളാണ് നടന്നു വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെയിൻ & പാലിയേറ്റീവ് കേന്ദ്രത്തിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. ഇപ്പോൾ 360 രോഗികളെ പരിചരിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലൂടെ ചാലിയാറും ചെറുപുഴയും നിറഞ്ഞൊഴുകുമ്പോഴും ഗ്രാമത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ഇപ്പോഴും കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഈ മേഖലയിൽ ജനങ്ങൾക്ക് ആശ്വാസമേകാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാറും, ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതിയിൽ 18 കോടിയുടെ പദ്ധതി പൂർത്തീകരിക്കാൻ ശ്രമം നടന്നു

വരികയാണ്. ഇത് പൂർത്തീകരിക്കുന്നതോട് കൂടി സമ്പൂർണ്ണ കുടിവെള്ള വിതരണം നടപ്പിലാലാക്കുന്ന പഞ്ചായത്തായി മാറാൻ നമുക്ക് സാധിക്കും. ശുചിത്വ മേഖലയിൽ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ MCF ന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു. മാലിന്യസംസ്കരണത്തിന്റെ ഭാഗമായ നേരത്തെ മാവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ "മാമ്പൂവ്" പദ്ധതി ഈ മേഖലയിൽ പുതിയ മുന്നേറ്റം ഉണ്ടാക്കാൻ സഹായകരമായിട്ടുണ്ട്. ഇപ്പോൾ ഹരിത കേരള മിഷനിലൂടെ ശുചിത്വമേഖലയിൽ മാതൃകാപരമായ പ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. ഈ ടൂറിസം മേഖലയിൽ മാവൂരിന് സാധ്യതകൾ ഉണ്ട്.

5ാം വാർഡിലെ ചെറുപുഴയോട് ചേർന്ന് കിടക്കുന്ന ഗ്രാമവനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. ചാലിയാറിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി കേന്ദ്ര-സംസ്ഥാനസർക്കാരിന്റെ സഹകരണത്തോടെ Adventure Tourism ഉൾപ്പെടെ ടൂറിസം മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കാൻ മാവൂർ ഗ്രാമപഞ്ചായത്തിന് സാധിച്ചു.

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ബഡ്സ് സ്ക്കൂളും, 29 അംഗനവാടികളും, പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 330 കുടുംബശ്രീ യൂണിറ്റുകൾ, 18 വയോജന അയൽക്കൂട്ടവും പ്രവർത്തിക്കുന്നു. വാർഡ് 12 ൽ തണൽ, സ്വസ്ഥം, ധനം എന്നീ കുടുംബശ്രീയുടെ കീഴിൽ കുടുംബശ്രീ ജനകീയഹോട്ടലും പ്രവർത്തിക്കുന്നു.

പശ്ചാത്തല മേഖലയിൽ ജനകീയാസൂത്രണ ആരംഭസമയത്ത് 74.600 കി.മീ റോഡുകളും ഇപ്പോൾ 1400 കി.മീറ്ററും, കെട്ടിടങ്ങൾ 5349 ഇപ്പോൾ 14049 ഉം ഉണ്ട്. മാലിന്യസംസ്കരണ പദ്ധതികളോടു കൂടിയ പുതിയ മത്സ്യമാർക്കറ്റ് കെട്ടിടം, മാവൂരിന്റെ ഹൃദയ ഭാഗത്ത് നിർമ്മിച്ച സൗകര്യപ്രദമായ ബസ് സ്റ്റാൻഡ്, വിശാലമായ കല്ല്യാണ മണ്ഡപം, ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം എന്നിവ പശ്ചാത്തല മേഖലയിൽ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്.

രണ്ട് മഹാ പ്രളയങ്ങൾ ഏറെ ദുരന്തങ്ങൾ വിതച്ച ഒരു ഗ്രാമപഞ്ചായത്താണ് മാവൂർ. കക്ഷി രാഷ്ട്രീയത്തിനും, ജാതി-മത ചിന്തകൾക്കും അതീതമായ ഒരു ജനകീയ മുന്നേറ്റം ഉയർത്തി എല്ലാ ദുരന്തകാലത്തെയും അതിജീവിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രളയാനന്തരം അപ്രതീക്ഷിതമായി ലോകത്തെ വിറപ്പിച്ച കോവിഡ് 19 മഹാമാരിയിലും അതിജീവനത്തിന്റെ പുതിയ ഗാഥകൾ രചിക്കാൻ നമുക്കായിട്ടുണ്ട്. 24 മണിക്കൂറും സേവനം ലഭ്യമാക്കിയ കോവിഡ് കൺട്രോൾ റൂം, വാർ റൂം, സെന്റ് മേരീസ് സ്ക്കൂളിൽ തുടങ്ങിയ DCC, 24 മണിക്കൂറും സേവന സന്നദ്ധരായി 4 ആംബുലൻസുകൾ, കോവിഡ് വിവരങ്ങളിൽ കൃത്യത വരുത്തുന്നതിന് നമുക്കു മാത്രം അവകാശപ്പെടാവുന്ന "കോവിനെറ്റ്"

വെബ്ബ്സൈറ്റ്, വെർച്ചൽ ക്ലിനിക്ക്, പ്രവാസികളുടെ ആശങ്ക പരിഹരിക്കുന്നതിനായി നടത്തിയ കണക്ട് ടു പ്രവാസി പ്രോഗ്രാം, മിംസ് ആശുപത്രി, വാഴക്കാട് ഇക്ര ഹോസ്പിറ്റൽ എന്നിവരുടെ സഹകരണത്തോടെ നടത്തിയ പരിപാടികൾ, കോവിഡ് രോഗികളെ പരിചരിക്കുന്നതിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ 2 മൊബൈൽ ക്ലിനിക്കുകൾ, യഥാ സമയങ്ങളിൽ കോവിഡ് ടെസ്റ്റ്, വാക്സിനേഷൻ ക്യാംപ് തുടങ്ങി വിവിധ പരിപാടികൾ ഒരു ദുരന്തകാലത്തെ ഒരൊറ്റ മനസ്സോടെ അതിജീവിക്കാൻ സാധ്യമാക്കിയിട്ടുണ്ട്.

അതിജീവനത്തിലെ മുന്നണി പോരാളികളായി പ്രവർത്തിച്ച നമ്മുടെ മെമ്പർമാർ, ആരോഗ്യ പ്രവർത്തകർ, ഡോക്ടർമാർ, പഞ്ചായത്ത് ജീവനക്കാർ, അധ്യാപകർ, RRT പ്രവർത്തകർ, ഗ്രാമപഞ്ചായത്ത് ദുരന്തനിവാരണ സേന പ്രവർത്തകർ, യുവജന-വിദ്യാർത്ഥി, സന്നദ്ധ സംഘടനാ പ്രവർത്തകർ, മാധ്യമ സുഹൃത്തുകൾ തുടങ്ങിയവരുടെ നേതൃത്വം എക്കാലത്തേയും നല്ല മാതൃകയാണെന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്.

മാവൂർ എന്ന ഈ കൊച്ചു ഗ്രാമത്തെ ലോകത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തിയ ഗ്രാസിം ഫാക്ടറി അടച്ചു പൂട്ടിയിട്ട് 22 വർഷം പൂർത്തിയായി. 7 വർഷമായി നിലച്ച മണൽ വാരലും നമ്മുടെ തനത് വരുമാനത്തിൽ ഉണ്ടാക്കിയ നഷ്ടം നികത്താനാവാത്തതാണ്. ഗ്രാസിം ഭൂമിയിൽ പുതിയ വ്യവസായം വന്നേ തീരൂ. അത് ആരുടേയും ഔദാര്യമല്ല, മാവൂരിലെ ജനതയുടെ അവകാശമാണ്. ഇതിനായുള്ള ഏത് പ്രവർത്തനത്തിനും ഗ്രാമപഞ്ചായത്ത് നേതൃത്വപരമായ പങ്ക് നിർവഹിക്കും.

കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണ കാലഘട്ടത്തിൽ നാം ആർജ്ജിച്ച നേട്ടങ്ങളും, നേരിട്ട പ്രതിസന്ധികളും വിശാലമായി പരിശോധിച്ച് പ്രായോഗികമായി നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളെ കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്നു വന്ന ചർച്ചകളുടേയും, നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്ര വികസന രേഖ സവിനയം നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു. വരുന്ന 5 വർഷങ്ങളിൽ മാവൂരിന്റെ വികസന സ്വപ്നങ്ങൾക്ക് പുതിയ മാനം പകരാൻ ഈ രേഖ സഹായകമാവും എന്ന് പ്രതീക്ഷിക്കാം. 14 ാം പഞ്ചവത്സര പദ്ധതി പുതിയ ജനകീയ മുന്നേറ്റമായി മാറി മണ്ണിനും, മനുഷ്യനും വേണ്ടിയുള്ള പുതിയ വികസന മുന്നേറ്റം സൃഷ്ടിക്കട്ടെ....,

സ്നേഹാദരങ്ങളോടെ,

പുലപ്പാടി ഉമ്മർ മാസ്റ്റർ

പ്രസിഡണ്ട്

മാവൂർ ഗ്രാമപഞ്ചായത്ത്

***പൊതുസ്ഥിതി***

| | | |
|---|---|---|
| ജില്ല | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| ബ്ലോക്ക് | : | കുന്ദമംഗലം |
| വില്ലേജ് | : | മാവൂർ |

***അതിരുകൾ***

| | | |
|---|---|---|
| തെക്ക് | : | ചാലിയാർ പുഴ |
| പടിഞ്ഞാറ് | : | പെരുവയൽ പഞ്ചായത്ത് |
| വടക്ക് | : | ചാത്തമംഗലം പഞ്ചായത്ത് |
| കിഴക്ക് | : | ചാത്തമംഗലം പഞ്ചായത്ത് |

**ജനസംഖ്യ(2011 ലെ സെൻസെസ് പ്രകാരം)**

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 29781 |
| സ്ത്രീ | : | 15350 |
| പുരുഷൻ | : | 14431 |

***പട്ടികജാതി ജനസംഖ്യ***

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 3864 |
| പട്ടികജാതി സ്ത്രീകൾ | : | 1968 |
| പട്ടികജാതി പുരുഷൻമാർ | : | 1896 |

***സാക്ഷരത***

| | | |
|---|---|---|
| ആകെ സാക്ഷരർ | : | 29781 |
| സ്ത്രീ സാക്ഷരർ | : | 15350 |
| പുരുഷ സാക്ഷരർ | : | 14431 |
| ശതമാനം | : | 100 |

***ഡിവിഷനുകൾ***

| | | |
|---|---|---|
| ആകെ വാർഡുകൾ | : | 18 |
| ജനറൽ | : | 7 |
| വനിത സംവരണം | : | 9 |
| പട്ടികജാതി ജനറൽ സംവരണം | : | 1 |
| പട്ടിക ജാതി വനിത സംവരണം | : | 1 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 3 |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | ചാത്തമംഗലം |
| നിയമസഭ മണ്ഡലം | : | കുന്ദമംഗലം |
| ലോക് സഭ മണ്ഡലം | : | കോഴിക്കോട് |

<u>സ്ഥാപനങ്ങൾ</u>

| | | |
|---|---|---|
| എംസി എച്ച്, യൂണിറ്റ് ചെറൂപ്പ | : | 1 |
| വനിത കുടുംബക്ഷേമ ഉപ കേന്ദ്രം | : | 2 |
| ആയുർവേദഡിസ്പെൻസറി | : | 1 |
| പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറി | : | 1 |
| മൃഗാശുപത്രി | : | 1 |
| വെറ്റിനറി ഉപ കേന്ദ്രം | : | 1 |
| കൃഷിഭവൻ | : | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | : | 1 |
| വില്ലേജ് ഓഫീസ് | : | 1 |
| ഹയർസെക്കൻഡറി സ്കൂൾ | : | 1 |
| ഹൈസ്കൂൾ | : | 1 |
| ഗവ.എൽ.പി.സ്കൂൾ | : | 3 |
| ഗവ.യു.പി.സ്കൂൾ | : | 2 |
| എയ്ഡഡ് എൽ.പി സ്ക്കൂൾ | : | 2 |
| അംഗൻവാടികൾ | : | 29 |
| ദേശസാൽകൃത ബാങ്കുകൾ | : | 3 |
| സംസ്ഥാന സഹകരണ ബാങ്ക് | : | 1 |
| സർവ്വീസ് സഹകരണ ബാങ്കുകൾ | : | 2 |
| സർവ്വീസ് സഹകേരണ സംഘങ്ങൾ | : | 4 |
| പോസ്റ്റ് ഓഫീസ് | : | 1 |
| സഹകരണ സൂപ്പർമാർക്കറ്റ് | : | 1 |
| സഹകരണ നീതി മെഡിക്കൽ സ്റ്റോർ | : | 1 |
| സപ്ലൈകോ | : | 1 |
| ഇലക്ട്രിസിറ്റി ഓഫീസ് | : | 1 |
| ബി.എസ്.എൻ.എൽ.ഓഫീസ് | : | 1 |
| ലൈബ്രറികൾ | : | 3 |

| | | |
|---|---|---|
| പോലീസ് സ്റ്റേഷൻ | : | 1 |
| MCF | : | 1 |
| MMC മെഡിക്കൽസ് | : | 1 |
| ഡെന്റൽ ക്ലിനിക്ക് | : | 4 |
| ജൻ ഔഷധി | : | 1 |
| ട്യൂഷൻ സെന്റർ | : | 3 |
| ക്ഷീര സഹകരണ സംഘം | : | 1 |
| പാലിയേറ്റീവ് യൂണിറ്റ് | : | 1 |
| മിനി സ്റ്റേഡിയം | : | 1 |
| പൊതുശ്മശാനം | : | 1 |
| ടാക്സി സ്റ്റാൻഡ് | : | 1 |
| കുടുംബശ്രീ ഹോട്ടൽ | : | 1 |
| സി.ഡി.എസ് ഓഫീസ് | : | 1 |
| തുടർവിദ്യാ കേന്ദ്രം | : | 3 |
| ന്യൂട്രിമിക്സ് | : | 2 |
| ഇ–ലേണിംഗ് ഹബ് | : | 1 |
| വി.ആർ.സി സെന്റർ | : | 1 |
| ബഡ്സ് സ്ക്കൂൾ | : | 1 |
| ഓട്ടോ ബേ | : | 1 |

# ജീവനക്കാർ

| | | | |
|---|---|---|---|
| 1. | ബ്രിജേഷ് എം | : | സെക്രട്ടറി |
| 2. | ഗോകുൽദാസ് ടി എം | : | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | സുമ. വി | : | ജൂനിയർ സൂപ്രണ്ട് |
| 4. | രബീഷ് എം | : | ഹെഡ് അക്കൗണ്ടന്റ് |
| 5. | വിശ്വൻ. ഐ.പി | : | ലൈബ്രേറിയൻ |
| 6. | സിന്ധു കുരുടത്ത് | : | സീനിയർ ക്ലർക്ക് |
| 7. | ഇന്ദുല കെ | : | സീനിയർ ക്ലർക്ക് |
| 8. | എം.കെ.രാജൻ | : | സീനിയർ ക്ലർക്ക് |
| 9. | ബിന്ദു.സി | : | സീനിയർ ക്ലർക്ക് |
| 10. | മുഹ്സിൻ എ കെ | : | സീനിയർ ക്ലർക്ക് |
| 11. | സാജൻ.എൻ.എസ് | : | ക്ലർക്ക് |
| 12. | പ്രഭി എം | : | ക്ലർക്ക് |
| 13. | പ്രജിഷ. പി | : | ക്ലർക്ക് |
| 14. | മുഹമ്മദ് അഷ്റഫ്. കെ | : | ക്ലർക്ക് |
| 15. | തസ്ലീഫ്. ഇ. എ | : | ക്ലർക്ക് |
| 16. | സോന ടി എ | : | ക്ലർക്ക് |
| 17. | അബ്ദുൽ റാഷിദ് കെ | : | ടെക്നിക്കൽ അസിസ്റ്റന്റ് |
| 18. | ഷേർലി | : | ഓഫീസ് അറ്റൻറ് |
| 19. | ജാനറ്റ് പി. വി. | : | ഓഫീസ് അറ്റൻറ് |
| 20. | പ്രകാശൻ | : | ഫുൾടൈം സ്വീപ്പർ |
| 21. | ചന്ദ്രിക | : | ഫുൾടൈം സ്വീപ്പർ |
| 22. | തങ്കപ്രസാദ് | : | ഫുൾടൈം സ്വീപ്പർ |
| 23. | ഗ്രേഷ്യസ് ഫെർണാണ്ടസ് | : | ഫുൾടൈം സ്വീപ്പർ |
| 24. | ജസീറ ടി പി | : | പ്രൊജക്ട് അസിസ്റ്റന്റ് |
| 25. | ദിലീപ് | : | ഡ്രൈവർ |

## എൽ.എസ്.ജി.ഡി വിംഗ്

| | | | |
|---|---|---|---|
| 1. | സുരഭി | : | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 2. | സൻസി | : | ഓവർസിയർ, എൽ.എസ്.ജി.ഡി |
| 3. | സജ്ന | : | ഓവർസിയർ, എൽ.എസ്.ജി.ഡി |
| 4. | കാവ്യ | : | ക്ലാർക്ക് |

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

1. ഷേളിത
2. ആതിര

## എം.ജി.എൻ.ആർ.ജി.എസ്

| | | | |
|---|---|---|---|
| 1. | അസ്ഹറു റഹ്മാൻ | : | അക്രഡിറ്റഡ്. എഞ്ചിനീയർ MGNREGS |
| 2. | ഷിജു. എം | : | ഓവർസിയർ, MGNREGS |
| 3. | അബ്ദുൽ മുനീർ.കെ വി | : | ഓവർസിയർ, MGNREGS |
| 4. | ഷിത ശിവദാസൻ | : | അക്കൗണ്ടന്റ് , MGNREGS |
| 5. | സരിത | : | അക്കൗണ്ടന്റ് , MGNREGS |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1. | ബ്രിജേഷ് എം | : | സെക്രട്ടറി മാവൂർ ഗ്രമാപഞ്ചായത്ത് |
| 2. | ഗോകുൽദാസ് ടി എം | : | അസി.സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് |
| 3. | സുരഭി | : | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 4. | ഡോ.ഡോളി അഗസ്റ്റിൻ | : | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി |
| 5. | ഡോ. അന്ന മനോജ് | : | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി |
| 6. | ഡോ. ബിജു പാൽ | : | വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി |
| 7. | ദർശന ദിലീപ് | : | കൃഷി ഓഫീസർ, മാവൂർ |
| 8. | ഷേളിത | : | വി.ഇ.ഒ, മാവൂർ ഗ്രാമപഞ്ചായത്ത് |
| 9. | ആതിര | : | വി.ഇ.ഒ, മാവൂർ ഗ്രാമപഞ്ചായത്ത് |
| 10. | ബിനി വർഗ്ഗീസ് | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 11. | ഉഷ വി | : | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.സ്കൂൾ, വളയന്നൂർ |
| 12. | റുമൈസ പി | : | ഡയറി ഫാം ഇൻസ്ട്രക്ടർ |

# ആസൂത്രണ സമിതി

- പുലപ്പാടി ഉമ്മർ മാസ്റ്റർ (ചെയർമാൻ)
- ബ്രിജേഷ് എം (കൺവീനർ)
- വളപ്പിൽ റസാഖ് (വൈ. ചെയർമാൻ)
- ജയശ്രീ ദിവ്യപ്രകാശ്
- കെ എം അപ്പുകുഞ്ഞൻ
- ശുഭ ശൈലേന്ദ്രൻ
- രഞ്ജിത്ത്.ടി
- ഡോ. വി പരമേശ്വരൻ
- ഇസ്മയിൽ മാസ്റ്റർ
- കുഞ്ഞിമൊയ്തീൻകുട്ടി മാസ്റ്റർ
- രാജശേഖരൻ

# ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം..

**ബ്രി**ട്ടീഷ് ഇന്ത്യയിൽ മദ്രാസ് സംസ്ഥാനത്തിൻറെ ഭാഗമായിരുന്ന കോഴിക്കോട് പ്രദേശം ഉൾപ്പെടുന്ന മലബാർ ജില്ല. മലബാർ ജില്ലയിലെ കോഴിക്കോട് താലൂക്കിൽപെട്ട സ്ഥലമായിരുന്ന മാവൂർഗ്രാമപഞ്ചായത്ത്. ബ്രിട്ടീഷ് ഭരണത്തിനു മുൻപ് സാമൂതിരിയുടെ ഭരണത്തിന് കീഴിലായിരുന്നു ഈ പ്രദേശം. ഇന്നത്തെ മാവൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കണ്ണിപറമ്പ് ദേശവും പാലങ്ങാട് ദേശവും ഉൾപ്പെട്ട ഭൂവിഭാഗം കണ്ണിപറമ്പ് പഞ്ചായത്തും ചെറുപുഴക്ക് പടിഞ്ഞാറുള്ള പ്രദേശങ്ങളായ ചെറൂപ്പ, മണക്കാട് പ്രദേശങ്ങൾ ഡിസ്ട്രിക്ട്ബോർഡിൻറെ കീഴിലും ബാക്കി പ്രദേശങ്ങൾ ഉൾപ്പെട്ട ഭാഗം മാവൂർ പഞ്ചായത്തുമായാണ് നിലനിന്നിരുന്നത്. ഇന്ന് മാവൂർ അങ്ങാടി നിലനിൽക്കുന്ന പ്രദേശം പണ്ട് പുൽപ്പറമ്പ് എന്നാണ് അറിയപ്പെട്ടിരുന്നത്. മാവുകൾ കൂട്ടമായി തഴച്ചുവളരുന്ന പ്രദേശമായതിനാലാകണം ഈ പ്രദേശത്തിന്ന് മാവൂർ എന്ന പേര് ലഭിച്ചത്. ഇപ്പോഴും മാവൂരിൻറെ ചരിത്ര സ്മാരകമായി പടുകൂറ്റൻ മാവുകൾ വളർന്നു നിൽക്കുന്നത് കാണാം. മാവൂരിൻറെ ചുറ്റുപാടുമുള്ള പ്രദേശങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഒരു കണ്ണിയായി നിലനിന്നിരുന്ന ഭൂപ്രദേശത്തെ കണ്ണിപറമ്പ എന്ന പേര് വിളിക്കാനിടയായി എന്ന് മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൽ കാണുന്നു. മാത്രമല്ല പുരാണകഥാപാത്രങ്ങളിലെ മഹർഷിവര്യനായിരുന്ന കണ്വമഹർഷി ഈ പ്രദേശങ്ങളിലെവിടെയോ മോക്ഷപ്രാപ്തിക്കുവേണ്ടി തപസ്സനുഷ്ഠിച്ചു എന്ന് വിശ്വസിക്കുന്നു. ഈ മഹർഷിയുടെ പേരിനോടുസാദൃശ്യപ്പെടുത്തി ഈ പ്രദേശത്തിന് കണ്ണിപറമ്പ് എന്ന പേർ ലഭിച്ചു എന്നും പഴമക്കാർ വിശ്വസിക്കുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളും വളരെ സൗഹാർദ്ദത്തോടെ കഴിഞ്ഞിരുന്ന ഒരു പ്രദേശമായിരുന്നു മാവൂർ.

## വിദ്യാഭ്യാസചരിത്രം



–ഗുരുകുലം–

ഭൂസ്വത്തുക്കൾ അടക്കിവാണിരുന്ന തലകാപ്പുനായർ തൻറെ സ്വന്തം നിലയിൽ എയിഡഡ് ലോവർ പ്രൈമറിസ്കൂൾ എന്ന പേരിൽ ഒരു വിദ്യാഭ്യാസസ്ഥാപനം

നടത്തിപ്പോന്നു. ഇതേകാലത്തിന് ശേഷം പുലിയപ്പുറം തറവാട്ടുവകയായി കടുങ്ങോച്ചൻ പണിക്കർ അട്ടുവാട് ഒരു എൽ .പി.സ്ക്കൂൾ സ്ഥാപിച്ചു. എന്നാൽ ഇതിനുമുമ്പ് തന്നെ ഈ പഞ്ചായത്തിലെ പഴക്കംചെന്ന സ്ക്കൂൾആയി പ്രവർത്തിച്ചിരുന്നത് കോഴിക്കോട് താലൂക്ക് ബോർഡിൻറെ കീഴിലുള്ള ലോവർ പ്രൈമറി മാപ്പിള എലിമെൻററി സ്ക്കൂൾ ആയിരുന്നു. ഇതാണ് ഇപ്പോൾ മാവൂരിൻറെ ഹൃദയഭാഗത്ത് ഗവൺമെൻറ് യു.പി സ്ക്കൂൾ ആയി പ്രവർത്തിച്ചുവരുന്നത്. 1915–ലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു സ്ക്കൂൾ സ്ഥാപിതമായത്. ഡിസ്ട്രിക്ട് താലൂക്ക് ബോർഡിന് കീഴിലായിരുന്നു ഈ സ്ക്കൂൾ പ്രവർത്തിച്ചിരുന്നത്. ഈ സ്ക്കൂളിൻറെ പേര് കോഴിക്കോട് താലൂക്ക്ബോർഡ് മാപ്പിള ലോവർ എലിമെൻററി സ്ക്കൂൾ എന്നായിരുന്നു. മണ്ണനീരിതല കാപ്പു നായരുടെ കീഴിൽ ഒരു ഹിന്ദു എയിഡഡ് ലോവർ എലിമെൻററി സ്ക്കൂളും നിലവിലുണ്ടായിരുന്നു. ആ കാലത്തെ പ്രമുഖ അദ്ധ്യാപകർ തട്ടായി രാമൻ നായർ, കാര്യാട്ട് ഗോവിന്ദൻനായർ, പുലിയപ്പുറം ഗോവിന്ദൻ നായർ, മഞ്ഞക്കോട്ട് രാഘവൻനായർ, സുകുമാരൻ എന്നിവരായിരുന്നു. കൂടാതെ എഴുത്താശാനായ മുലത്തുംപാലിയിൽ ഗോവിന്ദനാശാനും അക്കാലത്തെ ഒരു പ്രമുഖവിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. ക്രമേണ വിദ്യാഭ്യാസ രീതിയിൽതന്നെ മാറ്റംവന്നു.

## <u>വ്യാവസായികചരിത്രം</u>



രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനപാദത്തിൽ അന്നത്തെ കേരളസർക്കാർ മുൻകൈയെടുത്തുകൊണ്ട് മാവൂരിൽ ബിർളാ വ്യവസായ ഗ്രൂപ്പിനെ ഒരു വ്യവസായ സംരംഭം സ്ഥാപിക്കാൻ ക്ഷണിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അക്വയർചെയ്യുകയും അനന്തര നടപടികൾ സ്വീകരിക്കുകയുംചെയ്തു. മാവൂരിനെ തഴുകുന്ന ചാലിയാറിലെ ജലവും, വടക്കൻ കേരളത്തിലെ സമ്പന്നമായ മുളങ്കാടുകളും കമ്പനിയുടെ വരവിന് ആക്കംകൂട്ടി. ഗ്വാളിയോർറയോൺസ് എന്ന ഈ സ്ഥാപനത്തിൻറെ വരവ് മാവൂരിൻറെ സാമ്പത്തിക സാമൂഹ്യ–സാംസ്കാരിക മേഖലകളിൽ ഒരു പുതിയ ഉണർവുണ്ടാക്കി. ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിൻറെ പൾപ്പ് ഡിവിഷനും സ്റ്റാപ്പിൾ ഫൈബർ ഡിവിഷനും ഇവിടെ മുളയും മറ്റും ഉപയോഗിച്ച് പൾപ്പും ഫൈബറും ഉൽപ്പാദിപ്പിച്ചിരുന്നു. ഈ വ്യവസായ സ്ഥാപനത്തിൽ 1963–ൽ പൾപ്പ് ഉൾപ്പാദനം ആരംഭിച്ചു. അന്ന് അവിദഗ്ധ ജോലിക്കാർക്ക് മാസത്തിൽ 60 രൂപയും വിദഗ്ധ തൊഴിലാളികൾക്ക് 90 രൂപയും നൽകിയിരുന്നു. പൾപ്പും, ഫൈബറും നിർമ്മിക്കാനാവശ്യമായ ആസിഡ് അടക്കമുള്ള ചില അസംസ്കൃത പദാർത്ഥങ്ങളും ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. ഈ വ്യവസായ പ്രദേശത്ത് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെ ജനങ്ങളും താമസിക്കുന്നതിനാൽ വിവിധ സംസ്കാരങ്ങളുടെ സംഗമകേന്ദ്രം കൂടിയായി മാവൂർ മാറി.

തികച്ചും സാധാരണക്കാരായ ജനങ്ങളും കോർപ്പറേറ്റ് കമ്പനിയും തമ്മിലുള്ള കേരളത്തിലെ ആദ്യപോരാട്ടമാണ് മാവൂർ ഗ്വാളിയോർ റയോൺസ് ചാലിയാർ സമരം കേരളത്തിലെ വ്യവസായവത്ക്കരണത്തിന് കുതിപ്പാകും എന്ന് കരുതിയ കമ്പനി, ഒരു പ്രദേശത്തിന്റെയാകെ ജീവശ്വാസമില്ലാതാക്കുകയായിരുന്നു. ടണ്ണിന് ഒരു രൂപ നിരക്കില് 1.6 ലക്ഷം ടൺ മുള വർഷംതോറും ബിർള കമ്പനിക്ക് നല്കാനുള്ള കരാറിലാണ് അന്നത്തെ സംസ്ഥാന സർക്കാർ ഒപ്പു വെച്ചത്.പ്രതിദിനം 100 ടൺ പൾപ്പ് ഉത്പാദിപ്പിക്കപ്പെട്ടു. മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനം കേരളത്തിൽ തന്നെ വരാനായി വെള്ളം, വൈദ്യുതി, നികുതി അങ്ങനെ എല്ലാത്തിലും ഭീമമായ ഇളവ് നൽകി. പിന്നീട് മുളയിൽ നിന്ന് മാത്രമല്ല ഏത് മരത്തിൽ നിന്നും പൾപ്പ് ഉത്പാദിപ്പിക്കാനുള്ള മികവിലേക്ക് കമ്പനി എത്തി. സൾഫ്യൂരിക്ക് ആസിഡ് പ്ലാന്റ് സ്ഥാപിക്കപ്പെട്ടു.കമ്പനി വളർന്നു. സമീപമുള്ള ചാലിയാർ പുഴ ഓരോ ദിവസവും തളർന്നു. മാലിന്യം മുഴുവൻ ചാലിയാറിലേക്കായിരുന്നു തുറന്നത്. ജലജീവജാലങ്ങൾചത്തൊടുങ്ങാൻ തുടങ്ങി. പ്രദേശവാസികൾ ത്വക്ക് രോഗങ്ങളുടെയും ശ്വാസകോശരോഗങ്ങളുടെയും പിടിയിലായി. 1963–64 ൽ ചെറിയതോതിൽ നാട്ടുകാരുടെ ചെറുത്തുനില്പ് തുടങ്ങി. അന്നത്തെ വാഴക്കാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ എ റഹ്മാന്ചാലിയാർ ജലവായു മലിനീകരണ വിരുദ്ധ സമിതിക്ക് 1973 ൽ രൂപം നല്കി. ഇതിനു പിന്നാലെ ഒട്ടേറെ സമരസമിതികളും രൂപം കൊണ്ടു. 1985 ൽ കമ്പനി പൂട്ടിയെങ്കിലും വീണ്ടും തുറന്നു.1995 ൽ മൂന്ന് തൊഴിലാളികൾ വിഷവാതകം ശ്വസിച്ച് മരിച്ചു. അർബുധബാധിതനായിത്തീർന്ന കെ എ റഹ്മാൻ മരിച്ചു.ഇതെതുടർന്ന് കേരളത്തിലെ പരിസ്ഥിതി, സാമൂഹിക, സാഹിത്യപ്രവർത്തകർ ചേർന്ന് നിരാഹാര സമരം തുടങ്ങി.1999 മെയ് 10 ന് കമ്പനിയിൽ ഉദ്പാദനം നിർത്തി.2001 ജൂണില് കമ്പനി പൂർണ്ണമായി അടച്ചു.

## ഗതാഗതചരിത്രം





1962–ൽ വന്ന തെങ്ങിലക്കടവ് പാലത്തിൻറെ പണി പൂർത്തീകരിച്ച തോടെയാണ് ഈ പഞ്ചായത്തിൽ റോഡുഗതാഗതം ഫലപ്രദമായത്. ആദ്യകാലങ്ങളിൽ ഗതാഗതത്തിന് ചാലിയാർവഴിയുള്ള ജലമാർഗ്ഗമായിരുന്നു ഉപയോഗിച്ചത്. കാർഷികോൽപ്പന്നങ്ങൾ, നെല്ല്, നാളികേരം തുടങ്ങിയ മറ്റു സാധനങ്ങളും കോഴിക്കോട്ടേക്ക് വിപണനത്തിന് കൊണ്ടുപോയത് ബോട്ട്, തോണി എന്നിവ ഉപയോഗിച്ചായിരുന്നു. അന്ന് നാളികേരത്തിന്റെ മുഖ്യ വിപണനകേന്ദ്രം മാങ്കാവ് ആയിരുന്നു. ബോട്ട് മുഖാന്തിരമായിരുന്നു വിപണനകേന്ദ്രത്തിൽ എത്തിച്ചിരുന്നത്. കാലങ്ങൾക്കു ശേഷം കോഴിക്കോട്ടു നിന്നും തെങ്ങിലകടവ് വരെ ബസ് വന്നപ്പോൾ ഇവിടെനിന്നും ആളുകൾ നടന്ന് തെങ്ങിലക്കടവിൽ പോയിയായിരുന്നു ബസ്യാത്ര നടത്തിയത്. പിന്നീട് ബസ്റൂട്ട് മാവൂർവരെ ദീർഘിപ്പിച്ചു. ആദ്യമായി ഈ റൂട്ടിലോടിയത് ദേവിപ്രസാദ് എന്ന ബസായിരുന്നു. കണ്ണിപറമ്പ് ശിവക്ഷേത്ര ദർശനത്തിന് സാമൂതിരിരാജാവ് ഉപയോഗിച്ച

നാട്ടുപാതയാണ് ഇപ്പോൾ മാങ്കാവ്–കണ്ണിപറമ്പ് റോഡ് എന്ന പേരിൽവികസിപ്പിച്ച റോഡ്. മാവൂർ ഗ്വോളിയോർ റയോൺസിൻറെ വരവോടെയാണ് മാവൂരിലേക്ക് ഗതാഗതം പൂർണ്ണമായത്.

## സാംസ്കാരികചരിത്രം

20–ാം നൂറ്റാണ്ടിൻറെ ആരംഭത്തിൽ പാലക്കാട്ടുകാരായ ദാമോദരൻ നായർ, വാസുദേവൻ നായർതുടങ്ങിയ നാടക ആശാൻമാർ ഇവിടെവരികയുംഅന്ന് ഈ പ്രദേശത്തുണ്ടായിരുന്ന ഭൂരിപക്ഷം നായർതറവാട്ടുകളിലെ ചെറുപ്പക്കാരേയും സംഗീതവും, നാടകാഭിനയവും പഠിപ്പിക്കുകയും, പരിപാടികൾ വലിയ തറവാട്ടുകളിൽ മാത്രം അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഇവിടെ വയോജന വിദ്യാഭ്യാസരംഗത്ത് സജീവമായമുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെ പട്ടികജാതിക്കാരെ സാമൂഹികമായി ഉയർത്തിക്കൊണ്ടു വരുന്നതിനും അവർക്ക് ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനുള്ള അവകാശത്തിനുവേണ്ടിയും പല ആളുകളും പ്രവർത്തിച്ചിരുന്നു. ഇവരിൽ പ്രധാനിയാണ് പീതാംബരൻ മാസ്റ്റർ. നാടകം, കോൽക്കളി, തിരുവാതിരക്കളി, അറബനമുട്ട്, നൃത്തങ്ങൾ തുടങ്ങിയ വിവിധകലകൾ ഇവിടെ നിലനിന്നിരുന്നു. ഈ പ്രദേശത്തെ ആദ്യത്തെ പൊതു വായനശാലയാണ് പഞ്ചായത്തിൻറെ വകയായി തുടങ്ങിയ വായനശാല. പല സാംസ്കാരിക സമിതികളും ഇടക്കാലത്ത് സാമൂഹിക രംഗങ്ങളിൽ സജീവമായിരുന്നെങ്കിലും അവയിൽ പലതും പല കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോകുകയാണുണ്ടായത്.

ഇവിടം പ്രധാനമായും കാർഷിക മേഖലയായണ് അറിയപ്പെട്ടിരുന്നത് . എന്നാൽ 1962 റയോൺസിൻറെ വരവോടെ കാർഷികവൃത്തിയിൽ നിന്നും ജനങ്ങൾ റയോൺ സിലേക്ക് കൂട്ടത്തോടെ ചേക്കേറുകയും ചെയ്തു. ഇതിൻറെ ഫലമായി സാമ്പത്തിക നിലയിൽ വലിയമാറ്റംവന്നു. ഫാക്ടറിയുടെ വരവോടെ ഈ പ്രദേശത്ത് ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും ധാരാളം ആളുകൾ വരികയും മാവൂരിൻറെ തനതു സാംസ്കാരിക തനിമ മാറുകയും പുതിയ ഒരു സാംസ്കാരിക മാറ്റത്തിന് വഴിയൊരുക്കുകയും ചെയ്തു.

## ജനസംഖ്യ

1962 ൽറയോൺസ് ഫാക്ടറി വരുന്നത് വരെ മാവൂരിൽ ജനസംഖ്യ വളരെ കുറവായിരുന്നു. ഫാക്ടറിയുടെ വരവോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തൊഴിൽതേടി ആളുകൾ വന്നത് ജനസംഖ്യയിൽ വർദ്ധനവ് വരുത്തി. എന്നാൽ 2001 ൽ ഫാക്ടറി അടച്ചു പൂട്ടിയതോടെ ജനസംഖ്യകുറയുകയും ചെയ്തു.

ജനസംഖ്യ 2011 ലെ കാനേഷുമാരി കണക്കുപ്രകാരം 29781 ആണ്. ഇതിൽ സ്ത്രീകൾ 15350 ഉം പുരുഷൻമാർ 14431 ഉം ആണ്. പട്ടികജാതി വിഭാഗം മൊത്തത്തിൽ 3864 പേരാണ് ഉള്ളത്. അതിൽ സ്ത്രീകൾ 1968 ഉം പുരുഷമാർ 1896 ഉം ആണ്. പഞ്ചായത്തിൽ മൊത്തത്തിൽ സ്ത്രീകൾ ആണ് ജനസംഖ്യയിൽ കൂടുതലുള്ളത്. സെൻ സസ് ഡാറ്റാ 2011 ഉറവിടമാക്കിക്കൊണ്ട് ജനസംഖ്യ സ്ഥിതിവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക വിവരശേഖരണത്തിൻറെ ഭാഗമായി മാവൂർ പഞ്ചായത്തിലെ വാർഡ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ദുരന്തനിവാരണവുമായി ബന്ധപ്പെട്ടു വരുന്ന ഭാവി ആസൂത്രണത്തിന് സാമ്പത്തിക സ്ഥിതിവിവരം, പ്രധാന തൊഴിലുകൾ, അങ്കണവാടികൾ, ആരോഗ്യ സ്ഥാപനങ്ങൾ, മൃഗാശുപത്രി, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർ

വ്വഹണ ഉദ്യോഗസ്ഥരുടെ പട്ടിക, മതകേന്ദ്രങ്ങൾ തോട്ടുകൾ, കുളങ്ങൾ എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്. 1956 ൽ ഫെബ്രുവരി 1ാം തിയ്യതി നോമിനേറ്റഡ് സ്ഥിരം പഞ്ചായത്ത് പ്രസിഡന്റായി വി.എൻ അബ്ദുള്ളയെ നിയമിച്ചു. ഇദ്ദേഹത്തിന് എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉണ്ടായിരുന്നു.

1960 വരെ ഭരണം നടത്തിയ ഭരണസമിതിയിൽ V.N അബ്ദുള്ള സ്ഥിരം പ്രസിഡന്റ്, വി. ശങ്കരനാരായണൻ, ടി.അപ്പുണ്ണി നായർ, എം. രാമൻകുട്ടിനായർ, കെ.കെ.വെളുബി, ടി.പി ആലി, പി.അയമത്-വൈസ് പ്രസിഡന്റ് എന്നിവരായിരുന്നു. ആദ്യത്തെ മാവൂർ പഞ്ചായത്ത് ആയി പ്രവർത്തിച്ചിരുന്നത് ഇന്ന് പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ നിലനിൽക്കുന്ന കെട്ടിടത്തിലായിരുന്നു. 1960 ന് ശേഷം നോമിനേറ്റഡ് ഭരണസമിതിയെ അധികാരത്തിൽ നിന്നും മാറ്റുകയും സ്പെഷ്യൽ ഓഫീസർ ഭരണാധികാരം ഏറ്റെടുക്കുകയും ചെയ്തു. 1963–ൽ മാവൂർ പഞ്ചായത്തിൽ ആകെ 6 വാർഡുകളാണ് ഉണ്ടായിരുന്നത്. 1997–ൽ 14 വാർഡും, 2005–ൽ 17 വാർഡും, 2010–ൽ 18 വാർഡും നിലവിൽ വന്നു.

# ഭൗമഘടന

**പ**ഞ്ചായത്തിന്റെ 4 വാർഡുകളിലൂടെ ഒഴുകുന്ന ചെറുപുഴയും 5 വാർഡുകൾ ബന്ധപ്പെട്ടുകൊണ്ടും മലപ്പുറം കോഴിക്കോട് ജില്ലകളെ വേർതിരിക്കുന്നതുമായ ചാലിയാർ പുഴ ബേപ്പൂരിൽ വെച്ച് അറബിക്കടലിൽ ചേരുന്നു. ചെറുപുഴ പഞ്ചായത്തിന്റെ അമ്പായത്തൊടി വെച്ച് ചാലിയാറുമായി സന്ധിക്കുന്നു. ചാലിയാറിന്റെ തെക്കുഭാഗത്ത് മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്താണ് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിന് കിഴക്ക്-തെക്ക് ഒഴുകുന്ന ചാലിയാറിന് നടുവിലായി ഊർക്കടവ് ഭാഗത്ത് പച്ചപ്പോട് കൂടിയ ഒരു തുരുത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് പെരുവയൽ പഞ്ചായത്തും വടക്ക് കിഴക്കായി ചാത്തമംഗലം പഞ്ചായത്തും തെക്ക് കിഴക്കായി ചാലിയാർ പുഴയും മാവൂർ പഞ്ചായത്തിന്റെ അതിർത്തി പങ്കു വെക്കുന്നു. 20.48 ച.കി.മീ ആണ് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം.

ഭൂപ്രകൃതിയനുസരിച്ച് മാവൂർ ഗ്രാമപഞ്ചായത്തിനെ 8 മേഖലകളായി തിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. കുത്തനെയുള്ള ചെരിവ്
3. ചെറു ചെരിവ്
4. ചെരിവ് സമതലം
5. സമതല നിരപ്പ്
6. വെള്ളം കയറുന്ന സ്ഥലം
7. തീരപ്രദേശം
8. ചെറുപുഴ

# 2 പ്രകൃതി ദുരന്തങ്ങളും അതിജീവനവും

## വെള്ളപ്പൊക്കം

**വെ**ള്ളപ്പൊക്കസമയത്ത് കോഴിക്കോട് ജില്ലയിൽ ആദ്യമായി വെള്ളം കയറുന്ന പ്രദേശങ്ങളാണ് മാവൂർ ഗ്രാമപഞ്ചായത്തിലുള്ളത്. 2018–19 വർഷത്തെ വെള്ളപ്പൊക്കത്തിൽ 18 വാർഡുകളിൽ 9 –ാം വാർഡ് ഒഴികെ എല്ലാ വാർഡുകളിലും വെള്ളപ്പൊക്കകെടുതിക്ക് കാരണമായിട്ടുണ്ട്. 2,4,5,15,16 എന്നീ വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകളിൽ ഭാഗികമായും വെള്ളം കയറുകയുണ്ടായി. 2018 ആഗസ്ത് മാസത്തിലുണ്ടായ അതിശക്തമായ മഴയിൽ മാവൂർ പഞ്ചായത്തിലെ വാർഡ് 17 ൽ അരീക്കുഴിയിൽ ഭാഗത്ത് മണ്ണിടിച്ചിൽ ഉണ്ടായത് മൂലം 4 വീടുകൾ പൂർണ്ണമായും തകരുകയും 2 കുട്ടികൾ മരണപ്പെടുകയും ചെയ്തു. വീടുകൾ, സ്ക്കൂളുകൾ, അംഗനവാടികൾ എന്നിവിടങ്ങളിലും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളും ദുരിതാശ്വാസ കേന്ദ്രങ്ങളാക്കി മാറ്റി. ഭക്ഷണം, വസ്ത്രം, മരുന്ന് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. ഒട്ടനവധി നാശനഷ്ടങ്ങൾ സംഭവിച്ച പ്രളയത്തിൽ വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നു. കാർഷിക മേഖലയിൽ വമ്പിച്ച നാശനഷ്ടങ്ങളുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും പരമാവധി നഷ്ടപരിഹാരം ലഭ്യമായിട്ടുണ്ട്.

വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അവസരം ഉണ്ടാവേണ്ടതുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കടമകൾ നിറവേറ്റാൻ ആവശ്യമായ ഉത്തരവുകൾ സർക്കാറിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതുണ്ട്. ഇപ്പോൾ ഗ്രാമപഞ്ചായത്തിൽ ഒരു ദുരന്ത നിവാരണ സേന പ്രവർത്തിക്കുന്നുണ്ട്. ഈ സേനക്ക് ആവശ്യമായ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്.





# കോവിഡ്



**ലോ**കത്തെ പിടിച്ച് കുലുക്കിയ ഒരു മഹാദുരന്തമാണ് കോവിഡ്. ഇപ്പോൾ അതിന്റെ നാലാം ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. മാവൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കോവിഡ് മരണം കോഴിക്കോട് ജില്ലയിൽ ആദ്യം സ്ഥിതീകരിച്ച പഞ്ചായത്താണ് മാവൂർ. രണ്ട് പ്രാവശ്യം ക്രിട്ടിക്കൽ സോണും കണ്ടൈൻമെന്റ് സോണും പ്രഖ്യാപിച്ച ഒരു പഞ്ചായത്താണ് മാവൂർ. ഇവിടെ ജനങ്ങൾ മുക്കാൽ ശതമാനവും കൂലിവേല ചെയ്ത് ജീവിക്കുന്നവരാണ്. മാസങ്ങളോളം ഒരു ജോലിക്കും പോവാതെ മരുന്നിനും ഭക്ഷണത്തിനും വകയില്ലാതെ ബുദ്ധിമുട്ടായ സാഹചര്യം ഓർക്കാനും കൂടി വയ്യ. പെട്ടെന്ന് തന്നെ പഞ്ചായത്ത് ഉണർന്ന് പ്രവർത്തിച്ചു. രാഷ്ട്രീയ ഭേദമന്യെ എല്ലാവരും സഹായിച്ച് കമ്മ്യൂണിറ്റി കിച്ചൺ വഴി ദിവസേന 600 ഭക്ഷണപൊതികൾ രണ്ട് മാസത്തോളം വിതരണം ചെയ്തു. RRT വളണ്ടിയർമാർ മുഖേന രണ്ട് നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് എല്ലാ വീടുകളിലും എത്തിച്ചു കൊടുത്തു. പ്രത്യേകമായി എടുത്തു പറയേണ്ട ഒന്ന് രണ്ട് മാസക്കാലം സൌജന്യ മരുന്ന് വിതരണം നടത്തി. മാവൂരിലെ മുഴുവൻ മെഡിക്കൽ ഷോപ്പുകാരും ഡോക്ടർമാരും സഹകരിച്ചതിന്റെ ഫലമായി നല്ല രീതിയിൽ മരുന്ന് വിതരണം നടത്താൻ സാധിച്ചു. കോവിഡ് സമയത്ത് കിടപ്പിലായ രോഗികളുടെ വീട്ടിൽ ഭക്ഷണവും മരുന്നും ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വീടുകൾ, സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവ വളണ്ടിയർ, സന്നദ്ധപ്രവർത്തകർ മുഖേന സാനിറ്റേഷൻ ചെയ്യാൻ കഴിഞ്ഞു. കോവിഡ് രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ സന്നദ്ധപ്രവർത്തകർ വാഹനം സൗജന്യമായി വിട്ട് നൽകി. ശക്തമായ ഒരു ദുരന്തനിവാരണ സേന രൂപീകരിച്ച് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ കഴിഞ്ഞു. ആരോഗ്യപ്രവർത്തകരുടെ ശക്തമായ പിന്തുണയും ഇടപെടലും നമ്മുടെ പഞ്ചായത്തിൽ കോവിഡ് മഹാമാരിയെ നിയന്ത്രണത്തിൽ കൊണ്ട് വരാൻ സാധിച്ചു. കോവിഡ് വാക്സിനേഷന് വേണ്ടി മാവൂർ അഡീഷണൽ വാക്സിനേഷൻ സെന്റർ, കോവിഡ് കണ്ട്രോൾ റൂം, വാർ റൂം കോവിഡ്

സ്ഥിതിവിവരക്കണക്ക് അപ്പപ്പോൾ രേഖപ്പെടുത്തുന്നതിന് വേണ്ടി ഒരു വെബ്സൈറ്റും തുടങ്ങി. മാനസിക സമ്മർദ്ദം അനുഭവിക്കുന്ന രോഗികൾ ഉൾപ്പെടെ മറ്റ് രോഗികൾക്കും വെർച്വൽ ക്ലിനിക്കിലൂടെ മാവൂരിലെ ഡോക്ടർമാരുടെ സൗജന്യ സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ എല്ലാ മേഖലയിലും സജീവമായി ഇടപെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞെങ്കിലും പഞ്ചായത്തിന്ന് സ്വന്തമായി ഒരു PHC ഇല്ലാത്തതിന്റെ പോരായ്മയും ബുദ്ധിമുട്ടും പലപ്പോഴും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പല പ്രവർത്തനങ്ങളും നീക്കുന്നതിന് തടസ്സമായിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി PHC അനുവദിച്ചു കിട്ടാൻ ബന്ധപ്പെട്ട അധികാരികൾ വേണ്ട നടപടികൾ സ്വീകരിക്കണം.

ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ കോവിഡ് രോഗികളുടെ വീട്ടിൽ ചെന്ന് പരിശോധന നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ മൊബൈൽ ക്ലിനിക്കിലൂടെയും കോവിഡ് രോഗികൾക്ക് ആവശ്യമായ പരിചരണം നൽകാൻ കഴിഞ്ഞു. വീടുകളിൽ താമസിക്കാൻ സൗകര്യം ഇല്ലാത്ത രോഗികൾക്ക് സെന്റ് മേരീസ് സ്കൂളിൽ ഡി.സി.സി തുടങ്ങി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി. കോവിഡ് കാലത്തും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചു.

## കോവിനെറ്റ് വെബ്സൈറ്റ്



കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങളിലേക്കെത്തിക്കാൻ സമഗ്ര വെബ്സൈറ്റായ കോവിനെറ്റ് മാവൂർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി. കോവിഡ് കാലഘട്ടത്തിൽ അതിനുതകുന്ന രീതിയിൽ എല്ലാ വിവരങ്ങളും ഉൾകൊള്ളുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്.

| MCH UNIT CHERUPPA - COVID 19 DAILY REPORT Date : 24/01/22 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| WARD | TOTAL POSITIVE | NEW POSITIVE | DISCHARGE | ACTIVE CASE | HOME | GOVT INSTITUTION | PVT INSTITUTION | NEW QUARANTINE | QUARANTINE RELEASE | BALANCE QUARANTINE |
| 1 | 238 | 2 | 0 | 4 | 4 | 0 | 0 | 5 | 0 | 10 |
| 2 | 238 | 1 | 0 | 13 | 13 | 0 | 0 | 2 | 0 | 33 |
| 3 | 188 | 1 | 0 | 11 | 11 | 0 | 0 | 2 | 0 | 26 |
| 4 | 218 | 0 | 0 | 2 | 2 | 0 | 0 | 0 | 0 | 6 |
| 5 | 194 | 0 | 3 | 5 | 5 | 0 | 0 | 0 | 10 | 9 |
| 6 | 219 | 0 | 0 | 2 | 2 | 0 | 0 | 0 | 0 | 6 |
| 7 | 223 | 0 | 1 | 6 | 6 | 0 | 0 | 0 | 2 | 14 |
| 8 | 374 | 0 | 0 | 4 | 4 | 0 | 0 | 0 | 0 | 13 |
| 9 | 374 | 1 | 0 | 10 | 10 | 0 | 0 | 3 | 0 | 22 |
| 10 | 211 | 0 | 0 | 8 | 8 | 0 | 0 | 0 | 0 | 20 |
| 11 | 232 | 0 | 0 | 6 | 6 | 0 | 0 | 0 | 0 | 14 |
| 12 | 211 | 1 | 0 | 5 | 5 | 0 | 0 | 2 | 0 | 12 |
| 13 | 129 | 2 | 0 | 9 | 9 | 0 | 0 | 4 | 0 | 23 |
| 14 | 228 | 0 | 0 | 4 | 4 | 0 | 0 | 0 | 0 | 11 |
| 15 | 115 | 0 | 0 | 3 | 3 | 0 | 0 | 0 | 0 | 6 |
| 16 | 181 | 0 | 0 | 4 | 4 | 0 | 0 | 0 | 0 | 8 |
| 17 | 248 | 0 | 0 | 3 | 3 | 0 | 0 | 0 | 0 | 8 |
| 18 | 334 | 0 | 2 | 11 | 10 | 1 | 0 | 0 | 5 | 27 |
| **TOTAL** | **4155** | **8** | **6** | **110** | **109** | **1** | **0** | **18** | **17** | **268** |

# 3 വികസന നയവും തന്ത്രവും

## കൃഷിയും ജലസേചനവും



### നെൽകൃഷി

**ക**വണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ വരവോട് കൂടി നെൽവയലുകളുടെ ജലവിതാനം വർദ്ധിപ്പിക്കുകയും ജലനിർഗ്ഗമന സംവിധാനം തകരാറിലാവുകയും ചെയ്തതിനാൽ കണ്ണിപറമ്പ് പള്ളിയോൾ പാടശേഖരം ഏതാണ്ട് മുഴുവനായും അക്ഷരാർത്ഥത്തിൽ വെള്ളത്തിലാവുകയും നെൽകൃഷി ചെയ്ത് വരുന്ന നെൽവയലുകളിൽ വെള്ളക്കെട്ട് നിയന്ത്രിക്കാൻ കഴിയാതെ അതീവ ഗുരുതരമായിത്തീരുകയും ചെയ്തു. ഗ്രാസിം വ്യവസായശാല അടച്ചതോട് കൂടി ജോലി നഷ്ടപ്പെട്ട തൊഴിലാളികൾ അധികവും നേന്ത്രവാഴകൃഷിയിലേക്ക് തിരിയുകയും വാഴകൃഷി അവർക്ക് ഒരു അത്താണിയായിത്തീരുകയും ചെയ്തു. എന്നാൽ വർദ്ധിച്ച വെള്ളപ്പൊക്കം കർഷകത്തൊഴിലാളികളുടെ അഭാവവും ഭാരിച്ച കൂലിച്ചെലവും വാഴകൃഷികളുടെ കടന്നുകയറ്റവും നമുക്ക് മുൻകാലങ്ങളിലുണ്ടായിരുന്ന മുന്നൂറ് ഹെക്ടറോളം വരുന്ന നെൽകൃഷി 22 H to 44 H ആയി ചുരുങ്ങി എന്നത് ഒരു യാഥാർത്ഥ്യമാണ്.

മാവൂർ പാടശേഖരത്തിലും ചാലിപ്പാടം, പുഞ്ചപ്പാടം പാടശേഖരത്തിലും നെൽകൃഷി നല്ല രീതിയിൽ ചെയ്തു വരുന്നതും എടുത്തുപറയേണ്ടതാണ്. കർഷകർ പുതിയ സങ്കരയിന വിത്തുകളും നൂതന ശാസ്ത്രീയ കൃഷി പരിചരണമുറകളും കാർഷികയന്ത്രങ്ങളും കൃഷിയിൽ ഉപയോഗിക്കുന്നതിനാൽ നെൽകൃഷിയുടെ ഉൽപാദനം 2800 G to 3500 G യിൽ നിന്നും 3500 G to 3850 kg/H ൽ എത്തിയിരിക്കുന്നു. കൂടാതെ നാടൻ പരമ്പരാഗത വിത്തുകളും ബിരിയാണി നെൽവകഭേദങ്ങളും കൃഷി ചെയ്യുന്നതിനാൽ പരമ്പരാഗത വിത്തുകളുടെ സംരക്ഷണത്തിനൊപ്പം കൃഷിവകുപ്പിന്റെയും മാവൂർ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനാലും നെൽകൃഷി ലാഭകരമായി നിലനിൽക്കുന്നു.

കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് മൂലമുള്ള വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനുള്ള പല പദ്ധതികളും പല ഘട്ടങ്ങളായി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഒന്നും തന്നെ ഇത് വരെ നടപ്പിലായിട്ടില്ല എന്നതും കർഷകരെ ദുരിതത്തിലാക്കുന്നു.

മാവൂർ പാടശേഖരത്തിലെ ഒട്ടുമുക്കാൽ പ്രദേശവും മാവൂർ ഗ്രാസിം കമ്പനിയുടെ കൈവശത്തിലായതിനാൽ അവിടെ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ തലത്തിലുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുന്നു. നെൽകൃഷി മേഖലയിലേക്ക് കൂടുതൽ യുവ കർഷകരെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളും പരിപാടികളും പരിപൂർണ്ണ യന്ത്രവൽക്കരണവും നടപ്പിലാക്കുകയും ഈ മേഖലയിൽ ചില ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ വരുകയും ചെയ്താൽ നെൽകൃഷിയിൽ ഒരു പുത്തൻ ഉണർവുണ്ടാവുമെന്നതിൽ ഒരു തർക്കവുമില്ല. വാലുമ്മൽ വി.സി.ബിക്ക് മെക്കാനിക്കൽ ഷട്ടർ, പുനത്തിൽ തോടിന് മെക്കാനിക്കൽ ഷട്ടറും തോട് നവീകരണവും നടത്തിയാൽ നെൽ കൃഷി കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. കൂടുതൽ യുവ കർഷകരെ നെൽ കൃഷിയിലേക്ക് കൊണ്ട് വരാനും കൃഷി നാശം സംഭവിക്കുന്നത് തടയാനും സാധിക്കും. ചെറൂപ്പ മേഖലയിലെ മണക്കാട്ട് പാടം, വളയന്നൂർ പുഞ്ചപ്പാടം കടയാംതോട്, പെരുവയൽ പുഞ്ചപ്പാടം പദ്ധതി പൂർത്തീകരിച്ചാൽ കാർഷിക മേഖലക്ക് പുത്തൻ ഉണർവുണ്ടാക്കാൻ സാധിക്കുന്നതാണ്.

## തെങ്ങ്



**ക**ഴിഞ്ഞ 25 വർഷത്തിനുള്ളിൽ നമ്മുടെ തെങ്ങ് കൃഷി 975 ഹെക്ടറിൽ നിന്നും 1155 ഹെക്ടറിലേക്ക് ഉയരുകയും ജനകീയാസൂത്രണ പദ്ധതിപ്രവർത്തനവും മറ്റും കൃഷി വകുപ്പ് പദ്ധതികളുടെയും ഫലമായി തെങ്ങിന്റെ ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയിലെന്നുള്ള ആശാവഹമായ പുരോഗതിയിലാണെങ്കിലും ഉൽപാദനക്ഷമതയിലും ഉൽപാദനത്തിലും നാം ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ടെന്ന് തരുണത്തിൽ പ്രത്യേകം വിലയിരുത്തേണ്ടതാണ്.

നമ്മുടെ തെങ്ങുകൃഷിയിൽ സിംഹഭാഗവും പ്രയാധിക്യം മൂലം ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകളെയാണ് ആശ്രയിക്കുന്നത്. അത് കൊണ്ട് തന്നെ നാം തെങ്ങു കൃഷിയുടെ പുനരുദ്ധാരണ പ്രവർത്തിയോടൊപ്പം പ്രായാധിക്യം മൂലവും രോഗം മൂലവും ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കൃഷി ചെയ്യുവാൻ ബദ്ധശ്രദ്ധ പുലർത്തേണ്ടതും കൃഷിയിൽ നൂതന ശാസ്ത്രീയ കൃഷി പരിചരണ മുറകളും സർവ്വോപരി സുസ്ഥിരവികസന പദ്ധതി നടപ്പിലാക്കുകയും നാളികേര ഉൽപന്ന വൈവിധ്യവൽക്കരണവും തേങ്ങ അതിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളും പഞ്ചായത്തിൽ തുടങ്ങേണ്ടതിന് മുൻഗണന നൽകേണ്ടതും അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലെ കുന്നിൻ ചെരുവുകളിൽ കൃഷി ചെയ്യുന്ന തോട്ടങ്ങൾ പുനരുദ്ധരിക്കാൻ ജലസേചനസൗകര്യവും മേന്മയുള്ള തെങ്ങിൻതൈകളും ശാസ്ത്രീയ വളപ്രയോഗങ്ങളുമടങ്ങിയ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം തെങ്ങിൻ തോട്ടങ്ങളിലെ മിനിമം വിനിയോഗം നടത്തിയതും മുഴുവനായും വിനിയോഗിക്കാത്തതുമായ സ്ഥലത്ത് ഇടവിളയായി ഭക്ഷ്യവിളകളും സുഗന്ധവിളകളും

കൃഷി ചെയ്യുകയാണെങ്കിൽ കർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനോടൊപ്പം ഭക്ഷ്യ സുരക്ഷയെന്ന പഞ്ചായത്തിന്റെ ഭാരിച്ച ഉത്തരവാദിത്വം ഒരു പരിധിവരെ പൂർത്തീകരിക്കാൻ സാധിക്കുമെന്നത് നിസ്സംശയം പറയാം. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരഗ്രാമം പദ്ധതിയിൽ 2000 നല്ലയിനം കുറ്റ്യാടി തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുന്നതോട് കൂടി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## നേന്ത്രവാഴകൃഷി



**മാ**വൂർ ഗ്രാസിം കമ്പനി അടച്ചു പൂട്ടിയതിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ഒട്ടനവധി തൊഴിലാളികളെയും അനുബന്ധ തൊഴിൽ മേഖലയിൽ വ്യാപരിച്ചിരിക്കുന്ന ആളുകളെയും ഒരു തൊഴിൽ മേഖല എന്ന നിലയിൽ നിലനിർത്തിയതും ജീവിത പ്രതിസന്ധിയെ പിടിച്ചുനിൽത്തിയതും വാഴകൃഷിയാണ്. അത് ഇപ്പോഴും തുടരുന്നു എന്നതും ശ്രദ്ധേയമാണ്.

നമ്മുടെ വാഴകൃഷി നിലവിൽ 84 ഹെക്ടറിൽ നിന്നും 120 ഹെക്ടറിൽ വളർന്നിരിക്കുന്നു എന്നത് കാർഷിക മേഖലയിലെ നമ്മുടെ വളർച്ചയെ എടുത്തു പറയേണ്ടതാണെങ്കിലും നമ്മുടെ നെൽകൃഷി വാഴകൃഷി കടന്നുകയറ്റത്തെ തുടർന്ന് വളരെയധികം പരിമിതപ്പെടുകയും നെൽവയലുകളുടെ പരിവർത്തനത്തിന് ആക്കം കൂട്ടുകയും തന്മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നത് ആശങ്കാജനകമായ വസ്തുതയാണ്.

വാഴകൃഷിയുടെ പ്രത്യേകിച്ചും നേന്ത്രവാഴകൃഷിയുടെ ഉൽപാദനം ശാസ്ത്രീയമായ രീതികളും പരിചരണമുറകളും പിൻതുടരുന്നതിനാൽ സംസ്ഥാന ശരാശരിയിൽ നിന്ന് ഒരു പടി മുന്നിലാണ്. എന്നാൽ ഇത്രയും കൂടുതൽ ഉൽപാദനം നാം നടത്തുന്നുണ്ടെങ്കിലും വാഴക്കുലയുടെ വില സ്ഥിരത ഉറപ്പിക്കുന്നതിനുള്ള നേന്ത്രവാഴകൃഷി അധിഷ്ഠിതമായ ഉൽ പന്ന വൈവിധ്യവൽക്കരണവും ഉപോൽപന്ന നിർമ്മാണവും കയറ്റുമതി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല എന്നത് കർഷകരെ സംബന്ധിച്ചിടത്തോളം അതീവ നിരാശജനകമാണ്. ഇത് പരിഹരിക്കാനാവശ്യമായ പദ്ധതികൾ ഈ പദ്ധതിക്കാലയളവിൽ ഉൾപ്പെടുത്തുന്നതാണ്.

2018 മുതൽ 2021 വരെയുള്ള വർഷത്തിൽ നാം ഇത്രയും കണാത്ത തരത്തിലുള്ള കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള വെള്ളപ്പൊക്കവും പകർച്ചവ്യാധികളും വാഴകർ ഷകരെ സാമ്പത്തികമായി നട്ടുവൊടിക്കുകയും കടക്കെണിയിൽ ആഴ്ത്തിയിരിക്കുകയുമാണ്. വാഴക്കുലയുടെ വിപണനത്തിൽ VFPCK യും മറ്റു സർക്കാർ സംവിധാനങ്ങളും ക്രിയാത്മകമായി ഇടപെടുന്നുണ്ടെങ്കിലും, സർക്കാർ സംവിധാനങ്ങൾ ഒരു സംഭരണ വിപണന കേന്ദ്രം എന്നതിലുപരിയായി ഒരു സംസ്കരണ വിപണന കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെടേണ്ടതും അതിന് തദ്ദേശ സ്വയംഭരണ,സ്ഥാപനങ്ങളുടെ ശക്തമായ ഇടപെടൽ അനിവാര്യമാണ്. നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കോൾഡ് സ്റ്റോറേജ് സൗകര്യമുൾപ്പെടെ എല്ലാ കാർഷിക പദ്ധതികളും സംരഭങ്ങളും നമ്മുടെ പഞ്ചായത്തിൽ നടപ്പിൽ വരുത്തുവാൻ കർഷകസംഘങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനവും മറ്റു സഹായങ്ങളും നൽകുന്നതിനുള്ള ഒരു കാർഷിക–കാർഷികേതര സംരംഭകത്വ വികസന നയം രൂപീകരിച്ച് നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത ഇവിടെ എടുത്തു പറയേണ്ടതാണ്.

## കിഴങ്ങുവർഗ്ഗകൃഷി





**കി**ഴങ്ങുവർഗ്ഗ കൃഷി നമ്മുടെ പഞ്ചായത്തിൽ കാര്യമായി ചെയ്തിരുന്നില്ലെങ്കിലും അടുത്ത കാലത്തായി സർക്കാറിന്റെ ഭക്ഷ്യ സുരക്ഷ നയത്തിൽ ജനകീയാസൂത്രണ പദ്ധതി വഴിയും കേന്ദ്രസംസ്ഥാന വകുപ്പിന്റെ പദ്ധതികൾ പ്രകാരവും കർഷകർക്ക് ഇത്തരം കൃഷി ചെയ്യുന്നതിന് പല ആനുകൂല്യങ്ങൾ നൽകുന്നതിനാൽ കിഴങ്ങുവർഗ്ഗ കൃഷി 32 ഹെക്ടർ വരെ എത്തി എന്നുള്ളത് എടുത്തുപറയേണ്ടതും അഭിമാനകരവുമാണ്. എന്നാൽ ഇത്തരം ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ കാര്യമായ ഇടപെടൽ സർക്കാർ തലത്തിലും അല്ലാതെയും കാര്യക്ഷമമല്ലാത്തതിനാൽ കർഷകരുടെ ഉൽ പന്നങ്ങൾക്ക് മാന്യമായ വില ഉറപ്പാക്കുവാൻ സാധിക്കുന്നില്ല എന്നുള്ളത് അതീവദു:ഖകരവും വിമർശനാത്മകവുമാണ്.

ഇത്തരം സന്ദർഭങ്ങളിലാണ് നമ്മുടെ കിഴങ്ങുവർഗ്ഗങ്ങളും ഉൽപന്ന വൈവിധ്യ വൽ ക്കരണത്തിനുതകുന്ന തരത്തിലുള്ള സംരഭങ്ങൾ പഞ്ചായത്ത് തലത്തിൽ വരേണ്ടതിന്റെയും സമാന മേഖലയിൽ സംരംഭകത്വ പരിശീലനവും സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന സർക്കാർ യൂണിവേഴ്സിറ്റികളുടെയും വിവിധ സർക്കാർ റിസർച്ച് സ്ഥാപനങ്ങളുടേയും മറ്റു സർക്കാർ സംവിധാനങ്ങളുടെയും ഏകോപനം സാക്ഷാത്കരിക്കുവാൻ സാധിക്കുമ്പോഴാണ് ഒരു പഞ്ചായത്ത് തല കമ്മിറ്റിയുടെ ആവശ്യകത നിർണ്ണായകമാക്കുന്നത്.

## സുഗന്ധ വിളകൾ

മാവൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിൽ സുഗന്ധവിളകൾ കൃഷിയുടെ വിസ്തൃതിയിൽ കുറവാണെങ്കിലും കാര്യമായ ഒരു സ്വാധീനം ചെലുത്തിയിരുന്നു എന്നതിൽ തർക്കമില്ല. നമ്മുടെ പ്രധാനവിളയായ തെങ്ങിൻ തോപ്പിലെ ഇടവിളയായി ഇഞ്ചി, കുരുമുളക്, മഞ്ഞൾ, ജാതി മുതലായ വിളകൾ നാം കൃഷി ചെയ്തു വരുന്നെങ്കിലും ഇതിൽ കുരുമുളക്, ഇഞ്ചി എന്നിവ രോഗം മൂലവും തുടർച്ചയായ വെള്ളപ്പൊക്കം മൂലവും നിലവിൽ ഗണ്യമായി കുറഞ്ഞു പോകുകയും, എന്നാൽ മാവൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരവും മറ്റു കേന്ദ്ര സർക്കാരുടെ കാർഷിക പദ്ധതികളുടെ കൃഷിഭവൻ മുഖേനയുള്ള സംയോജിത ഇടപെടൽ മൂലവും മഞ്ഞൾ കൃഷി കൂടുതൽ വിസ്തൃതി പ്രാപിച്ചു എന്നത് ആശ്വാസകരമായ വസ്തുതയാണ്.

## പച്ചക്കറി കൃഷി

കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് നാം പച്ചക്കറി കൃഷിയിൽ വളരെയധികം മുന്നിലാണെന്നുള്ളത് പ്രതീക്ഷക്ക് വക നൽകുന്നതാണ്. മാവൂർ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതികളും സംസ്ഥാനസർക്കാറിന്റെ പച്ചക്കറി വികസന പദ്ധതികളും വിജയകരവും ഫലപ്രദമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിൽ

പഞ്ചായത്തും കൃഷിഭവനും സമയോചിത പ്രവർത്തനങ്ങൾ നടത്തി വരുന്നതിൽ നമ്മുടെ പച്ചക്കറി കൃഷി വളർച്ചയുടെ പാതയിലാണെന്നുള്ളത് ശ്രദ്ധേയമാണ്.

മാവൂർ കൃഷിഭവന്റെ കീഴിൽ പഞ്ചായത്തിന്റെ പച്ചക്കറി മേഖലയായ ഒന്നാം വാർഡും രണ്ടാം വാർഡും കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ചാലിപ്പാടം പുഞ്ചപ്പാടം എന്ന പേരിൽ ഒരു എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററും ആയതിനോട് ബന്ധപ്പെട്ട് മറ്റു കർഷകരുടെ ഗ്രൂപ്പുമായി ഒരു പച്ചക്കറി ക്ലസ്റ്റർ കൃഷി പദ്ധതിയും പഞ്ചായത്തിലെ മറ്റിടങ്ങളിലെ കർഷകർക്കായി സ്റ്റാൻഡേർഡ് പച്ചക്കറി കൃഷി പദ്ധതി വഴിയും ആനുകൂല്യങ്ങൾ നൽകി വരുന്നു. എ ഗ്രേഡ് സ്റ്റാഫ് കൃഷി വകുപ്പ് പദ്ധതിയിൽ ക്ലസ്റ്ററിന്റെ ഭാഗമായി മാവൂർ കൃഷിഭവന്റെ പരിസരത്ത് ഒരു പച്ചക്കറി മാർക്കറ്റും എക്കോഷോപ്പും ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക താൽപര്യത്തിൽ പൂർത്തീകരിച്ചു വരുന്നതും VFPCK യുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ശുഭസൂചകമാണ്.

ഇങ്ങിനെയൊക്കെ ആണെങ്കിലും നമ്മുടെ പഞ്ചായത്തിലെ പച്ചക്കറി കൃഷിയുടെ ഉൽപാദന വർദ്ധനവ് മെച്ചപ്പെടുത്തുന്നതിന് നാം ഒരു വികസന നയം രൂപീകരിച്ച് നടപ്പിലാക്കേണ്ടത് ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ എല്ലാ വീടുകളിലും പച്ചക്കറി തൈ വിതരണം ചെയ്ത പദ്ധതി മാതൃകാപരമായിരുന്നു.

വേനൽക്കാല പച്ചക്കറിയുടെയും മഴക്കാല പച്ചക്കറിയുടെയും സാധ്യത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ പച്ചക്കറി മേഖലയെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള ഒരു സമഗ്ര പാക്കേജ് നടപ്പിലാക്കുകയും ഇടവിളയായും വീട്ടു വളപ്പിലെ കൃഷിയായും പഞ്ചായത്തിൽ ഉടനീളം നടപ്പിലാക്കുകയാണെങ്കിൽ പച്ചക്കറി കൃഷിയിൽ നാം വേറിട്ടൊരു ചരിത്രം കുറിക്കുമെന്നതിൽ ഒരു തർക്കവുമില്ല.



# മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം



**മാ**വൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ കർഷകർക്ക് 2021 ഏപ്രിൽ, മേയ്, ജൂൺ മാസത്തിനുള്ളിൽ പാലിന് അധിക വില നൽകുന്നതിന് ഒരു വലിയ തുക നീക്കി വെച്ചത് മാതൃകാപരമായിരുന്നു. 2019-20 വർഷം 169 കൃഷിക്കാർക്ക് ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ആകെ 8 ലക്ഷം രൂപ കിട്ടിയത് നല്ല ഗുണം ചെയ്തിട്ടുണ്ട്. മാവൂർ പഞ്ചായത്ത് ക്ഷീരഗ്രാമമായി പ്രഖ്യാപിക്കത്തക്ക വിധം 14ാം പഞ്ചവത്സര പദ്ധതിയിൽ വേണ്ട ഊന്നൽ നൽകണം. മാവൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ 2020-21 വർഷത്തെയും 2019-20 വർഷത്തെയും ഭരണ റിപ്പോർട്ട് ക്ലാസ്സ് V ആക്കിയിട്ടുണ്ട്. പാൽവർദ്ധനവ് ഉണ്ടാകണമെങ്കിൽ എല്ലാവരുടെയും വീട്ടിൽ ഒരു കറവ പശു തന്നെയെങ്കിലും ഉണ്ടാകണം. 2017 ൽ ദിവസം 130 ലിറ്റർ പാൽ ഉണ്ടായിരുന്ന സംഘത്തിൽ ഇപ്പോൾ 1300 ലിറ്റർ പാൽ ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിന്ന് കാര്യമായ സഹായം ചെയ്തു തന്നത് കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ആണ്. ഈ ബേങ്കിന്റെ പ്രവർത്തന പരിധി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്താണ്. . നമ്മുടെ ക്ഷീര സംഘത്തിൽ മാവൂർ പഞ്ചായത്താണ് പ്രവർത്തന പരിധി. 1263 മെമ്പർ മാരും 71940 രൂപ ഓഹരി മൂലധനവുമായി വർദ്ധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ മെമ്പർ

ഷിപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.  217 കറവ കൃഷിക്കാർ ഉണ്ടായിരുന്നതിൽ വർദ്ധനവ് വന്ന്  കൊണ്ടെയിരിക്കുന്നു.

200 ഏക്കർ നെൽവയൽ ആയക്കെട്ടായി നടപ്പാക്കിയ കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തന പരിധിയിൽ ചുരുക്കം ആളുകളുടെ  മൂന്നരേക്കർ നെൽവയലിൽ മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ.  ബാക്കി വരുന്ന വയൽ ഭാഗം നേന്ത്രവാഴകൃഷിക്ക് പാട്ടത്തിന് കൊടുത്ത പ്രദേശമായി മാറിയിരിക്കുകയാണ്.  നേന്ത്രവാഴകൃഷിക്കാരുടെ കളനാശിനി കീടനാശിനി പ്രയോഗം വലിയ ആപത്തായി മാറിയിരിക്കുന്നു.  വെള്ളനൂർ ലിഫ്റ്റ് ഇറിഗേഷൻ പരിധിയിൽ വന്ന നെൽകൃഷിയുടെ വളർച്ച കണ്ണിപറമ്പ ഇറിഗേഷൻ പരിധിയിലും ഉണ്ടാക്കാൻ കാര്യമായ ഇടപെടലും ആവശ്യമാണ്

മാവൂർ പഞ്ചായത്തിൽ  കന്നുകാലി സമ്പത്ത് വർദ്ധിക്കുകയും,കുളമ്പ് രോഗ കുത്തിവെയ്പിൻെറ എണ്ണം കൂട്ടുകയും, മുട്ട ഉദ്പാദനത്തിൽ സ്വയം പര്യാപ്തതനേടുകയും കോഴികളുടെ എണ്ണം ഗണ്യമായി കൂട്ടുകയും ചെയ്തു.

നിലവിൽ ആട്  –990,കോഴി –18750, താറാവ്– 539,എരുമ – 43,പശു – 788 ഉണ്ട്.

മാവൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭിന്നശേഷിക്കാർക്ക് സ്വയം പര്യാപ്തതയ്ക്ക് വേണ്ടി കോഴി കുഞ്ഞുങ്ങൾ നൽകിയ പദ്ധതി പുതിയ കാൽവെയ്പ്പാണ്.

- 2020–21 ൽ ഉണ്ടായ പ്രളയത്തിൽ 2 കിടാരികളെ നഷ്ടപ്പെട്ടവർക്ക് 10,000 രൂപ വീതം സൗജന്യമായി നൽകി.
- പ്രകൃതി ദുരന്തത്തിൽ കന്നുകാലികൾ ചത്തുപോയ കർഷർക്ക് 16,400 രൂപ വീതം ഡിപ്പാർട്ട്മെന്റ് ഫണ്ട് വഴി ലഭ്യമാക്കി.
- മരുന്നുകളും മറ്റും സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുക വഴി കർഷകരുടെ ചെലവ് കുറക്കാൻ സഹായകരമായി.
- പകർച്ചവ്യാധികളായ തൈലേറിയ, കുളമ്പ് രോഗം എന്നിവക്കുള്ള സൗജന്യ പ്രതിരോധ കുത്തിവെപ്പുകളും മരുന്നുകളും ലഭ്യമാക്കുന്നുണ്ട്.
- വർഷാവർഷം കോഴിവസന്ത, ആട്ടവസന്ത എന്നിവക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.  അതോടൊപ്പം ഈ രോഗങ്ങൾക്കെതിരെ സൗജന്യമായും സമയബന്ധിതമായുമുള്ള കുത്തിവെപ്പുകൾ ആട്, പശു, കോഴി, പോത്ത് എന്നിവയുടെ നിലനിൽപ്പിന് തന്നെ വളരെ സഹായകമായി മാറി.

## വികസന കാഴ്ചപ്പാട്

- കാലിത്തീറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- പാലിന്റെ വില കൂട്ടുക.
- പാൽ ഇൻസെന്റീവ് കൂട്ടുക.
- പശുവളർത്തലിൽ യുവകർഷകരെ ആകർഷിക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുക.

## ലക്ഷ്യങ്ങൾ

- സ്ഥലപരിമിതിയുള്ള ആളുകൾക്ക് ടെറസ്സിന്റെ മുകളിൽ ചെയ്യാവുന്ന പദ്ധതിയാണ് കോഴിവളർത്തൽ. അതിലൂടെ ഇറച്ചി, മുട്ട എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഉതകുന്ന രീതിയിൽ ആളുകളെ പ്രാപ്തരാക്കാൻ സഹായിക്കുകയും ചെയ്യും.
- വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ താറാവ് കൃഷി, മത്സ്യകൃഷി എന്നിവ പരിപോഷിക്കുക.
- മരുന്ന് ലഭ്യമാക്കൽ എന്ന പദ്ധതിയിൽ കൂടുതൽ തുക മാറ്റിവെച്ച് കർഷകർക്ക് വേണ്ട എല്ലാ മരുന്നുകളും മൃഗാശുപത്രിയിൽ ഉറപ്പ് വരുത്തുക.
- പോത്തുകുട്ടി പരിപാലന സ്കീം വഴി താൽപര്യമുള്ള കർഷകർക്ക് പകുതി വിലക്ക് പോത്തുകുട്ടി ലഭ്യമാക്കുക. ഇതുവഴി നമ്മുടെ പഞ്ചായത്തിൽ ഇറച്ചിയുടെ ലഭ്യത ഉറപ്പാക്കുക.
- ഉന്നത നിലവാരമുള്ള പാലുല്പന്നങ്ങൾ ലഭിക്കാനും വളരെ പരിരക്ഷ വേണ്ട പശുക്കൾക്കും ധാതുലവണ മിശ്രിതം വർഷം മുഴുവൻ സൗജന്യമായി ലഭ്യമാക്കണം.

# <u>സമ്പൂർണ്ണ ശുചിത്വം</u>




**സം**സ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും വിവിധ സ്വകാര്യ-സർക്കാർ ഏജൻസികളുടെയും സംയുകതാഭിമുഖ്യത്തിലും സഹായത്തോടെയുമാണ് ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നത്. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസൃതമായി മാലിന്യശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്നും വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

"എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന പൊതു തത്വത്തെ സാമൂഹ്യബോധം ആക്കി മാറ്റുകയും പൊതുസംസ്കരണ സംവിധാനം ആവശ്യമായ അജൈവമാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റു സർക്കാർ ഏജൻ സികളുടെയും സ്വകാര്യ സംവിധാനങ്ങളുടെയും സഹായത്തോടെയാണ് വിപുലമായ സംസ്കരണ സംവിധാനങ്ങൾ രൂപപ്പെടുകയും ചെയ്യുക എന്ന രീതിയാണ് മാലിന്യസംസ്കരണ രംഗത്ത് സർക്കാർ അനുവർത്തിക്കുന്നത്. വെള്ളം, വൃത്തി, വിളവ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തനം നടത്തി വരുന്ന ഹരിത കേരളം മിഷൻ, ശുചിത്വ

പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്ന ശുചിത്വ മിഷൻ, ദാരിദ്ര്യലഘൂകരണവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പു വരുത്തുന്നതിന് വേണ്ടി പ്രവർത്തിച്ചു വരുന്ന ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ, റഗുലേറ്ററി അതോറിറ്റിയായ കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെയാണ് ഹരിത കർമ്മസേന പ്രവർത്തനം നടത്തുന്നത്.

15/07/17-ലെ സ.ഉ(സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് ഹരിതകർമ്മ സേന രൂപീകരികരിച്ചത്. കുടുംബശ്രീ അംഗങ്ങളിൽ നിന്നാണ് ഹരിത കർമ്മസേന അംഗങ്ങളെ തെരെഞ്ഞെടുക്കുന്നത്. 18 വാർഡുകളിൽ നിന്നായി ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് എം.സി.എഫ് ൽ സൂക്ഷിച്ചു വെക്കുന്നു. എം.സി.എഫ് ൽ നിന്നും കൃത്യമായ ഇടവേളകളിൽ ശേഖരിച്ച പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണത്തിനുള്ള വരുമാനമാക്കുന്നത് ഉപയേക്താക്കളിൽ നിന്നും ലഭിക്കുന്ന യൂസർഫീ ആണ്. യൂസർഫീ ആയി ഓരോ വീടുകളിൽ നിന്നും 50 രൂപയും ഷോപ്പുകളിൽ നിന്ന് 100 രൂപയും ഈടാക്കുന്നു. ഹരിതകർമ്മ സേന അംഗങ്ങളുടെ പരിശീലന പരിപാടികളുടെ ചുമതല കുടുംബശ്രീ മിഷനാണുള്ളത്.

1. 2017-18 സമഗ്ര മാലിന്യ സംസ്കരണം 150 ബയോബിൻ വിതരണം ചെയ്തു.
2. 2017-18 അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ എന്ന പദ്ധതി പ്രകാരം നിറവിന് നൽകി പൂർത്തീകരിച്ചു.
3. 2018-19 സാമ്പത്തിക വർഷത്തിൽ സമഗ്ര മാലിന്യ സംസ്കരണം റിംഗ് കമ്പോസ്റ്റ് 190 ഗുണഭോക്താക്കളെ കണ്ടെത്തി ആയത് പൂർത്തീകരിച്ചു.
4. 2018-19 പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ട് പോകൽ വകയായി Rs. 50,000/- രൂപ ചെലവഴിച്ചു.
5. 2018-19 ഹരിതകർമ്മസേനക്ക് ശമ്പളം നൽകുന്നതിനായി (VGF) 33 പേർക്ക് 3,07,045/- രൂപ ചെലവഴിച്ചു.
6. ഹരിതകർമ്മസേനക്ക് VGF നായി 13860 രൂപ ചെലവഴിച്ചു.
7. ശുചിത്വമാലിന്യ പ്രോജക്ടിന്റെ ഭാഗമായി ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്തതിൽ 500,000/- ചെലവഴിച്ചു ( 500 പേർക്ക്).
8. ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് നൽകുന്നതിന്റെ ഭാഗമായി 11 പേർക്ക് 12,000/- രൂപ വീതം നൽകി.

9. 2021–22 കാലയളവിൽ വെച്ച് ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് നിർമ്മാണം പദ്ധതി പുരോഗമിക്കുന്നു.
10. ടോയ് ലറ്റ് മെച്ചപ്പെടുത്താൻ പ്രോജക്ട് ഫീൽഡ് തല പരിശോധന പൂർത്തിയായി വരുന്നു.
11. ഹരിത കർമ്മസേനക്ക് VGF. ഇതിൽ 2,57,700/– ചെലവഴിച്ചു.
12. 2019–20 ലെ ഹരിതകർമ്മസേന (VGF) 208,800/– രൂപ വേതനം നൽകുന്നതിനായി ചെലവഴിച്ചു. 42,000/– രൂപ യൂസർഫ്രീ ഇനത്തിൽ കുടുംബശ്രീ മുഖേന ചെലവഴിച്ചു.

    ശുചിത്വ മേഖലയിൽ ഹരിതകർമ്മസേനയുടെ നേതൃത്തിൽ എം.സി.എഫ് പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 36 ഹരിതകർമ്മ സേനാംഗങ്ങൾ ഉണ്ട്. 2021–22 ൽ എം.സി.എഫ് ൽ നിന്നുളള മുഴുവൻ മാലിന്യങ്ങളും തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

    ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റിംഗ് കമ്പോസ്റ്റ്, ബയോബിൻ, ഇൻസിനറേറ്റർ, തുമ്പൂർമുഴി, കളക്ടേഴ്സ് അറ്റ് സ്ക്കൂൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, എം.സി.എഫ് വിപുലീകരണവും ആധുനീകരണവും, ബയോഗ്യാസ് പ്ലാന്റ് എന്നിവ ഉൾപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ഊർജ്ജം

മാവൂർ ഗ്രാമപഞ്ചായത്തിന് കീഴിലുളള വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ് അടിസ്ഥാനത്തിലുളള വിശദാംശയങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | താരിഫ് | ഫേസ് | എണ്ണം |
|---|---|---|---|
| 1) | ഗാർഹികം | സിംഗിൾ | 8049 |
| | | ത്രീ | 109 |
| 2) | കാർഷികം | സിംഗിൾ | 141 |
| | | ത്രീ | 11 |
| 3) | വ്യവസായം | സിംഗിൾ | 1730 |
| | | ത്രീ | 33 |
| 4) | വ്യാപാരം | സിംഗിൾ | 4 |
| | | ത്രീ | 60 |

സ്ട്രീറ്റ് ലൈറ്റുകൾ

മീറ്റർ ഘടിപ്പിച്ചവ : 24 എണ്ണം

മീറ്റർ ഘടിപ്പിക്കാത്തവ : 1206 എണ്ണം (നിലാവ്-450, മറ്റുളളവ-756)

ട്രാൻസ്ഫോർമറുകള് : 56 എണ്ണം

സ്ട്രീറ്റ് ലൈറ്റ്

- ✓ പഞ്ചായത്തിലെ മുഴുവൻ റോഡുകളിലും സ്ട്രീറ്റ് ലൈൻ വലിക്കുക, ലൈറ്റ് സ്ഥാപിക്കുക,
- ✓ ട്രാൻസ്ഫോമറിന്റെ അപര്യാപ്തത നികത്തുക.
- ✓ കറന്റ് ഉപയോഗം കുറക്കുന്ന തരത്തിലുളള ഉപകരണങ്ങൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക.
- ✓ സോളാർ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക.
- ✓ ഊർജ്ജമേഖലയിൽ പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിൽ സോളാർ പദ്ധതി നടപ്പിലാക്കിയത് പുതിയ നേട്ടമായി. ഘടകസ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വിപുലീകരിക്കുന്നതാണ്.

ആകെ റോഡുകൾ (കി.മി)-99.7456

ആകെ കുളങ്ങൾ(എണ്ണം)-7

ആകെ കിണറുകൾ(എണ്ണം)-45

# സാമൂഹികക്ഷേമം

**മാ**വൂർ ഗ്രാമപഞ്ചായത്തിനു കീഴിൽ 1998 ഏപ്രിൽ 1 ന് മാനസിക വെല്ലുവിളികൾ നേരിടുന്ന 25 ഓളം കുട്ടികളെ വെച്ച് സ്ക്കുൾ ആരംഭിച്ചു. തുടർന്ന് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണം ലക്ഷ്യമാക്കി കൊണ്ട് 2008 ൽ ബഡ്സ് സ്ക്കുളുകളായി വികസനം സാധ്യമായി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കുടുംബശ്രീയുടെയും സാമൂഹ്യനീതി വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും പങ്കാളിത്തത്തോട് കൂടി 2021-2022 അധ്യായന വരിഷത്തിൽ പത്ത് അധ്യാപക അനധ്യാപകരും ഫിസിയോതെറപിസ്റ്റുമടങ്ങുന്ന ടീം ഭിന്നശേഷിക്കാരായ 59 കുട്ടികളുടെ വികസനവും ക്ഷേമവും പാഠ്യ-പാഠ്യേതര ഉന്നമനവും ഉയർത്തിക്കൊണ്ടു വരുന്നതിൽ ശ്രമകരമായ പങ്ക് നിർവഹിച്ചു കൊണ്ടിരിക്കുന്നു.

**<u>സ്ഥിതിവിവരക്കണക്കുകൾ</u>**

നിലവിൽ 59 കുട്ടികളും ആർ.സി.ഐ യോഗ്യതയുള്ള മൂന്ന് ടീച്ചർമാരും യോഗ്യതയുള്ള മൂന്ന് ആയമാരും, ഫിസിയോതെറാപിസ്റ്റും ഡാൻസ് ടീച്ചറുമാണ് നിലവിൽ ഉള്ളത്. കുടുംബശ്രീ ജില്ലാ മിഷൻ വക സ്ക്കൂളിന് സ്വന്തമായി ബസ് ഉണ്ട്. ഫിസിയോതെറാപ്പിക്ക് ആവശ്യമായ മെറ്റീരിയൽസ് ബ്ലോക്കിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും പദ്ധതി വെച്ച് ബഡ്സ് സ്ക്കൂൾ നവീകരിച്ചു. സ്ക്കൂളിലെ കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ട് കുട്ടികൾക്കു വേണ്ട തൊഴിൽ പരിശീലന ഉപകരണങ്ങളും, കമ്പ്യൂട്ടറും, പഠന ഉപകരണങ്ങളും ലഭ്യമാക്കി. 2021–22 പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ ജില്ലാ മിഷന്റെ വക 200000 വകയിരുത്തി സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കിയിട്ടുണ്ട്.


വരും വർഷങ്ങളിൽ ബഡ്സ് സ്ക്കൂളിലെ 18 വയസ്സിന് മുകളിലുള്ളവർക്ക് വിദഗ്ധ തൊഴിൽ പരിശീലനവും, ഉല്പന്നങ്ങളുടെ മാർക്കറ്റിംഗും സാധ്യമാക്കണം. സ്പീച്ച് തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, മൾട്ടിസെറി റൂം, റാമ്പ് എന്നിവ പദ്ധതിയിൽ ഉൾപെടുത്തി കുട്ടികളെ ഉന്നതിയിൽ എത്തിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ സജ്ജമാക്കണം.

**<u>വാതിൽപ്പടിസേവനം</u>**

സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ട കാലയളവിലേക്കല്ലാതെ, തുടർച്ചയായി പൊതുപ്രവർത്തനം നടത്തുവാൻ തത്പരരായ ഒരു വിഭാഗത്തെ രൂപീകരിച്ചുകൊണ്ട് അർഹരായവരുടെ പടിവാതിൽക്കൽ തന്നെ സർക്കാർ സേവനങ്ങൾ എത്തിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് വാതിൽപ്പടി സേവനം. സർക്കാറിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ ഓഫീസുകളിലേക്ക് നേരിട്ട് എത്തേണ്ടതില്ലാത്ത രീതിയിൽ ഒരു സംവിധാനം ക്രമീകരിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആശ പ്രവർത്തകർ, സന്നദ്ധസേന വോളണ്ടിയർമാരുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ അർഹരാവയരുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതിയാണ് വാതിൽപ്പടി സേവനം.

ഈ സേവനങ്ങൾ മിക്കതും ഇന്ന് അക്ഷയ സേവന കേന്ദ്രങ്ങൾ വഴി ലഭ്യമാണ്. എന്നാൽ ശാരീരിക അവശതകളാൽ അക്ഷയ കേന്ദ്രത്തിൽ എത്തിപ്പെടാൻ കഴിയാത്തത് കൊണ്ട് ഈ സേവനങ്ങൾ യഥാസമയം ലഭ്യമാകാതെ വരുന്നവരും ഉണ്ട്. ആയതിനാൽ പ്രസ്തുത സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര ക്രമീകരണമാണ് ഉണ്ടാകേണ്ടത്. ഇതോടൊപ്പം കുടുംബശ്രീ അയൽക്കൂട്ട ആരോഗ്യവോളണ്ടിയർ, എ.ഡി.എസ് വോളണ്ടിയർമാർ, അംഗനവാടി, ആശാ വർക്കർ,വായനശാല പ്രവർത്തകർ, പാലിയേറ്റീവ് പ്രവർത്തകർ, മുതിർന്ന പൗരൻമാരുടെ

സംഘടനകളുടെ ഭാരവാഹികൾ തുടങ്ങിയ വിവിധ സംഘടകനളുടെ പ്രവർത്തകരേയും ഈ ജനകീയ സേവനപ്രദാന സംവിധാനത്തിലേക്ക് കൂട്ടിയോജിപ്പിക്കേണ്ടതാണ്.



**ഗുണഭോക്താക്കൾ**

•60 വയസ്സിന് മുകളിലുള്ളവർ

•ഭിന്നശേഷിക്കാർ

•കിടപ്പുരോഗികൾ

•ചലന പരിമിതി അനുഭവിക്കുന്നവർ

**ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ**

•ലൈഫ് സർട്ടിഫിക്കറ്റ്

•മസ്റ്ററിംങ്

•സാമൂഹ്യ സുരക്ഷ പെൻഷൻ

•മമുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ

•ജീവൻരക്ഷാ മരുന്നുകൾ

•നോഡൽ വകുപ്പ്

## വയോജനക്ഷേമം



- പകൽ വീട്ടുകൾ:-

പഞ്ചായത്തിൽ റിട്ടയർ ചെയ്തവരോ/അല്ലാത്തവരോ ആയ 60 വയസ്സിന് മുകളിലുളളവരോ കുടുംബങ്ങളിൽ മക്കൾ തൊഴിലിനു പോകുമ്പോഴും മറ്റും ഒറ്റപ്പെട്ടു പോകുന്നവർക്ക് പകൽ സമയങ്ങളിൽ സമ പ്രായക്കാരോടൊത്തു സമയം ചെലവഴിക്കുന്നതിനും ഒറ്റപ്പെടലുകളിൽ നിന്ന് രക്ഷനേടുന്നതിനും പകൽ വീടുകൾ ഒരുക്കുക. പഞ്ചായത്ത് തലത്തിൽ ഒരു പകൽ വീട് എങ്കിലും വാഹനസൗകര്യവും കെയർ ടേക്കറേയും ഭക്ഷണത്തിനും ഉളള സാഹചര്യങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്യുക. ലൈബ്രറി, വ്യായാമത്തിനുളള സാഹചര്യം, ജീവിത ശൈലീ രോഗങ്ങൾക്കുളള പരിശോധനയ്ക്കുളള സാഹചര്യം എന്നിവ ഇത്തരം വീടുകളിൽ നിർബന്ധമാക്കുക.

- വയോജന ക്ലബ്ബുകൾ:-

അംഗനവാടികളോട് ചേർന്നോ അല്ലെങ്കിൽ സ്വന്തമായോ വാർഡുതലത്തിൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കുക. വയോജനങ്ങൾക്ക് ഒത്തുചേരുന്നതിനും വിനോദത്തിനും വ്യായാമത്തിനും ഉളള സാഹചര്യങ്ങൾ വാർഡുതോറും ഒരുക്കണം.

- വയോജനങ്ങൾക്ക് നേരം പോക്കും, സ്വയം തൊഴിൽ ചെയ്യാവുന്ന പ്രവർത്തികൾക്ക് പദ്ധതി വകയിരുത്തി പ്രവർത്തിക്കണം.
- പഴയ നാട്ടറിവുകളും പഴഞ്ചൊല്ലുകളും പുതുതലമുറയിലേക്ക് പകർന്നു നൽകുന്നതിനും വയോജനങ്ങളും യുവജനങ്ങളും കുട്ടികളും അടങ്ങുന്ന സംവാദങ്ങളും

ക്ലാസ്സുകളും പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ക്ലബുകളുടേയോ അംഗനവാടികളുടേയോ നേതൃത്വത്തിൽ സംഘടിപ്പിച്ച് തലമുറകൾ ചേരുന്ന Knowledge Hub ആയി ഓരേ വയോജന ക്ലബുകളും പ്രവർത്തിക്കണം.

- അക്യുപങ്ങ്ചർ, അക്യു പ്രഷർ, യോഗ, മെഡിറ്റേഷൻ, പ്രാണിക് ഹീലിംഗ്, റെയ്ക്കി, പ്രകൃതി ചികിത്സ, അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ മേഖലകളെ കൂട്ടിയിണക്കി ജീവിതശൈലീ രോഗനിയന്ത്രണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- പഞ്ചായത്തിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള വാർദ്ധക്യ കാല പെൻഷൻ വാങ്ങുന്ന വ്യക്തികളുടെ എണ്ണം–456.
- വയോജനങ്ങൾക്ക് ആവശ്യമായ മരുന്ന്, പോഷകാഹാര കിറ്റ് എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപികരിക്കുന്നതാണ്.
- പാറമ്മൽ സ്നേഹഭവൻ, കണ്ണിപറമ്പ വയോജനകേന്ദ്രം എന്നിവ പുതിയ പദ്ധതിയായ സായംപ്രഭ ആക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.
- വയോക്ലബ്ബ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## ഭിന്നശേഷിക്കാർ

**മാ**വൂർ പഞ്ചായത്തിലെ നിലവിൽ സ്കോളർഷിപ്പിന് അർഹരായവർ – 128

+2, 10 ക്ലാസ്സ് പൂർത്തീകരിച്ച് മറ്റു ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ലഭിക്കാത്തതിനാൽ 98 പേർക്ക് സ്കോളർഷിപ്പ് നൽകുന്നു.

- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & ബത്ത.
- ഭിന്നശേഷികുട്ടികൾക്ക് വരുമാന പദ്ധതി എന്ന നിലയ്ക്ക് തെരെഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം വ്യക്തികൾക്ക് ഹൈടെക്ക് കോഴിക്കൂടും കോഴികളും. പൈലറ്റ് പ്രൊജക്ട് എന്ന നിലയ്ക്ക് അഞ്ചോ ആറോ വ്യക്തികൾക്ക് ആദ്യ വർഷവും, വിജയകരമായ പദ്ധതിയാണ് എങ്കിൽ അഞ്ചു വർഷ കാലയളവിനുള്ളിൽ ആവശ്യം വേണ്ട എല്ലാവർക്കും കോഴിക്കൂടും കോഴിയും നൽകുവാൻ പദ്ധതി.
- ഭിന്നശേഷിക്കാർക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മീൻ വളർത്തുന്നതിനു വേണ്ടി കുള നിർമാണവും മീൻ വളർത്തൽ പരിശീലനവും (ശാരീരിക വൈകല്യം മാത്രം)
- ഭിന്നശേഷിക്കാർക്കായി നെൽവിത്ത്, വാഴക്കന്ന്, പച്ചക്കറി വിത്തുകള്, ഗ്രോബാഗ് എന്നിവ പദ്ധതിയിലുൾപ്പെടുത്തുക. സ്വയം പര്യാപ്തത നേടുന്നതിന് സഹായകമായ പദ്ധതികൾ ആവിഷ്കരിക്കുക.

- ഭിന്നശേഷിക്കാർക്കായി വിശ്രമ കേന്ദ്രം, പാർക്ക് എന്നിവ സ്ഥാപിക്കുക.
- കുട നിർമ്മാണം, പേപ്പർ ബാഗ് പരിശീലനം, മെഴുകുതിരി നിർമ്മാണം, പേപ്പർ പെൻ നിർമ്മാണം എന്നീ പരിശീലനങ്ങൾ പദ്ധതിയിലിൽപ്പെടുത്തുക.
- സംയുക്ത പദ്ധതിയായി വീൽ ചെയർ, ഇലക്ട്രിക് വീൽ ചെയർ സഹായ ഉപകരണങ്ങൾ പദ്ധതി വകയിരുത്തുക.
- കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് മെയിന്റനൻസിനായി സംയുക്ത പദ്ധതിയിലുൾപ്പെടുത്തി തുക വകയിരുത്തുക.
- കാഴ്ച വൈകല്യം ഉള്ള വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ നൽകുക. കാഴ്ച വൈകല്യം ഉള്ളവർക്ക് നൽകാവുന്ന പ്രത്യേകം മൊബൈൽ ഫോൺ പദ്ധതിക്ക് തുക വകയിരുത്തുക.
- പഞ്ചായത്തിൽ കോഫി വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് ഭിന്ന ശേഷിക്കാർക്ക് സ്വയം തൊഴിൽ ഉറപ്പ് വരുത്തുക.
- ബഡ്സ് സ്കൂൾ അധ്യാപകർക്ക് ഹോണറേറിയം നൽകുന്നതിന് തുക വകയിരുത്തുക.
- ബഡ്സ് ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി സൗകര്യം പദ്ധതിയിലുൾപ്പെടുത്തുക.
- ബഡ്സ് കുട്ടികൾക്ക് പ്രഭാത ഭക്ഷണം പദ്ധതിക്ക് സ്പോൺസർഷിപ്പ് വഴി തുക കണ്ടെത്തുക.
- ഭിന്നശേഷി കുട്ടികൾക്ക് കലാ കായിക മത്സരം/പ്രദർശനം പദ്ധതി വെക്കുക.
- മാജിക് പ്ലാനറ്റ് തിരുവനന്തപുരം മജീഷ്യൻ മുതുകാട് ഭിന്നശേഷി വിദ്യാർത്ഥികൾക്ക് മാജിക് പരിശീലനം നൽകുന്നത് പോലെ കഴിവുള്ള കുട്ടികളെ ഭിന്നശേഷി വിഭാഗങ്ങളിൽ നിന്നും കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുവാൻ പദ്ധതി വകയിരുത്തുക.
- സംഗീതം, ചിത്രകല, നൃത്തം എന്നിവയിൽ ഭിന്നശേഷി കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് അധ്യാപകരെ നിയമിക്കുക.
- ബഡ്സ് സ്കൂളുകൾക്ക് ഫർണിച്ചർ നൽകുക.
- ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വിനോദയാത്രക്ക് സ്പോൺസർഷിപ്പ് വഴി തുക കണ്ടെത്തുക.

–ബഡ്സ് സ്കൂൾ–





## <u>ആരോഗ്യം</u>



**രോ**ഗങ്ങളില്ലാത്ത അവസ്ഥയെയാണ് പൊതുവെ **ആരോഗ്യം** എന്നതു കൊണ്ടുദ്ദേശിച്ചിരുന്നത്. എന്നാൽ 1948–ലെ ലോക ഹെൽത്ത് അസംബ്ലിയുടെ

നിർവചനപ്രകാരം രോഗ, വൈകല്യരാഹിത്യമുള്ള അവസ്ഥ മാത്രമല്ല, സമ്പൂർണ്ണ ശാരീരിക, മാനസിക, സാമൂഹ്യ സുസ്ഥിതി (well being) കൂടി ആണ് ആരോഗ്യം. ഈ നിർവചനമാണ് ഇന്ന് പൊതുവേ സ്വീകാര്യമായുള്ളത്. ഈ നിർവചനത്തോട് ലോകാരോഗ്യസംഘടനയുടെ 1986 ലെ ഒട്ടാവ ചാർട്ടർ ഫോർ ഹെൽത്ത് പ്രൊമോഷന്റെ നിർവചനം കൂടി കൂട്ടിവായിക്കാറുണ്ട്: ആരോഗ്യം സമ്പൂർണ്ണ ദൈനംദിന ജീവിതത്തിനുള്ള ഒരുപാധിയാണ്, അത് നിലനില്പിനായി മാത്രമുള്ളതല്ല. ആരോഗ്യം എന്നത് ശാരീരികശേഷിയിലും സാമൂഹിക വ്യക്തിപരമായ ഉപാധികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സംക്ഷിപ്തമായ ഒരു സംഗതിയുമാണ്. കുറേക്കൂടി വിപുലമായ രീതിയിൽ ഇതിനെ പൊതുജനാരോഗ്യം എന്ന് വിളിക്കുന്നു. സമൂഹത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തെ കുറിക്കാനും പൊതുജനാരോഗ്യം എന്ന വാക്ക് ഉപയോഗിക്കാറുണ്ട്.

പാരമ്പര്യവും പരിതഃസ്ഥിതിയുമാണ് ആരോഗ്യത്തിനു നിദാനമായ ഘടകങ്ങൾ. ഭൌതീക പരിതഃസ്ഥിതി, സാമൂഹ്യ പരിതഃസ്ഥിതി, ജൈവ പരിതഃസ്ഥിതി എന്ന് പരിതഃസ്ഥിതി ഘടകങ്ങളെ മൂന്നായി തരംതിരിക്കാം.

രോഗാവസ്ഥയ്ക്കുള്ള കാരണങ്ങൾ പലതാകാം. രോഗാണുക്കൾ, പരാദങ്ങൾ എന്നിവയുടെ ആക്രമണം , പോഷണക്കുറവ്, അതിപോഷണം, അമിതാഹാരം, മദ്യപാനം, പുകവലി പോലെയുള്ള ലഹരി ഉപയോഗം എന്നിവ കൂടാതെ ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ചില ഘടകങ്ങൾ കൂടുതലായി ചയാപചയ പ്രക്രിയയിലൂടെ, അതിലുള്ള ക്രമക്കേട് മൂലമോ അളവ് കൂടുതലായതിനാലോ, വ്യയം ചെയ്യപ്പെടാതെയോ പുറംതള്ളപ്പെടാതെയോ ശരീരത്തിൽ അടിഞ്ഞുകൂടി രോഗാവസ്ഥ ഉണ്ടാകാം. കൂടാതെ അത്യാവശ്യമായ ചില ഘടകങ്ങൾ ലഭിക്കാതെ ശാരീരിക പ്രക്രിയകൾ താളം തെറ്റുന്നതു മൂലമുള്ള രോഗാവസ്ഥയാകാം. വ്യായാമക്കുറവുകൊണ്ടാകുന്ന മേൽപ്പറഞ്ഞതിലേതെങ്കിലും സ്ഥിതിവിശേഷമാകാം. അമിതാദ്ധ്വാനം, സുരക്ഷിതമല്ലാത്ത തൊഴിൽ, മാനസികസമ്മർദ്ദം, ഉറക്കക്കുറവ് എന്നിവ രോഗാവസ്ഥയായി മാറാം. മഹാമാരികൾ പൊട്ടിപ്പുറപ്പെടുന്നത് സാമൂഹികമായ ആരോഗ്യത്തെ മൊത്തത്തിൽ ബാധിക്കുന്നു. ഉദാ: കോവിഡ് 19.

ശരീര കോശങ്ങളുടെ അപകർഷവും, പ്രായ വർദ്ധനയും  രോഗ കാരണങ്ങളാണ്. കൂടാതെ പാരമ്പര്യ ഘടകങ്ങൾ. മേൽപ്പറഞ്ഞ ഏതെങ്കിലും അസന്തുലിതാവസ്ഥയ്ക്കുള്ള ശരീരത്തിന്റെ സ്വാഭാവിക പ്രതികരണമായുണ്ടാകുന്ന ചില ക്രമക്കേടുകളായാകാം പുറത്ത് കാണപ്പെടുന്നത്. അതോടൊപ്പം തെറ്റായ ജീവിതശൈലി കൂടിയാകുമ്പോൾ രോഗമുണ്ടാകാനുള്ള സാധ്യത വളരെയധികം വർധിക്കുന്നു. രോഗാവസ്ഥയ്ക്കുള്ള ചികിത്സ തെറ്റായതു മൂലം രോഗാവസ്ഥ സൃഷ്ടിക്കപ്പെടാം. മരുന്നുകളുടെ കുറവ് കൊണ്ടും ആധിക്യം കൊണ്ടും രോഗാവസ്ഥ ഉണ്ടാകാം.

പ്രമേഹം, ഹൃദ്രോഗം, ധമനീ രോഗങ്ങൾ, അമിത രക്തസമ്മർദം, കാൻസർ, പക്ഷാഘാതം, സി.ഒ.പി.ഡി, വൃക്ക രോഗം, കരൾ രോഗങ്ങൾ, പി.സി.ഒ.എസ്, അമിതവണ്ണം എന്നിവ ജീവിതശൈലി മൂലമുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്. ആരോഗ്യകരമായ ജീവിതശൈലി കൊണ്ട് മേൽപ്പറഞ്ഞ രോഗങ്ങളെ നല്ലൊരു പരിധിവരെ തടയാനും, ആരോഗ്യം നിലനിർത്താനും സാധിക്കും. ഭക്ഷണം, വ്യായാമം എന്നിവ വ്യക്തിയുടെ ആരോഗ്യത്തിൽ അതിപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ആരോഗ്യകരമായ ഭക്ഷണം കഴിക്കേണ്ടത് ആരോഗ്യം നിലനിർത്താൻ ഏറ്റവും അത്യാവശ്യമാണ്. അതിനായി പഴങ്ങൾ, പച്ചക്കറികൾ, പരിപ്പുവർഗങ്ങൾ, മത്സ്യം, മുട്ട എന്നിവ ശരിയായ അളവിൽ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതുവഴി വിറ്റാമിനുകൾ, ധാതുക്കൾ, പ്രോടീൻ, ഒമേഗ 3 ഫാറ്റി ആസിഡ്, നാരുകൾ എന്നിവ ശരീരത്തിന് ലഭ്യമാകുന്നു. വറുത്തതും പൊരിച്ചതും അമിതമായി മധുരം, ഉപ്പ്, കൊഴുപ്പ് എന്നിവ അടങ്ങിയ ആഹാരം ഒഴിവാക്കേണ്ടതാണ്. മുതിർന്നവർ നിത്യേന കുറഞ്ഞത് 30 മിനുട്ട് വീതവും കുട്ടികൾ ഒരു മണിക്കൂറും ശാരീരികാധ്വാനം നൽകുന്ന വ്യായാമം, കളികൾ, നൃത്തം, ആയോധനകലകൾ എന്നിവ ഏതെങ്കിലും ചെയ്യേണ്ടതുണ്ട്. ഇത് ശാരീരികക്ഷമത മാത്രമല്ല മാനസികമായ ആരോഗ്യവും ലൈംഗികാരോഗ്യവും വരെ മെച്ചപ്പെടുത്തുന്നു എന്ന് പഠനങ്ങൾ പറയുന്നു.

ലഹരിയുടെ ഉപയോഗമാണ് ആരോഗ്യത്തെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന മറ്റൊരു ഘടകം. അതിമദ്യാസക്തി, പുകവലി തുടങ്ങിയവ രോഗസാധ്യത വളരെയധികം വർധിപ്പിക്കുന്നു. പുകയിലയിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നു.

പ്രതികൂല ഘടകങ്ങളൊന്നുമില്ലാതിരിക്കുകയും ശരീരത്തിന്റെ സ്വാഭാവിക പ്രവർത്തനങ്ങൾ ശരിയായി നടക്കുകയും ചെയ്യുന്ന വ്യക്തിക്ക് ശാരീരിക, മാനസിക, സാമൂഹിക സുഖാവസ്ഥ അനുഭവപ്പെടുകയും ചെയ്യുന്നതിനേയാണ് ആരോഗ്യം എന്ന് പറയുന്നത്.

പബ്ലിക് ഹെൽത്ത്, കമ്മ്യൂണിറ്റി മെഡിസിൻ തുടങ്ങിയ വൈദ്യശാസ്ത്രശാഖകൾ ആരോഗ്യത്തിന്റെ വിവിധ വശങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന മേഖലകളാണ്.

ആരോഗ്യമേഖലയിൽ പുതിയ ഒരു സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. ഇത് കുട്ടികളിലൂടെ വളർത്തിയെടുക്കണം. നമ്മുടെ എൽ.പി, യു.പി സ്ക്കൂൾ കുട്ടികൾക്ക് ശുചിത്വ പരിശീലനം നൽകുന്നത് അവിഭാജ്യഘടകമാണ്. സ്ക്കൂളുകളിൽ ഇതിന് അധ്യാപകർ ഇല്ല.






## <u>പാലിയേറ്റീവ് കെയർ</u>

**മാ**വൂർ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. 360 കിടപ്പിലായ രോഗികളാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആഴ്ചയിൽ 4 ദിവസം ഹോം കെയർ നടത്തുണ്ട്. ഈ സമയങ്ങളിൽ ഡോക്ടേഴ്സ് കൂടെ ഉണ്ടാവും. ഹോം കെയറിലൂടെ രോഗികൾക്ക് പ്രഷർ, ഷുഗർ ടെസ്റ്റ്, മൂത്രത്തിന്റെ ട്യൂബ് മാറ്റുക, മൂക്കിലെ ട്യൂബ് മാറ്റുക, മുറിവ് കെട്ടുക, IV ഫ്ലൂയിഡ്, ഇഞ്ചക്ഷൻ, എനീമ ടാപ്പിങ് ഇത്തരത്തിലുള്ള ചികിത്സകൾ കിടപ്പിലായ രോഗികൾക്ക് ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് ദിനം, ഓണം, പെരുന്നാൾ സമയങ്ങളിൽ എല്ലാ പാവപ്പെട്ട രോഗികൾക്കും ഭക്ഷണകിറ്റ് വിതരണം ചെയ്യാറുണ്ട്. പാലിയേറ്റീവ് സംഗമം നടത്താറുണ്ട്. ജനപ്രതിനിധികൾ, ആശാവർക്കർമാർ എന്നിവർക്ക് ട്രയിനിംഗ് നടത്താറുണ്ട്. രോഗികൾക്കാവശ്യമായ കട്ടിൽ, വീൽ ചെയർ, വാക്കർ, എയർ ബെഡ്, വാട്ടർ ബെഡ്, സ്റ്റിക്ക്, എൽബോ സ്റ്റിക്, ക്രച്ചസ്, ബാക്ക് റെസ്റ്റ്, ഓക്സിജൻ സിലിണ്ടർ, നെബുലൈസർ, ഡയാലിസിസ് രോഗികൾക്ക് ഇഞ്ചക്ഷൻ, ട്യൂബുകൾ എന്നിവയും വിതരണം ചെയ്യാറുണ്ട്. കൂടാതെ പുതിയതായി ആവശ്യമുള്ളത്, ഹോം കെയർ സമയത്ത് ഫിസിയോ തെറാപ്പി ലഭ്യമാക്കുക, ഓക്സിജൻ കോൺസെന്ട്രേറ്റർ, പാവപ്പെട്ട രോഗികൾക്ക് വിലപിടിപ്പുള്ള മരുന്നുകൾ, പാവപ്പെട്ട രോഗികൾക്ക് മാസത്തിലൊരിക്കൽ ഭക്ഷണ കിറ്റ് എന്നിവ നൽകിയാൽ ഒരു പരിധി വരെ മരുന്നും കൊണ്ടും ഭക്ഷണം കൊണ്ടും അവരെ സംരക്ഷിക്കാൻ നമുക്ക് സാധിക്കും. ഓരോ വർഷവും 10 ലക്ഷം ഫണ്ട് അനുവദിക്കാറുണ്ട്.

# വിദ്യാഭ്യാസം



സമൂഹത്തിലെ സേവന രംഗത്ത് പ്രഥമസ്ഥാനം അർഹിക്കുന്ന വിദ്യാഭ്യാസ രംഗത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടത് കേരളത്തിന്റെയും അതുവഴി നമ്മുടെ പഞ്ചായത്തിന്റെയും സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്. 1915 ലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു സ്ക്കൂൾ സ്ഥാപിതമായത്. നമ്മുടെ പഞ്ചായത്തിൽ ഇന്ന് 11 സ്ക്കൂളുകൾ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

അടുത്ത 5 വർഷത്തിലേക്ക് സ്ക്കൂൾ വികസന പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ സ്ക്കൂളുകൾക്കു വേണ്ട പദ്ധതികൾ ശേഖരിച്ചിട്ടുണ്ട്.

**മാവൂർ ഗവ: HSS**

കോഴിക്കോട് ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ് മാവൂർ HSS. 1974 ലാണ് ഈ സ്ക്കൂൾ സ്ഥാപിതമായത്. 4.85 ഏക്കർ സ്ഥലത്താണ് സ്ക്കൂൾ ആരംഭിച്ചത്. ശേഷം MP, MLA എന്നിവയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും, ജില്ലാ പഞ്ചായത്ത് SSK 12ാം ധനകാര്യ കമ്മീഷൻ എന്നീ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ചും സ്ക്കൂൾ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി. എന്നാൽ ഇപ്പോഴും ഭൗതിക സൗകര്യം അപര്യാപ്തമാണ്. പരിമിതികൾക്കിടയിലും സ്ക്കൂളിലെ കുട്ടികൾ പഠനരംഗത്തും കലാകായികപ്രവർത്തിപരിചയ മേഖലയിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സമഗ്ര വിദ്യാലയ വികസനരേഖയും അക്കാദമിക്ക് മാസ്റ്റർ പ്ലാനും 2017 ൽ തന്നെ രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ കായിക മേഖലയിൽ Take off എന്ന പുതിയ പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

അടിയന്തിരമായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ:-

1) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വിഭാവനം ചെയ്ത ക്ലാസ്മുറികളുടെ നിർമ്മാണ പ്രവർത്തികൾ എത്രയും പെട്ടെന്ന് തുടങ്ങുക.
2) HS വിഭാഗത്തിന് 15 ക്ലാസ്മുറികൾ
3) കമ്പ്യൂട്ടർ പഠനത്തിന് 40 ലാപ്ടോപ്പുകൾ
4) അടുക്കള, ഡൈനിംഗ് ഹാൾ, ഇന്നവേഷൻ ലാബ് എന്നിവക്കുള്ള കെട്ടിടം
5) ഒരു സ്ഥിരം ലൈബ്രേറിയന്റെ സേവനം.

## കാഴ്ചപ്പാട്

1. പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള എല്ലാ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം കൈവരിക്കാൻ കഴിയണം.
2. കുട്ടികളുടെ വൈവിധ്യമാർന്ന കഴിവുകളെ ഫലപ്രദമായി വികസിപ്പിക്കാൻ കഴിയണം.
3. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കുട്ടികൾക്കും പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നൽകി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ കഴിയണം.
4. അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിന് സഹായകമായ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കുന്നതിനും അവ ഫലപ്രദമായി പരിപാലിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കഴിയണം.
5. പാഠ്യപദ്ധതി ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് അനുയോജ്യമായ തരത്തിൽ ഭൗതികസൗകര്യങ്ങൾ ആക്കാൻ കഴിയണം.
6. മാതൃഭാഷ ബോധന മാധ്യമമാക്കുന്നതിന്റെ പ്രാധാന്യം രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരെ ബോധ്യപ്പെടുത്താൻ കഴിയണം.
7. ലഹരി വസ്തുക്കളുടെ ഉപയോഗം, ആധുനിക സാങ്കേതിക വിദ്യയുടെ ദുരുപയോഗം എന്നിവയിൽ നിന്നും കുട്ടികളെ പൂർണ്ണമായും മോചിപ്പിക്കാൻകഴിയണം.
8. പഞ്ചായത്തിലെ വിവിധ ഘടകങ്ങൾ (ഭിന്നശേഷി, പാർശ്വവൽക്കരിക്കപ്പെട്ടവർ, തുടർസാക്ഷരത, ലിംഗവിദ്യാഭ്യാസം, പ്രതിഭാ പോഷണം, സ്കോളർഷിപ്പുകൾ, പരിസ്ഥിതി അവബോധം, മാലിന്യ നിർമാർജ്ജനം, പകർച്ചവ്യാധികൾ, പ്രകൃതി ക്ഷോഭങ്ങൾ) സംബന്ധിച്ച് വിദഗ്ധ പഠനം നടത്തി പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ കഴിയണം.

9. വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിലുള്ളവരെ (അധ്യാപകർ, അനധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ, എം.പി.ടി.എ, പി.ഇ.സി, എസ്.എം.സി) ശാക്തീകരിക്കുന്നതിനും കാലികമായ മാറ്റങ്ങൾ ഉൾകൊണ്ട് പ്രവർത്തിക്കുന്നതിനും സജ്ജമാക്കണം.
10. എല്ലാ വിദ്യാലയങ്ങൾക്കും ദീർഘകാല പദ്ധതിയും വാർഷിക പദ്ധതിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ നേർദിശയിൽ കൊണ്ട്പോകുന്നതിനുള്ള സഹായ സംവിധാനമായി പഞ്ചായത്ത് എജ്യൂക്കേഷൻ കമ്മിറ്റിക്ക് പ്രവർത്തിക്കാൻ കഴിയണം.
11. CSR ഫണ്ടും മറ്റു ഫണ്ടുകൾ കണ്ടെത്തിയും സ്കൂളിന്റെ സമഗ്രവികസനത്തിന് ആവശ്യമായ പദ്ധതികൾ കണ്ടെത്തണം.

## അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതി

| അംഗനവാടി ഗുണഭോക്താക്കൾ | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **0-6** | | | | **6-3** | | | | **3-6** | | | | **PM** | | **LM** | | **AG** |
| **SC** | | **OTHERS** | | **SC** | | **OTHERS** | | **SC** | | **OTHERS** | | **SC** | **OTHERS** | **SC** | **OTHERS** | 2399 |
| **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | | | | | |
| 4 | 6 | 89 | 97 | 57 | 47 | 539 | 563 | 49 | 53 | 628 | 609 | 25 | 207 | 10 | 189 | |
| | | | | 19 | 26 | 190 | 201 | 41 | 40 | 320 | 365 | 39 | 207 | 16 | 180 | - |

(2021 ഡിസംബർ MPR കണക്കു പ്രകാരം)

നിലവിലെ കണക്കു പ്രകാരം 146 ആറു മാസത്തിനും മൂന്നു വയസ്സിനും ഇടയിലുള്ള SC വിഭാഗത്തിലെ ഗുണഭോക്താവും, 1493 മറ്റു വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഗുണം ലഭിക്കുന്നു.

(N.B പദ്ധതി പ്രദേശത്തെ എല്ലാ കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കൾ ആണെങ്കിലും നിലവിൽ എല്ലാ ഗുണഭോക്താക്കളും ഈ സേവനം സ്വീകരിക്കുന്നില്ല.)

മൂന്നു വയസ്സിനും 6 വയസ്സിനും ഇടയിലുള്ള (Pre-school) ഗുണഭോക്താക്കൾ എസ്സ്.സി – 183, മറ്റു വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരിൽ 1922 കുട്ടികളും ഈ പദ്ധതിയുടെ ഒരു വർഷത്തെ ഏകദേശ ഗുണഭോക്താക്കൾ ആണ്. പ്രഗ്നന്റ് SC: 64, മറ്റുള്ളവർ 414 ,

ലാക്ടേറ്റിംഗ് മദർSC:  26, മറ്റുള്ളവർ : 369, AG കുട്ടികൾക്ക് നിലവിൽ അംഗനവാടികൾ വഴി അനുപൂരകം നൽകുന്നില്ല.

**- നവരഞ്ജിനി അംഗനവാടി -**






**<u>അംഗനവാടികൾ സ്മാർട്ട് അംഗനവാടികൾ ആക്കുന്നത്:-</u>**

നിലവിൽ മാവൂർ ഗ്രാമപഞ്ചായത്തിലെ ആകെ അംഗനവാടികൾ- 29.

| | | ഇലക്ട്രിസിറ്റി | കുടിവെള്ളം | ചുറ്റുമതിൽ |
|---|---|---|---|---|
| **സ്വന്തം കെട്ടിടം** | 22 | 20 | 19 | 11 |
| **വാടക കെട്ടിടം** | 2 | 2 | 2 | 2 |
| **സ്ക്കൂളിൽ പ്രവർത്തിക്കുന്നവ** | 1 | 1 | 1 | 1 |
| **വാടകയില്ലാതെ പ്രവർത്തിക്കുന്നവ** | 4 | 4 | 4 | 2 |
| TOTAL | 29 | 27 | 26 | 16 |

## അംഗനവാടി ഗുണഭോക്താക്കൾ:-

- **പ്രീ സ്ക്കൂൾ**
  - ആൺകുട്ടികൾ – 380
  - പെൺകുട്ടികൾ – 414

➔ **6 മാസം മുതൽ 3 വയസ്സ് വരെ:-**
ആൺകുട്ടികൾ – 361
പെൺകുട്ടികൾ – 383

- ഗർഭിണികൾ– 215
- പാലൂട്ടുന്ന അമ്മമാർ– 184

# ജൈവവൈവിധ്യം




**മാ**വൂർ ഗ്രാമപഞ്ചായത്തിലെ പള്ളിയോളിൽ കിഴക്കുംകര കാവിനോട് ചേർന്ന 25 സെന്റ് സ്ഥലത്ത് പഞ്ചായത്ത് ജൈവവൈവിധ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നക്ഷത്രവനം ഒരുക്കിയിട്ടുണ്ട്. 27 ജന്മനക്ഷത്രങ്ങളുടെ പേരുകൾ നൽകിയ വൃക്ഷത്തൈകൾ നാളുകളുടെ ക്രമത്തിലാണ് നട്ടിരിക്കുന്നത്.

അതാത് നാളുകാർ അവരുടെ നാൾ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ഐശ്വര്യമാണെന്ന വിശ്വാസത്തോടൊപ്പം പ്രകൃതി സംരക്ഷണമെന്ന ലക്ഷ്യം കൂടിയുണ്ട് ഈ വനവത്കരണത്തിന് പിന്നിൽ.

മലബാർ ബൊട്ടാണിക്കൽ ഗാർഡനാണ് പ്രവൃത്തി പൂർത്തിയാക്കിയത്. നക്ഷത്രവനം സന്ദർശിക്കുന്നവർക്ക് ഓരോ മരത്തിന്റെയും പ്രത്യേകതകൾ, ഔഷദ ഗുണങ്ങൾ, ശാസ്ത്രീയ നാമം എന്നിവ മനസ്സിലാക്കാൻ സാധിക്കും. ഓരോ മരത്തിലും ഇവ വിവരിച്ചിരിക്കുന്ന ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. മാവൂർ ജി.എച്ച്.എസ്.എസിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾക്കാണ് പരിപാലന ചുമതല.

# ഗ്രാമവനം

മാവൂർ തെങ്ങിലക്കടവിൽ ചെറുപുഴയുടെ തീരത്ത് മൂന്നര ഏക്കറിലെ ഔഷധ വൃക്ഷങ്ങളാൽ സംപുഷ്ടമായതാണ് ഗ്രാമവനം. 2003 ലാണ് പുലരി, ദയ എന്നീ കുടുംബശ്രീ യൂണിറ്റുകൾ ചേർന്ന് വനം വകുപ്പിന്റെ സഹായത്തോടെ ഇവിടെ ഔഷധ സസ്യങ്ങൾ നട്ടുനനച്ച് വളർത്തിയെടുത്തത്.

2015 ൽ ബയോഡൈവേഴ്സിറ്റി ബോർഡിൽ നിന്ന് ലഭിച്ച 50000 രൂപ ചെലവഴിച്ച് ജൈവവേലി സ്ഥാപിച്ചിരുന്നു. 2017 ൽ ഗ്രാമവനത്തിലെ 125 മരങ്ങൾക്ക് ശാസ്ത്രീയനാമം രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 3 ദിശ സൂചിക ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 2020 ൽ 250000 രൂപ വകയിരുത്തി മുളങ്കാടുകൾ വെച്ചുപിടിപ്പിച്ചു.



ഗ്രാമവനത്തിൽ നിന്നും നടന്ന ഗ്രാമസഭ–

## ടൂറിസം

ടൂറിസത്തിന് അനന്ത സാദ്ധ്യതകൾ ഉള്ള ഒരു പഞ്ചായത്താണ് മാവൂർ. ചാലിയാറും ചെറുപുഴയും ഏക്കർ കണക്കിന് വെള്ളക്കെട്ടും നിറഞ്ഞ പ്രദേശമാണ്. അഞ്ച് വാർഡുകളെ തഴുകി തലോടി കടന്ന് പോകുന്ന ചാലിയാർ. 7 വാർഡുകളിലൂടെ കടന്നു പോകുന്ന ചെറുപുഴ. എല്ലാം ടൂറിസത്തിന് സാധ്യതകൾ ഉള്ള സ്ഥലമാണ്. ചാലിയാറിൽ അഡ്വെഞ്ചർ ടൂറിസവും ചെറുപുഴയിൽ പരിസ്ഥിതി സൗഹൃദ ടൂറിസവും. പിന്നെ 300 ഏക്കറോളം വെള്ളക്കെട്ടുള്ള ഇവിടം ഏഷ്യയിൽ തന്നെ ഏറ്റവും വലിയ ടൂറിസകേന്ദ്രമാക്കി മാറ്റാൻ സാധിക്കും. ഒന്നര ഏക്കറോളം വിവിധയിനം മരങ്ങളുള്ള ഗ്രാമവനം, കാവുകൾ എല്ലാം സർക്കാർ മുൻകൈ എടുത്താൽ കമ്മ്യൂണിറ്റി റിസർവ് ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാൻ സാധിക്കും.

# ചെറുകിട വ്യവസായം

2001 ൽ ഗ്രാസിം ഫാക്ടറി അടച്ച് പൂട്ടിയതിന് ശേഷം നാളിത് വരെ കാര്യമായ ഒരു ചെറുകിട വ്യവസായം പോലും മാവൂരിൽ വന്നിട്ടില്ല. മാവൂരിലെ പകുതിയോളം ജനങ്ങളും ഫാക്ടറിയുള്ള സമയത്ത് ഈ തൊഴിലിനെ ആശ്രയിച്ച് മുന്നോട്ട് പോയവരായിരുന്നു. ഫാക്ടറി അടച്ച് പൂട്ടിയിട്ടും ഗൾഫ് രാജ്യങ്ങളിലേക്ക് ജോലി അന്വേഷിച്ച് പോയതല്ലാതെ മാവൂരിൽ ഒരു ചെറുകിട വ്യവയായം തുടങ്ങാൻ പോലും ആരും ശ്രമിച്ചില്ല. ഈ അടുത്ത കാലത്തായി മിനറൽ വാട്ടറിന്റെ ഒരു കമ്പനി, പ്രവാസി ചകിരി കമ്പനി, ഫുഡ് പാക്കിംഗ്, ഹോളോബ്രിക്സ് നിർമ്മാണം, ജനൽ വാതിൽ (സിമന്റ്) ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ ഒഴികെ മറ്റൊന്നും ഉണ്ടായിട്ടില്ല. ഇതാണെങ്കിൽ കുറഞ്ഞ തൊഴിലാളികളെ ഉള്ളതാനും. ചെറൂപ്പ 1 ാം വാർഡിലും 9 ാം വാർഡ് കുതിരാടം പ്രദേശത്തും ക്രഷർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

➔ ഇനി നമുക്ക് സാധ്യതകൾ ഉള്ളത്:-

- **<u>മിനറൽ വാട്ടർ യൂണിറ്റ്</u>**

ജലവിഭവം മാവൂരിന്റെ മാത്രം അനുഗ്രഹമാണ്. ഇത് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിന് യുണിറ്റുകൾ വരേണ്ടതുണ്ട്.

- **<u>ഡിറ്റർജന്റ് യൂണിറ്റ്</u>**

സോപ്പ്, സോപ്പ് പൊടി, ബ്രഷ്, സ്ക്രബ്ബർ, പനോയൽ, വിം കട്ട etc.,

- **<u>ഫുഡ് പ്രൊസ്സസ്സിംഗ് യൂണിറ്റ്</u>**

ചപ്പാത്തി, പൊറോട്ട, കുബ്ബൂസ്, ബ്രഡ് ഐറ്റംസ്, പൊടി ഐറ്റംസ് etc.,

- **<u>പഴങ്ങളുടേയും പച്ചക്കറികളുടേയും വിതരണം, സംഭരണം, എന്നിവയുടെ സ്റ്റാൾ</u>**

പഴങ്ങളും പച്ചക്കറികളുമായി പ്രാദേശിക വിഭവങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ഉണക്കിയും അല്ലാതെയും വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്ന ദീർഘവീക്ഷണത്തോട് കൂടിയ ഒരു പദ്ധതി ആണ് പഞ്ചായത്ത് തയ്യാറാക്കേണ്ടതുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലും നടപ്പിലാക്കണം.

# 4 വിഭവ സമാഹരണം

| ക്രമ നമ്പർ | സ്രോതസ്സ് | 2022-23 |
|---|---|---|
| 1 | വികസന ഫണ്ട് | |
| | - പൊതു വിഭാഗം | 17983000 |
| | - പട്ടികജാതി ഉപപദ്ധതി | 8166000 |
| | - പട്ടികവർഗ്ഗ ഉപപദ്ധതി | |
| 2 | ധനകാര്യ കമ്മീഷൻ വിഹിതം | 8371000 |
| 3 | മെയിൻറനൻസ് ഫണ്ട് | |
| | റോഡ് | 12609000 |
| | റോഡിതരം | 5046000 |
| 4 | പൊതു ആവശ്യ ഫണ്ട് | 15955000 |
| 5 | തനത് ഫണ്ട് | 700000 |
| 6 | ആവിഷ്കൃത പദ്ധതികൾ | |
| | സംസ്ഥാനം | 2500000 |
| | കേന്ദ്രം | 1000000 |
| 7 | ഗുണഭോക്തൃ വിഹിതം | 500000 |
| 8 | വായ്പ | 0 |
| 9 | ഇതര തദ്ദേശ സ്ഥാപനങ്ങൾ | |
| | ഗ്രാമം | |
| | ബ്ലോക്ക് | 2000000 |
| | ജില്ല | 4000000 |
| | നഗരസഭ | ഇല്ല |
| | | |

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി നികുതി, ഫീസ്, വാടക, ലേല തുക തുടങ്ങി ലഭിക്കേണ്ട മുഴുവൻ നികുതി നികുതിയേതര വരവുകളും പൂരിണ്ണമായും നിർണ്ണയിക്കുന്നതിനും അവ മുഴുവനായും പിരിച്ചെടുക്കുന്നതിനും,
കൂടാതെ മുഴുവൻ തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും അതാത് വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.

# 5 വികസനമേഖല

## കൃഷി

### 1996 ൽ കാർഷികമേകലയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങളും ഇന്നത്തെ സ്ഥിതിയും

| 1996 ലെ അവസ്ഥ | ഇന്നത്തെ സ്ഥിതി |
|---|---|
| കാർഷിക തൊഴിലിനോടുളള ആഭിമുഖ്യ കുറവും വിദഗ്ദതൊഴിലാളികളുടെ കുറവും കൂലി വർദ്ധനവും മറ്റ് ഉൽ പാദനോപാധികളുടെ വിലവർദ്ധനവും സർ വ്വോപരി കാർഷികോൽപന്നങ്ങളുടെ വിലയിടിവും മറ്റും കൃഷിയെ അനാകർ ഷമാക്കുന്നു. | സർക്കാറിന്റെ വിവിധ ധനസഹായ പദ്ധതികൾ കർഷകർക്ക് സഹായമായതിനാൽ കർഷകരെ കൂടുതൽ കൃഷിയിലേക്ക് ആകർ ഷകമാക്കി. |
| പഞ്ചായത്തിലെ ഭൂരിഭാഗം കരപ്രദേശങ്ങളും കുന്നിൻ പ്രദേശമായതിനാൽ ഗുരുതരമായ മണ്ണൊലിപ്പും വരൾച്ചയും അനുഭവപ്പെട്ടിരുന്നു. | വരൾച്ച നേരിടുന്നതിന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവും കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും സഹായകരമായിട്ടുണ്ട്. ചെറുപുഴയിലെ നൊച്ചിക്കാട്ട് കടവിൽ നിന്ന് മണക്കാട്ട്പാടം തോട് വഴി മണക്കാട്ട് പാടം, പുഞ്ചപ്പാടം, ചാലിപ്പാടം എന്നിവിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതുമായ ഒരു പുതിയ പദ്ധതിയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. IWMP വഴി തോടുകളും കുളങ്ങളും നവീകരിച്ചു. നഗരസഞ്ചയം ഫണ്ട് ഉപയോഗിച്ച് കൽപള്ളി തോട് നവീകരണം പൂർത്തീകരിച്ചു. 2021–22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടക്കുളങ്ങര കുളം നവീകരണം പദ്ധതി നടപ്പിലാക്കി വരുന്നു. |
| നാളികേരത്തിന് സ്ഥായിയായ വിലയില്ലായ്മ, വേണ്ടത്ര ജലസേചനസൗകര്യമില്ലായ്മ വർ ദ്ധിച്ചുവരുന്ന കൺസ്ട്രക്ഷനുകൾ, നല്ലയിനം തൈകൾ ഉപയോഗപ്പെടുത്താത്തതും ഈ മേഖലയിലെ പ്രധാനപ്രശ്നങ്ങളാണ്. | നാളികേരത്തിന് സ്ഥായിയായ വില കൂടിയിട്ടുണ്ടെങ്കിലും കർഷകർക്ക് വരുമാനം ലഭിക്കുന്നില്ല. നല്ലയിനം തൈകൾ ലഭിക്കുന്നുണ്ട്. ഓരോ വീട്ടിലും നല്ലയിനം കുറ്റ്യാടി തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനുളള പദ്ധതി നടന്നു വരുന്നു. |

| | |
|---|---|
| ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം നടക്കായ്കയും ജൈവവളത്തിന്റെ ലഭ്യതക്കുറവും ഉൽപാദനത്തോതും മണ്ണിന്റെ ഫലഭൂയിഷ്ഠിയെത്തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്. | ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം നടത്തുന്നുണ്ട്. എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജൈവ-രാസവളം നൽകി വരുന്നുണ്ട്. |
| മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗങ്ങൾ നടക്കുന്നില്ല. | മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗങ്ങൾ നടക്കുന്നുണ്ട് |
| നെൽകൃഷിയുടെ പ്രധാനപ്പെട്ട കീടരോഗങ്ങളും കുഴൽപുഴു, തണ്ടു തുരപ്പൻ, ചാഴി അത്പോലെ ബ്ലാസ്റ്റ് രോഗവും പ്രശ്നമായിരുന്നു. | ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗങ്ങൾ നടക്കുന്നുണ്ട്. |
| തെങ്ങിനെ സംബന്ധിച്ച് കൂമ്പ് ചീയൽ, ചെന്നീരൊലിപ്പൻ, കൊമ്പൻ ചെല്ലിയുടെ ആക്രമണം എന്നിവ കണ്ടുവന്നിരുന്നു. | നൂതനമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. |
| കുരുമുളകിന് വ്യാപകമായ ദ്രുതവാട്ടം ഉണ്ടായിരുന്നു. | കുരുമുളക് ഉൽപാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. അതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. |
| വാഴകൃഷിയിൽ ഇലപ്പുള്ളി രോഗം, കുറനാമ്പ് രോഗം, കൊക്കാൻ രോഗം എന്നിവയാണ് കൂടുതലായും കണ്ടിവന്നിരുന്നത്. | ശാസ്ത്രീയമായ രീതിയിലുള്ള ജൈവകീടനാശിനി പ്രയോഗങ്ങൾ നടക്കുന്നുണ്ട്. |

**നെൽകൃഷി–**

- നിലവിൽ കുറഞ്ഞ ഉൽപാദനക്ഷമത.ഒരു പൂൽകൃഷി ഇരു പൂൽകൃഷിയാക്കി മാറ്റുക.
- പരമാവധി ഭൂവിനിയോഗം നടത്തി ഉൽപാദനവും വർദ്ധിപ്പിച്ചഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.
- കാർഷിക യന്ത്രവൽക്കരണം, ഉൽപാദനക്ഷമതയുള്ള വിത്ത്, ജലസേചന ജലനിർഗ്ഗമന പദ്ധതികൾ നടപ്പിലാക്കുക.

**വാഴകൃഷി–**

- നിലവിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ അഭാവം
- കാർഷിക സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക
- കാർഷിക മേഖലയിൽ ഉൽപന്ന വൈവിധ്യവൽക്കരണം മൈക്രോസംരംഭങ്ങൾ ആവിഷ്കരിക്കുകയും മൈക്രോക്ലസ്റ്റർ ഉണ്ടാക്കുകയും ചെയ്യുക.
- മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് സംരംഭങ്ങൾ ആരംഭിക്കുക.
- വാഴകൃഷിയിൽ നിന്ന് ജൈവവള യൂണിറ്റ് നിർമ്മിക്കുക.

**തെങ്ങ്കൃഷി–**

- നിലവിലെ കുറഞ്ഞ ഉൽപാദനക്ഷമത
- ഉൽപന്ന വൈവിധ്യവൽക്കരണത്തിന്റെ കുറവ്
- പുതിയ തെങ്ങിൻതൈകൾ വെക്കുവാൻ ബോധവൽക്കരണം നടത്തുക
- നാളികേര വൈവിധ്യവൽക്കരണം നടത്തുന്നതിനുതകുന്ന സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക
- നൂതന കാർഷികസംരംഭങ്ങൾ കൃഷിയിൽ നടപ്പിൽ വരുത്തുക.
- നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് സംരംഭങ്ങൾ ആരംഭിക്കുക.
- ജലസേചന പദ്ധതി വിപുലീകരിക്കുക.

# മൃഗസംരക്ഷണം

## 1996 ലെ അവസ്ഥ

വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം

| | |
|---|---|
| ജാതി പശു | 1045 |
| നാടൻ പശു | 2517 |
| എരുമ | 46 |
| ആട് | 831 |
| നായ | 611 |
| കോഴി<br>നാടൻ<br>സങ്കര ഇനം | 17924<br>529 |
| താറാവ് | 61 |

## ഇന്നത്തെ അവസ്ഥ

മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021–22 വാർഷിക പദ്ധതിയിൽ കർഷകർക്ക് 2021 ഏപ്രിൽ, മേയ്, ജൂൺ മാസത്തിനുള്ളിൽ അധിക വില നൽകുന്നതിന് ഒരു വലിയ തുക നീക്കി വെച്ചത് നല്ലതായിരിന്നു. 2019–20 വർഷം 169 കൃഷിക്കാർക്ക് ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ആകെ 8 ലക്ഷം രൂപ കിട്ടിയത് നല്ല ഗുണം

ചെയ്തിട്ടുണ്ട്. മാവൂർ പഞ്ചായത്ത് ക്ഷീരഗ്രാമമായി പ്രഖ്യാപിക്കത്തക്ക വിധം 14ാം പഞ്ചവത്സര പദ്ധതിയിൽ തുക വകയിരുത്തുന്നത് ആലോചിക്കുന്നത് നല്ലതാണ്. മാവൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ 2020-21 വർഷത്തെയും 2019-20 വർഷത്തെയും ഭരണ റിപ്പോർട്ട് ക്ലാസ്സ് V ആക്കിയിട്ടുണ്ട്. പാൽവർദ്ധനവ് ഉണ്ടാകണമെങ്കിൽ എല്ലാവരുടെയും വീട്ടിൽ ഒരു കറവ പശു തന്നെയെങ്കിലും ഉണ്ടാകണം. 2017 ൽ ദിവസം 1350 ലിറ്റർ പാൽ ഉണ്ടായിരുന്ന സംഘത്തിൽ ഇപ്പോൾ 135 ലിറ്റർ പാൽ ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിന്ന് കാര്യമായ സഹായം ചെയ്തു തന്നത് കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ആണ്. ഈ ബേങ്കിന്റെ പ്രവർത്തന പരിധി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്താണ്. നമ്മുടെ സംഘത്തിന്റേത് മാവൂർ പഞ്ചായത്താണ് പ്രവർത്തന പരിധി. 1263 മെമ്പർമാരും 71940 രൂപ ഓഹരി മൂലധനവുമായി വർദ്ധിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ മെമ്പർഷിപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 217 കറവ കൃഷിക്കാർ ഉണ്ടായിരുന്നതിൽ വർദ്ധനവ് വന്ന് കൊണ്ടെയിരിക്കുന്നു.

200 ഏക്കർ നെൽവയൽ ആയക്കെട്ടായി നടപ്പാക്കിയ കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തന പരിധിയിൽ മൂന്നരേക്കർ നെൽവയലിൽ മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ. ബാക്കി വരുന്ന വയൽ ഭാഗം നേന്ത്രവാഴകൃഷിക്ക് പാട്ടത്തിന് കൊടുത്ത പ്രദേശമായി മാറിയിരിക്കുകയാണ്. നേന്ത്രവാഴകൃഷിക്കാരുടെ കളനാശിനി കീടനാശിനി പ്രയോഗം വലിയ ആപത്തായി മാറിയിരിക്കുന്നു. വെള്ളനൂർ ലിഫ്റ്റ് ഇറിഗേഷൻ പരിധിയിൽ വന്ന നെൽകൃഷിയുടെ വളർച്ച കണ്ണിപറമ്പ ഇറിഗേഷൻ പരിധിയിലും ഉണ്ടാക്കാൻ കാര്യമായ ഇടപെടലും ആവശ്യമാണ്. മാവൂർ പഞ്ചായത്തിൽ കന്നുകാലി സമ്പത്ത് വർദ്ധിക്കുകയും,കുളമ്പ് രോഗ കുത്തിവെയ്പിന്റെ എണ്ണം കൂടുകയും, മുട്ട ഉദ്പാദനത്തിൽ സ്വയം പര്യാപ്തതനേടുകയും കോഴികളുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്തു.

- നിലവിൽ മാവൂർ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിക്കുകയും മുട്ട ഉദ്പാദനത്തിൽ സ്വയം പര്യാപ്തതനേടുകയും ചെയ്തു.
- 
- കുളമ്പ് രോഗ കുത്തിവെയ്പ്പ് വർദ്ധിച്ചു.
- കോഴികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ്.
- പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിച്ച് ഉണ്ടാക്കുന്ന മുഴുവൻ പശുക്കുട്ടികളെയും പഞ്ചായത്തിൽ തന്നെ നിലനിർത്തി ആരോഗ്യമുള്ള പാലുല്പാദനം കൂടി പശുക്കളാക്കി മാറ്റുക.
- പുതിയ മൃഗാശുപത്രി കെട്ടിടം.
- മൊബൈൽ മെഡിക്കൽ യൂണിറ്റ്.

## ആരോഗ്യം

| 1996 ലെ പ്രശ്നങ്ങൾ | ഇന്നത്തെ അവസ്ഥ |
|---|---|
| പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ഇല്ലായിരുന്നു. | 2020 ൽ ആയുർവേദ ഡിസ്പെൻസറി സ്ഥാപിച്ചു. |
| ഫീൽഡ് വർക്കർമാരുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നില്ല. | ഫീൽഡ് വർക്കർമാരുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നുണ്ട്. |
| മൽസ്യവിൽപന മാർക്കറ്റ് ഇല്ലായിരുന്നു. | ആധുനിക രീതിയിലുള്ള മൽസ്യ മാർക്കറ്റ് പ്രവർത്തിക്കുന്നു. |
| പഞ്ചായത്തിന്റെ ശുചീകരണത്തിൽ ഹെൽത്ത് ഇൻസ് പെക്ടർമാരുടെ ശ്രദ്ധ ആവശ്യത്തിന് ഇല്ലായിരുന്നു. | ആഴ്ചയിലൊരിക്കൽ ഹോട്ടലുകൾ, മൽസ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരുന്നു. |

- ഹോമിയോ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- പി എച്ച് സി സ്ഥാപിക്കുക
- ആയുർവേദ ആശുപത്രിയിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുക.
- ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ.
- മൊബൈൽ മെഡിക്കൽ യൂണിറ്റ്.

## പൊതുഭരണവും ധനകാര്യവും



### 1996 ലെ അവസ്ഥയും നിലവിലെ അവസ്ഥയും

മാവൂർ ഗ്രാമ പഞ്ചായത്ത് 1996 ലെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഭരണപരമായ പശ്ചാത്തല സൌകര്യ മേഖലയിൽ വളരെ പരിമിതമായ സാഹചര്യങ്ങൾ

ആണ് ഉണ്ടായിരുന്നത്.ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന ആദ്യ കെട്ടിടം വളരെയധികം സ്ഥല പരിമിതി ഉള്ളതായിരുന്നു. 2019 ലാണ് കൂടുതൽ സൌകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടത്തിലേക്ക് മാറിയത്.മതിയായ സൌകര്യങ്ങൾ ഇല്ലാതിരുന്ന പഴയ ഓഫീസിൽ നിന്നും ജീവനക്കാർക്ക് അവശ്യം വേണ്ട എല്ലാ സൌകര്യങ്ങളോടും കൂടിയ പുതിയ ഓഫീസിലേക്ക് മാറാൻ കഴിഞ്ഞത് ഗ്രാമ പഞ്ചായത്ത് ഓഫീസ് കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രക്രിയയിലെ ഒരു പ്രധാന നാഴിക കല്ലായിരുന്നു.

എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന മേഖല 1996 നെ അപേക്ഷിച്ച് 100 ഇരട്ടിയായി വർദ്ധിക്കുകയും ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഓരോമേഖലയിലും പഞ്ചായത്തിൻറെ ഇടപെടൽ ഉണ്ടാവേണ്ടി വരുന്നുണ്ട്. ജീവനക്കാരുടെ എണ്ണം 25 വർഷക്കാലയളവിൽ ആനുപാതികമായി വർദ്ധിക്കാത്തത് പഞ്ചായത്തുകൾ നിലവിൽ നേരിടുന്ന ഏറ്റവും വലിയ ഭരണ പ്രതിസന്ധിയായി അവശേഷിക്കുന്നു.

## പാർപ്പിടം

### 1996 ലെ അവസ്ഥ

മാവൂർ ഗ്രാമപഞ്ചായത്തിലെ 5097 വീടുകളിൽ 743 കോൺക്രീറ്റ് വീടും 2758 ഓടിട്ടവീടും 1168 ഓലവീടുകളുമാണുണ്ടായിരുന്നത്.
ഇതിൽ ഏകദേശം 10% മൊസൈക്ക്, കടപ്പ എന്നിവകൊണ്ട് നിർമ്മിച്ച തറകളാണുള്ളത്. ബാക്കിയുള്ളത് സിമന്റും ചാണകവും ഉപയോഗിച്ചുള്ള തറകളായിരുന്നു.തമിഴ്നാട്ടിൽ നിന്നും ജോലി ആവശ്യാർത്ഥം ഇവിടെ വന്നു താമസിക്കുന്നവരാണ് സ്വന്തമായി വീടില്ലാത്തവരിൽ പലരും.

1996 ൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങളും ഇന്നത്തെ സ്ഥിതിയും അവലംബം വികസനരേഖ 1996.

| **1996** ലെ പ്രശ്നങ്ങൾ | ഇന്നത്തെ അവസ്ഥ |
|---|---|
| ദുർവ്യയ ഭവനനിർമ്മാണത്തെ നിരുൽസാഹപ്പെടുത്തുന്നതിന് അധിക നികുതിയൊന്നും അന്ന് ഉണ്ടായിരുന്നില്ല. | ദുർവ്യയ ഭവനനിർമ്മാണത്തെ നിരുൽസാഹപ്പെടുത്തുന്നതിന് ഇപ്പോൾ ഒറ്റത്തവണ അമിത നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. |
| സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു | സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഇല്ല. |
| വിവിധ തരം ഭവനനിർമ്മാണ വായ്പകൾക്ക് സംഖ്യ കുറവായിരുന്നു. | ഭവനനിർമ്മാണ വായ്പകൾക്ക് ഇപ്പോൾ സംഖ്യ വർദ്ധിപ്പിച്ചു. |

- ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയിൽ 1996–2012 കാലയളവിൽ പട്ടികജാതി വിഭാഗക്കാർക്ക് 180 വീടുകളും ജനറൽ വിഭാഗക്കാർക്ക് 119 വീടുകളും ഉൾപ്പെടെ 299 വീടുകൾ അനുവദിച്ചു.
- മാവൂർ ഗ്രാമപഞ്ചായത്ത് വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ 1996–2012 കാലളവിലായി 171 വീടുകൾ ജനറൽ വിഭാഗക്കാർക്കും 16 വീടുകൾ പട്ടികജാതി വിഭാഗക്കാർക്കും അനുവദിച്ചു.

* 2003–2006 കാലയളവിൽ മാവൂർ ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗക്കാരായ 14 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകി.
* 2007–2010 കാലയളവിൽ ജില്ലാ പഞ്ചായത്ത് ധനസഹായത്തിൽ 28 പേർക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകി.
* 20004–2006 കാലയളവിൽ ലക്ഷം വീട് ഒറ്റ വീട് ഇരട്ട വീടാക്കൽ പദ്ധതിയില് 26 വീട്ടുകൾ അനുവദിച്ചു.
* 2002 മുതല് 2012 വരെയുള്ള കാലളവിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസ് വഴി 114 വീടുകൾ അനുവദിച്ചിട്ടുണ്ട്.
* പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽ 2012–17 ൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയിൽ പൊതുവിഭാഗത്തിന് 115 ഉം പട്ടികജാതി വിഭാഗത്തിന് 114 ഉം ഉൾപ്പെടെ 229 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ കുന്ദമംഗലം ബ്ലോക്ക് പട്ടികജാതി ഓഫീസ് വഴി 29 വീടുകൾ അനുവദിച്ചിട്ടുണ്ട്.
* 12ാം പഞ്ചവത്സര പദ്ധതി കാലത്ത് മാവൂർ ഗ്രാമപഞ്ചായത്ത് 2013–14 സാമ്പത്തിക വർഷത്തിൽ എസ്.സി വിഭാഗക്കാർക്ക് 21 വീടുകളും 2014–15 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗക്കാർക്ക് 27 വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
* 2016–2017 സാമ്പത്തിക വർഷത്തിൽ ലക്ഷം വീട് ഒറ്റ വീട് ഇരട്ട വീടാക്കൽ പദ്ധതിയിൽ 2 വീടുകൾ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. ഈ കാലയളവിൽ കുന്ദമംഗലം ബോക്ക് പട്ടികജാതി വികസന ഓഫീസ് വഴി ഭൂമി വാങ്ങുന്നതിന് 20 പേർക്ക് ധനസഹായം ലഭിച്ചു.
* 2017–18 ൽ സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണം ജനറൽ 8 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി പൂർത്തീകരിച്ചു.
* 2017–18 ൽ 10 കുടുംബങ്ങൾക്ക് കുടിവെള്ളക്കിണർ അനുവദിക്കുകയും ആയവ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
* 2017–18 ൽ ലക്ഷം വീട് ഇരട്ടവീട് ഒറ്റവീടാക്കൽ ജനറൽ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഭവന പൂർത്തീകരണം നടത്തി.
* 2017–18 വാസയോഗ്യമാക്കല് പദ്ധതിയിൽ 33 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് പൂർത്തീകരിച്ചു.
* 2017–18 ലൈഫ് ഭവന പൂർത്തീകരണം ജനറൽ 15 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഭവന പൂർത്തീകരണം നടത്തി.
* 2017–18 ലൈഫ് ഭവന പൂർത്തീകരണം SC ഗുണഭോക്താക്കളായ 15 പേർക്ക് ഭവന പൂർത്തീരണത്തിനായി ധനസഹായം നൽകി.
* 2017–18 ൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നടപ്പിലാക്കി വരുന്ന IAY ലൈഫ് ഭവന പൂർത്തീകരണത്തിൽ 25 ഗുണഭോക്താക്കളിൽ എല്ലാവരും ഭവന പൂർത്തീകരണം നടത്തി. കൂടാതെ കുന്ദമംഗലം ബ്ലോക്കിനു കീഴിൽ വന്ന PMAY പദ്ധതിയിൽ ഉൾപ്പെട്ട 12 പേരിൽ 6 പേർ ഭവന പൂർത്തീകരണം 2017–18 നടത്തി ബാക്കി വന്ന 6 പേർ 2018–19 കാലയളവിൽ പൂർത്തീകരിച്ചു.
* 2018–19 ലക്ഷം വീട് ഇരട്ടവീട് ഒറ്റവീടാക്കൽ 2 ഗുണഭോക്താക്കളിൽ 2 എണ്ണം പൂർത്തീകരിച്ചു.
* 2018–19 സാമ്പത്തിക വർഷത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ 6 ഗുണഭോക്താക്കളിൽ 6 ഉം പൂർത്തീകരിച്ചു.
* 2018–19 ലെ ലൈഫ് ഭവന നിർമ്മാണം ജനറൽ, SC വിഭാഗത്തിൽ ഉൾപ്പെട്ട 49 പേരിൽ 14 പേർ ഭവന പൂർത്തീകരണം നടത്തി. ബാക്കി വരുന്ന ഗുണഭോക്താക്കളിൽ 29 പേർ 2019–20 ൽ ഭവന പൂർത്തീകരണം നടത്തി.
* 2019–20 സാമ്പത്തിക വർഷത്തിൽ SC ഗുണഭോക്താക്കളായ 7 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 1,50,000 രൂപ വീതം നൽകി.
* 2019–20 ലെ ലൈഫ് ഭവന നിർമ്മാണം 8 ഗുണഭോക്താക്കൾ പൂർത്തീകരിച്ചു.

* 2019 ലെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റ് പരിശോധിച്ചതിൽ 68 ഗുണഭോക്താക്കളെ കണ്ടെത്തി ക്ലസ്റ്റർ ലിസ്റ്റിൽ ഉൾപ്പെടുത്തി.
* 2020–22 ൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 18 പേർക്ക് വീടിന് ധനസഹായം നൽകി. ഇതിൽ 10 പേർ പൂർത്തീകരിച്ചു.
* കുന്ദമംഗലം SC ഡിപ്പാർട്ട്മെന്റിൽ നിന്ന് കൈമാറിക്കിട്ടിയ SC Additional ലിസ്റ്റിൽ ഉൾപ്പെട്ട 27 അർഹരായ ഗുണഭോക്താക്കളിൽ 17 പേർക്ക് ധനസഹായം നൽകി. ഇതിൽ 4 പേരുടേത് പൂർത്തീകരിച്ചു. ബാക്കിയുള്ള ഭവനങ്ങൾ പൂർത്തീകരിച്ചു വരുന്നു.
* 10 SC ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് പ്രോജക്ട് വെച്ചു. അതിന്റെ പണികൾ പുരോഗമിച്ചു വരുന്നു.
* SC ഗുണഭോക്താക്കൾക്ക് വീട് വയറിംഗിനായി വെച്ചത് പരിശോധന പൂർത്തീകരിച്ചു വരുന്നു.

## നിർദ്ദേശങ്ങൾ

- ലൈഫ് ഭവന പദ്ധതി (ജനറൽ)
- ലൈഫ് ഭവന പദ്ധതി (എസ്.സി)
- വീട് റിപ്പയർ (ജനറൽ)
- വീട് റിപ്പയർ (എസ്.സി)
- ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ
- സർവ്വേ നടത്തി അർഹരായവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുക.



# 25 വർഷത്തെ വിലയിരുത്തൽ

## നേട്ടങ്ങൾ

**• സമഗ്രമായ വികേന്ദ്രീകരണം**

ആസൂത്രണപരവും, ധനപരവും, ഭരണപരവുമായ വികേന്ദ്രീകരണം സാദ്ധ്യമായി. ധനപരമായ വികേന്ദ്രീകരണം ബഡ്ജറ്റിൻ്റെ ഭാഗമായി തന്നെ നടന്നു. ജനപങ്കാളിത്തത്തോടെ താഴെത്തലംവരെയുള്ള ആസൂത്രണ പ്രക്രിയ രൂപപ്പെട്ടു. ഭരണപരമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ മാവൂർ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വളരെയേറെ മെച്ചപ്പെട്ടു.

**• വിഭവ കൈമാറ്റം**

ജനകീയാസൂത്രണത്തെ തുടർന്നുള്ള 25 വർഷം ചെറിയ ഏറ്റക്കുറച്ചിലുകളോട് കൂടി ആണെങ്കിലും സംസ്ഥാന ബഡ്ജറ്റിൻ്റെ 20 ശതമാനത്തിൽ കുറയാത്ത തുക പഞ്ചായത്തിന്റെ വികസന ആസൂത്രണത്തിനും നടത്തിപ്പിനുമായി ലഭിക്കുന്നുണ്ട്.

സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ ഭാഗമായി പൊതു, റോഡ് മെയിന്റെനസ് ഗ്രാന്റുകൾ എന്നിവയും ലഭിക്കുന്നതിനാൽ ഇത് ഘടക സ്ഥാപനങ്ങളിലെ പൊതുആസ്തികൾ, റോഡുകൾ എന്നിവയുടെ ഗുണനിലവാരം നിലനിർത്താൻ സഹായകമായി.

14–ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൂട്ടുതലായി ലഭിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണവും, നടത്തിപ്പും മാവൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രാദേശിക തൊഴിൽദാന ശേഷിയെ വിപുലപ്പെടുത്തി.

**• പൊതു തദ്ദേശ ഭരണ സർവ്വീസ്**

ഏറെ കാലത്തെ ആവശ്യമായിരുന്നു ഏകീകൃത തദ്ദേശ ഭരണ സർവ്വീസ്. അഞ്ചു വകുപ്പുകളെ ഏകോപിപ്പിച്ച് ഈ സംവിധാനം അടുത്ത കാലത്തായി കൊണ്ടുവരാനായി എന്നത് ഒരു പ്രധാന നേട്ടമാണ്.

**• പ്രാദേശിക ആസൂത്രണത്തിന് ഒരു രീതി ശാസ്ത്രം**

പദ്ധതി ആസൂത്രണത്തിന് വികസനരേഖ, കരട് പദ്ധതി രേഖ, ഗ്രാമസഭ ചർച്ചകൾ, വികസന സെമിനാർ, അന്തിമപദ്ധതി രേഖ, ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി എന്ന ഒരു ആസൂത്രണ രീതി ശാസ്ത്രം വികസിപ്പിച്ചു.

അയൽക്കൂട്ടങ്ങൾ, പദ്ധതി നിർവഹണത്തിനുള്ള ഗുണഭോക്തൃ സമിതികൾ എന്നിവയെ ജനകീയ സംവിധാനങ്ങൾ എന്ന നിലയിൽ അവതരിപ്പിച്ചു.

സ്ത്രീകൾ, പട്ടിക ജാതിക്കാർ, പട്ടിക വർഗ്ഗക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന ആസൂത്രണ നിർവഹണ പ്രക്രിയയിൽ നൽകി. ആസൂത്രണത്തിനുള്ള പ്രത്യേക കർമ്മസമിതികൾ, വനിതാ ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി, പട്ടികജാതി ഘടക പദ്ധതി എന്നിവ വഴി പ്രാദേശിക വികസനത്തിൽ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി.

• സ്ത്രീകളുടെ അധികാരവത്കരണം

ജനപ്രതിനിധി സ്ഥാനത്തേക്ക് മാത്രമല്ല, ഭരണ ചുമതലകളിലേക്കും സ്ത്രീകൾക്ക് പ്രത്യേക പരിഗണന നിയമപരമായി ലഭിച്ചു. ആദ്യഘട്ടത്തിലെ 33 ശതമാനത്തിൽ നിന്ന് 2010ൽ ഇത് 50 ശതമാനത്തിലേക്ക് ഉയർന്നു. വനിതകളുടെ വർദ്ധിത പങ്കാളിത്തം ഭരണ നേതൃത്വത്തിൽ ഉണ്ടാകാൻ ഇത് സഹായിച്ചു.

• കുടുംബശ്രീ പ്രസ്ഥാനം

മാവൂർ ഗ്രാമപഞ്ചായത്തിൽ 2003ൽ ആണ് കുടുംബശ്രീ സംവിധാനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത് നിലവിൽ 18 ADS കളിലുമായി 331 അയൽക്കൂട്ടങ്ങൾ ഉണ്ട് ഇതിൽ 22 SC അയൽക്കൂട്ടങ്ങളും, 3 ഭിന്നശേഷി അയൽക്കൂട്ടവും, 19 വയോജന അയൽക്കൂട്ടങ്ങളും ഉൾപ്പെടുന്നു. അകെ 5645 അംഗങ്ങൾ ഉണ്ട്. ഇതിൽ 3368 പേർ BPL അംഗങ്ങളും, 2294 പേർ APL അംഗങ്ങളും ആണ്. അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടുകൾ കോ.ഓപ്പറേറ്റീവ് ബാങ്ക്, കെ ഡി സി ബാങ്ക്, ഗ്രാമീൺ ബാങ്ക് എന്നീ ബാങ്ക് കളിലാണ്. നിലവിൽ 47 അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് വായ്പ എടുത്തവയാണ്. 2021 -22 വർഷത്തിൽ മാത്രം ലിങ്കേജ് വായ്പയായി 23025000 രൂപ നൽകിയിട്ടുണ്ട്. ലിങ്കേജ് വായ്പ എടുത്ത എല്ലാ ആയൽക്കൂട്ടങ്ങൾക്കും മാച്ചിങ്ങ് ഗ്രാൻഡ് ലഭ്യമാക്കിയിട്ടുണ്ട്.

2021 -22 വർഷത്തിൽ 39 അയൽക്കൂട്ടങ്ങൾക്ക് 165095 രൂപ മാച്ചിങ് ഗ്രാൻഡ് നൽകി, 18 ADS നു VRF ആയി 1800000 /- രൂപ നൽകി. 35 അയൽക്കൂട്ടങ്ങൾക്ക് 15000 രൂപ വീതം 525000 രൂപ RF അനുവദിച്ചു. 4 % പലിശക്ക് CEF വായ്പയായി 2021-22 വർഷത്തിൽ 1050000 രൂപ 12 സംരംഭങ്ങൾക്ക് നൽകിയിട്ടുണ്ട്. 3 പശുവളർത്തൽ യൂണിറ്റുകൾക്ക് സബ്സിഡിയായി 1312500/- രൂപയും 10 ആടുവളർത്തൽ 4 യൂണിറ്റുകൾക്ക് 50000 രൂപ വീതം 200000 രൂപയും നൽകിയിട്ടുണ്ട്. ലിങ്കേജ് വായ്പ സബ്സിഡിയായി 161 അയൽക്കൂട്ടങ്ങൾക്ക് 1571612 രൂപ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ സബ്സിഡിയായി 2009403 രൂപയും നൽകിയിട്ടുണ്ട്. കോർപ്പസ്ഫണ്ട് ഇനത്തിൽ 6 വയോജന അയൽക്കൂട്ടങ്ങൾക്ക് 30000/- രൂപയും PMFME സംരംഭങ്ങൾക്ക് ടെക്നോളജി ഫണ്ടായി 190000/- രൂപയുംനൽകിയിട്ടുണ്ട്.

പ്രത്യാശ ME സഹായമായി 50000 രൂപ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് സംരംഭം തുടങ്ങുന്നതിന് നൽകി. 200000 രൂപ പ്രവാസി ഭദ്രത പരിപാടി പ്രകാരം 2 പേർക്ക് ധനസഹായം നൽകി. 2009403 രൂപ മുഖ്യമന്ത്രിയുടെ സഹായ ഹസ്തത്തിന്റെ സബ്സിഡി കിട്ടി. റിവോൾവിംഗ് ഫണ്ടായി ജനകീയ ഹോട്ടലിന് 50000 രൂപ നൽകി. 2021-22 ൽ മത്സ്യകുളം യൂണിറ്റിന് 20000 രൂപയും, കോഴിയും കൂടും പദ്ധതി പ്രകാരം 5000 രൂപ വീതം 7 പേർക്ക് 35000 രൂപ നൽകി. ആടുവളർത്തൽ 120000 രൂപയും കോഴിവളർത്തലിൽ 65000 രൂപയും നൽകി. 2 ഗ്രൂപ്പിന് പശുവളർത്തലിന് 100000 രൂപ നൽകി.

• ഗ്രാമീണ ജീവിത ഗുണനിലവാരം ഉയർത്തൽ

മനുഷ്യരുടെ അടിസ്ഥാന ജീവിത ഗുണനിലവാരം ഉയർത്തുന്നതിൽ അധികാര വികേന്ദ്രീകരണം വലിയ പങ്കു വഹിച്ചു. പഞ്ചായത്തിലെ ദരിദ്രരുടെ ഭവനരാഹിത്യം, വൈദ്യുതി ലഭ്യത, കുടിവെള്ള ലഭ്യത, സാനിറ്റേഷൻ സൗകര്യം എന്നിവ വലിയ തോതിൽ പരിഹരിക്കപ്പെട്ടു. ഗ്രാമീണ റോഡ് ശൃംഖലകൾ വലിയ തോതിൽ വിപുലീകരിക്കപ്പെട്ടു. ചെറിയ വഴികൾ പോലും സിമന്റിട്ട് നന്നാക്കി.

കുളങ്ങൾ പുനരുദ്ധരിച്ചു. ഓടകൾ വൃത്തിയാക്കി. കൂടുതൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചു. അംഗനവാടികൾക്ക് പുതിയ കെട്ടിടം പണിതു.

ദരിദ്രരുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റം നിർണ്ണായകമാണ്. ദളിതരിൽ 95 ശതമാനത്തിന് മുകളിൽ വരുന്നവരുടെ ഭവനസ്ഥിതി മെച്ചപ്പെടുത്താനായി എന്നത് ഏറെ പ്രസക്തമാണ്. അധികാര വികേന്ദ്രീകരണം പിൻതുടർന്ന മുൻഗണനാ മാനദണ്ഡങ്ങൾ ദരിദ്രരുടെ ജീവിതത്തിൽ ഗുണകരമായ മാറ്റമുണ്ടാക്കി.

**• പൊതു ആസ്തികളുടെ വിപുലീകരണം**

പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, മൃഗ സംരക്ഷണ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടു. നല്ലൊരു വിഭാഗം സ്ഥാപനങ്ങൾ ആധുനീകരിക്കപ്പെട്ടു. സ്ഥാപനങ്ങളുടെ സേവന ഗുണത ഉയർന്നു. ആരോഗ്യ മേഖലയുടെ കാര്യത്തിൽ ഇത് ഏറെ പ്രതിഫലിച്ചു. നിലവിൽ കോവിഡ് 19 പോലുള്ള മഹാമാരികളെ നേരിടാൻ വികേന്ദ്രീകൃത ആരോഗ്യ സംവിധാനം വലിയ പിന്തുണ നൽകി.

തെരുവുവിളക്കുകളുടെ വ്യാപനം - പരിപാലനം, റോഡുകളുടെ നിർമ്മാണം - പരിപാലനം തുടങ്ങി പൊതു ആസ്തികളുടെ വികസനത്തിൽ വലിയ പങ്കു വഹിച്ചു.

പുതിയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കം ഓഫീസ് കെട്ടിടം, ഓഡിറ്റോറിയം, പുതിയ ആയുർവേദ ആശുപത്രി കെട്ടിടം എന്നിവ ഇതിനുദാഹര ണമാണ്.

**• വേഗത്തിലായ സേവനങ്ങൾ**

പഞ്ചായത്ത് വഴി നൽകുന്ന സേവനങ്ങളുടെ വേഗത ഏറെ വർദ്ധിച്ചു, കമ്പ്യൂട്ടർവത്കരണം ഇതിന് സഹായകമായി, ഈ പശ്ചാത്തലത്തിൽ ഇൻഫോർമേഷൻ കേരളാ മിഷന്റെ പങ്ക് പ്രസക്തമാണ്. പഞ്ചായത്തിന്റെ സേവന ഗുണത ഉയർത്താനുള്ള സേവന ബോർഡുകൾ, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ മികച്ച ഫലങ്ങൾ ഉണ്ടാക്കി. ILGMS വന്നതോട് കൂടി ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതായി.

**• മാലിന്യ സംസ്കരണത്തിന് ജനകീയ മുൻകൈ**

പഞ്ചായത്തിന്റെ ജൈവ, അജൈവ മാലിന്യ സംസ്കരണത്തിനുള്ള ഇടപെടലുകൾ നടന്നു. അധികാര വികേന്ദ്രീകരണത്തിൻ്റെ ആദ്യ ഘട്ടത്തിൽ അവഗണിക്കപ്പെട്ട ഈ മേഖല അവസാന 4 വർഷത്തിൽ ഹരിത കേരള മിഷന്റെ ഭാഗമായ പ്രവർത്തനങ്ങളിലൂടെയാണ് ശക്തമായത്. ഹരിതകർമ്മ സേനാ അംഗങ്ങൾ 18 വാർഡുകളിലെ വീടുകളിലും സ്ഥാപനങ്ങളിലും അജൈവ മാലിന്യ ശേഖരണം നടത്തി എം.സി.എഫ് ൽ സൂക്ഷിക്കുകയും പിന്നീട് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. മാലിന്യസംസ്കരണത്തിന്റെ ഭാഗമായ നേരത്തെ മാവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ "മാമ്പൂവ്" പദ്ധതി ഈ മേഖലയിൽ പുതിയ മുന്നേറ്റം ഉണ്ടാക്കാൻ സഹായകരമായിട്ടുണ്ട്. ഇപ്പോൾ ഹരിത കേരള മിഷനിലൂടെ ശുചിത്വമേഖലയിൽ മാതൃകാപരമായ പ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്.

• **വിപുലമായ കാര്യശേഷി വികസനം**

ജനകീയാസൂത്രണ കാലഘട്ടം മുതലേ ആയിരക്കണക്കിന് ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരെ വികേന്ദ്രീകൃതമായി പരിശീലിപ്പിക്കുന്ന വികേന്ദ്രീകൃതമായ സമാന്തര പരിശീലന ശൈലി അവലംബിക്കുവാൻ കഴിഞ്ഞു. ജനകീയാസൂത്രണത്തിന് ശേഷമുള്ള ഓരോ തിരഞ്ഞെടുപ്പുകൾക്ക് ശേഷവും കിലയുടെ നേതൃത്വത്തിൽ വിപുലമായ പരിശീലന ശൃംഖലകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തെ തുടർന്നുള്ള 4 തിരഞ്ഞെടുപ്പുകൾക്ക് ശേഷവും ജനപ്രനിധികൾക്ക് വിപുലമായ പരിശീലനങ്ങൾ നൽകാൻ കില എന്ന സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചു. ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും മെച്ചപ്പെട്ട രീതിയിൽ നടന്നിട്ടുണ്ട്.

• **സാമൂഹ്യ മൂലധന ശാക്തീകരണം**

പഞ്ചായത്തിന് കീഴിലെ വിവിധ സമിതികൾ, കുടുംബശ്രീകൾ, അംഗൻവാടി ശൃംഖലകൾ എന്നിവ വഴി തദ്ദേശസ്ഥാപനങ്ങളുടെ സേവന സംവിധാനത്തെ താഴെത്തലം വരെ എത്തിക്കാനുള്ള ഒരു സാമൂഹ്യ സംഘടനാ ശൃംഖല രൂപപ്പെട്ടു. സമൂഹം വിവിധ ദുരന്തങ്ങൾ നേരിട്ട ഘട്ടങ്ങളിൽ അതിനെ അതിജീവിക്കാനുള്ള ജനകീയ സംവിധാനങ്ങളായി ഇവ മാറി. 2018–ലേയും 2019ലേയും പ്രളയ കാലത്തും, 2019–20 ലെ കോവിഡ് കാലത്തും പഞ്ചായത്തിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു.

## <u>അധികാര വികേന്ദ്രീകരണ പ്രക്രീയയിലെ പരിമിതികൾ</u>

അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് ഏറെ നേട്ടങ്ങൾ അവകാശപ്പെടാൻ ഉള്ളപ്പോഴും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ തലത്തിൽ പരിശോധിക്കുമ്പോൾ നിരവധി പരിമിതികൾ കാണാൻ കഴിയും.

• **അടിസ്ഥാന മൂല്യങ്ങളിലെ ചോർച്ച**

സുതാര്യത, ജനപങ്കാളിത്തം, ജനങ്ങളോടുള്ള ഉത്തരവാദിത്വം എന്നിവയാണ് ജനാധിപത്യ വികേന്ദ്രീകരണത്തിന്റെയും, വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും അടിസ്ഥാന മൂല്യങ്ങൾ. സമൂഹത്തിന്‌റെ സൂക്ഷ്മ തലത്തിലുള്ള ജനാധിപത്യവത്കരണം അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. എന്നാൽ ഇത് ക്രമേണ ചിത്രത്തിൽ നിന്ന് മാറുന്ന സ്ഥിതി സംജാതമായി. ജനപങ്കാളിത്തത്തിന്‌റെ വേദികളായ ഗ്രാമസഭകൾ, വാർഡ് സഭകൾ എന്നിവ ആദ്യ അഞ്ച് വർഷത്തിന് ശേഷം ഔദ്യോഗിക നടപടിക്രമങ്ങൾ പാലിക്കുന്നതിന് മാത്രമുള്ള ഉപകരണാത്മക വേദികൾ ആയി മാറി. അവയുടെ രൂപീകരണത്തിൽ ഉള്ളടങ്ങിയ ജനാധിപത്യ മൂല്യങ്ങൾ അവഗണിക്കപ്പെട്ടു. കേരളത്തിലെ ഗ്രാമസഭകളുടെ ഘടനയ്ക്കും ഇതിൽ പങ്കുണ്ട് എന്ന് പറയാം.

വികസനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും താരതമ്യേന ദുർബലമായി. മരാമത്ത് പണികൾ ഗുണഭോക്തൃസമിതികളിൽ നിന്ന് കരാറുകാരിലേക്ക് മാറ്റി. ഗുണഭോക്തൃസമിതികളെ നിരീക്ഷക റോളിലെങ്കിലും നിലനിർത്താൻ ഉണ്ടായിരുന്ന സാധ്യതകൾ ബോധപൂർവ്വം അവഗണിക്കപ്പെട്ടു. പൊതുമരാമത്ത് പണികളുടെ സുതാര്യത ഉറപ്പാക്കാൻ

ഉണ്ടായിരുന്ന പണി സ്ഥലത്തെ ബോർഡുകൾ, സോഷ്യൽ ഓഡിറ്റ് നിർദ്ദേങ്ങൾ എന്നിവ കാലക്രമത്തിൽ ശോഷിക്കപ്പെട്ടു.

വികസനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പങ്ക് ശക്തമായി. അദൃശ്യമായ ജനപ്രതിനിധി – ഉദ്യോഗസ്ഥ – കരാറുകാർ കൂട്ട്കെട്ട് പ്രാദേശികതലത്തിൽ വളർന്നുവന്നു. ഇതിനെ പ്രതിരോധിക്കാവുന്ന തരത്തിലേക്ക് സുതാര്യത ഉറപ്പാക്കാനുള്ള സംവിധാനങ്ങളെ വ്യവസ്ഥാപിതമാക്കാൻ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് കഴിയാതെ പോയി.

അറിയാനുള്ള അവകാശ നിയമം 2005ൽ നിലവിൽ വരുന്നതിന് മുൻപേ തന്നെ അറിയാനുള്ള അവകാശം 1994ലെ ഭേദഗതിയിലൂടെ തദ്ദേശ സ്ഥാപനങ്ങളിൽ ഉറപ്പാക്കപ്പെട്ടിരുന്നു. അഴിമതിയും ക്രമക്കേടുകളും തടയാൻ ഉണ്ടായിരുന്ന ഓംബുഡ്സ്മാൻ , ട്രൈബ്യൂണൽ സംവിധാനങ്ങൾ കാലക്രമത്തിൽ ദുർബലമാക്കപ്പെട്ടു.

ജനങ്ങളോട് ഉത്തരവാദിത്തം പുലർത്തുന്ന ഭരണ പ്രക്രിയയുടെ രീതിയിൽ ഭാഗികമായ ഘടകങ്ങൾ മാത്രമെ അംഗീകരിക്കപ്പെട്ടുള്ളൂ. ഫ്രണ്ട് ഓഫീസ് സംവിധാനം, അപേക്ഷയ്ക്കുള്ള രസീതികൾ എന്നിവ അവയിൽ ചിലത് ആയിരുന്നു. എന്നാൽ ഗ്രാമസഭകളുടെ തീരുമാനങ്ങളുടെ നടത്തിപ്പ് റിപ്പോർട്ട് അവതരിപ്പിക്കൽ, പ്രകടന പത്രികയുടെ അടിസ്ഥാനത്തിൽ ഭരണ സമിതികളുടെ പെർഫോമൻസ് റിപ്പോർട്ട് വർഷാവർഷം പൊതുജന വേദികളിൽ അവതരിപ്പിക്കൽ എന്നിവ ഇനിയും കാര്യക്ഷമമാക്കാനുണ്ട്.

- **കൈമാറിയ അധികാരങ്ങളിലെ പരിമിതികൾ**

അധികാര വികേന്ദ്രീകരണത്തിൻ്റെ ഭാഗമായി കൈമാറിയ സ്ഥാപനങ്ങളുടേയും, ഉദ്യോഗസ്ഥരുടേയും കാര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പരിമിതമായ നിയന്ത്രണ അധികാരങ്ങൾ മാത്രമെ ഉള്ളൂ. ഈ സ്ഥാപനങ്ങൾ എല്ലാം ഇപ്പോഴും വകുപ്പു തല സ്ഥാപനങ്ങൾ തന്നെയായി തുടരുന്നു.

- **അധികാരങ്ങൾ പുനർനിർണ്ണയിക്കുന്നതിലെ പരിമിതികൾ**

1999ൽ ആണ് സംസ്ഥാനത്തെ പഞ്ചായത്തി രാജ്, നഗരപാലിക നിയമം സമഗ്രമായി പരിഷ്കരിക്കപ്പെട്ടത്. അതിന് ശേഷം രണ്ട് ദശകം പിന്നിട്ടിട്ടും തദ്ദേശ സ്ഥാപനങ്ങളുടെ അധികാരങ്ങളിൽ അടിസ്ഥാനപരമായ വിപുലീകരണം നടത്തുന്നതിനുള്ള നിയമപരമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പ്രകൃതിവിഭവങ്ങളുടെ വിനിയോഗം, ഭൂവിനിയോഗം, ദുരന്ത മാനേജ്മെൻറ് തുടങ്ങിയ കാര്യങ്ങളിലൊക്കെ തന്നെ പരിമിതമായ അധികാരങ്ങൾ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്.

- **വികസന ആസൂത്രണത്തിലെ പരിമിതികൾ .**

വികസന ആസൂത്രണം എന്നതിനെ ശാസ്ത്രീയമായ ഒരു വീക്ഷണകോണിലൂടെ സമീപിക്കുന്നതിൽ പ്രാദേശിക വികസനത്തിന് ഏറെ പരിമിതികൾ ഉണ്ടായിട്ടുണ്ട്.

- **അവഗണിക്കപ്പെട്ട പരിസ്ഥിതി സുരക്ഷ**

സുസ്ഥിര വികസനാസൂത്രണത്തിൽ പരിസ്ഥിതിക്ക് ഉള്ള പങ്ക് താരതമ്യേന അവഗണിക്കപ്പെട്ടു തണ്ണീർ തടങ്ങൾ, ജലനിർഗ്ഗമനചാലുകൾ, എന്നിവയുടെ സംരക്ഷണം വികസന ആസൂത്രണത്തിൻ്റെ ഭാഗമായില്ല. തനത് പ്രകൃതി വിഭവ

സമ്പത്ത് സംരക്ഷിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായില്ല. ദുരന്തങ്ങളുടെ പ്രാദേശിക ആഘാതം വർദ്ധിപ്പിക്കുന്നതിൽ ഇതും പങ്ക് വഹിച്ചു.

- **പ്രത്യേക ഘടകപദ്ധതികളുടെ നടത്തിപ്പും, പാർശ്വവല്കൃത വിഭാഗങ്ങളും**

പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താനായെങ്കിലും അവരുടെ അതിജീവന പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

- **സ്ഥാപന ഏകോപനത്തിന്റെ അഭാവം**

തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ സംസ്ഥാന തലത്തിൽ ഏകോപിക്കാൻ ശ്രമിച്ചത് പോലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## മുൻകാലമാതൃകാ വിജയം കൈവരിച്ച പ്രോജക്ട്ടുകൾ

| ക്രമനം | മേഖല/ ഉപമേഖല | പ്രോജക്ടിൻറെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | തെങ്ങിന് രാസവളം, ജൈവവളം, കുമ്മായം നൽകൽ | GEN | 500000 | മെച്ചപ്പെട്ട വിളവ് ഉൽപാദനത്തിന് | മെച്ചപ്പെട്ട വിളവ് ഉൽപാദനത്തിന് | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചു |
| 2 | | വാഴക്ക് രാസവളം, ജൈവവളം നൽകൽ | GEN | 500000 | മെച്ചപ്പെട്ട വിളവ് ഉൽപാദനത്തിന് | മെച്ചപ്പെട്ട വിളവ് ഉൽപാദനത്തിന് | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചു |
| 3 | | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) | GEN | 800000 | കന്നുകുട്ടി പരിപാലനം | കന്നുകുട്ടി പരിപാലനം | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചു. |
| 4 | | മുട്ടഗ്രാമം | GEN | 900000 | സ്ത്രീകൾക്ക സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വരുമാനത്തിനും | സ്ത്രീകൾക്ക സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വരുമാനത്തിനും | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചു. |
| 5 | | കറവപശു(വനിത) | GEN | 500000 | സ്ത്രീകൾക്ക സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വരുമാനത്തിനും. | സ്ത്രീകൾക്ക സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വരുമാനത്തിനും | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചു. |
| 6 | | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | GEN | 900000 | പൊതുജനങ്ങൾക്ക് ജീവിതശൈലീരോഗങ്ങൾക്ക് | പൊതുജനങ്ങൾക്ക് ജീവിതശൈലീരോഗങ്ങൾക്ക് | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചിട്ടുണ്ട്. |
| 7 | | ഹോമിയോ ആശുപത്രിയിലേക്ക് | GEN | 200000 | പൊതുജനങ്ങൾക്ക് ജീവിതശൈലീരോഗ | പൊതുജനങ്ങൾക്ക് ജീവിതശൈലീരോഗങ്ങ | യഥാർത്ഥ ഭൌതികംലക്ഷ്യം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മരുന്ന് വാങ്ങൽ | | | ങ്ങൾക്ക് | ൾക്ക് | കൈവരിച്ചിട്ടുണ്ട്. |
| 8 | | വയോജനകേന്ദ്രം , സ്ഥാപിക്കൽ | GEN | 3736890 | ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ | ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ | മെച്ചപ്പെട്ട സേവനം ലഭ്യമാക്കി |
| 9 | | മാവൂർ ബസ് സ്റ്റാൻറ് നവീകരണം | GEN | 2440546 | ഗ്രാമപഞ്ചായത്തിൽ ബസ് കേന്ദ്രം സ്ഥാപിക്കൽ | ഗ്രാമപഞ്ചായത്തിൽ ബസ് കേന്ദ്രം സ്ഥാപിക്കൽ | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചതിനാൽ,ജനങ്ങൾക്ക് സൌകര്യപ്രദമായി ബസ് കാത്ത് നിൽക്കുന്നതിനും വിശ്രമിക്കുന്നതിനും ഉള്ള കംഫർട്ട് സ്റ്റേഷൻ, ഉൾപ്പെടെ നിലവിൽ ഇതിനുള്ളിൽ പ്രവർത്തിക്കുന്നു. |
| 10 | | മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടവും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും | GEN | 50000000 | പൊതുജനങ്ങൾക്കും ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സൌകര്യപ്രദമായി പ്രവർത്തിക്കുന്നതിനുള്ള അതിസ്ഥാന സാഹചര്യം ഒരുക്കുക,വാടകഇനത്തിൽ ഉള്ള വരുമാന വർദ്ധനവ് | പൊതുജനങ്ങൾക്കും ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സൌകര്യപ്രദമായി പ്രവർത്തിക്കുന്നതിനുള്ള അതിസ്ഥാന സാഹചര്യം ഒരുക്കുക,വാടകഇനത്തിൽ ഉള്ള വരുമാന വർദ്ധനവ് | അടിസ്ഥാനസൌകര്യ വികസനം പൂർത്തിയാക്കി .വാടകഇനത്തിൽ കൃത്യമായ വരുമാനം ലഭിക്കുന്നു. |
| 11 | | മാവൂർ ബസ് സ്റ്റാൻറ് നവീകരണം | GEN | 2440546 | ഗ്രാമപഞ്ചായത്തിൽ ബസ് കേന്ദ്രം സ്ഥാപിക്കൽ | ഗ്രാമപഞ്ചായത്തിൽ ബസ് കേന്ദ്രം സ്ഥാപിക്കൽ | യഥാർത്ഥ ഭൌതികംലക്ഷ്യം കൈവരിച്ചതിനാ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ൽ,ജനങ്ങൾക്ക് സൌകര്യപ്രദമായി ബസ് കാത്ത് നിൽക്കുന്നതിനും വിശ്രമിക്കുന്നതിനും ഉള്ള കംഫർട്ട് സ്റ്റേഷൻ, ഉൾപ്പെടെ നിലവിൽ ഇതിനുള്ളിൽ പ്രവർത്തിക്കുന്നു. |
| 12 | | ലൈഫ് ഭവന പദ്ധതി | GEN, SCP | 37438328 | ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി | ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി | വീട് നിർമ്മാണത്തിന് ധനസഹായം നൽകി |

# 6 പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

## സാമൂഹിക ക്ഷേമം

**1.** സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗനവാടികൾക്ക് സ്വന്തം കെട്ടിടം:-

- C.No. 27 പാടത്തും കണ്ടി
- C.No. 23 നെല്ലിക്കോട്ട് കുഴി
- C.No. 24 നല്ലൊളിൽ
- C.No. 13 മാവൂർ
- C.No. 17 മേച്ചേരിക്കുന്ന്
- C.No. 28 തടത്തിൽ മേത്തൽ – നിലവിലെ സിവിൽ വ്യവഹാരം ഒത്തുതീർപ്പാക്കുന്നതിന്ന് വേണ്ട നടപടികൾ.

**2.** കുടിവെള്ള സൗകര്യം:-

➢ പൈപ്പ് കണക്ഷനോ സ്വന്തമായി കിണറോ ഇല്ലാത്ത അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം:-

- C.No. 19 തെങ്ങിലക്കടവ്
- C.No. 21 പട്ടേരിക്കുന്ന്
- C.No. 3 കുനിയിൽ കടവ്

➢ സ്വന്തമായി കിണറുള്ള അംഗനവാടികൾക്ക് മോട്ടോറും വാട്ടറ് ടാങ്കും:-

- C.No. 7

**3.** കോമ്പൗണ്ട് വാൾ:-

- പൂർണ്ണമായും കോമ്പൗണ്ട് വാളുകൾ അംഗനവാടികളിൽ വേണം.
- 29 അംഗനവാടികളിൽ 16 എണ്ണത്തിനു മാത്രമേ പൂർണ്ണമായും ചുറ്റമതിൽ ഉള്ളൂ.
- സ്വന്തം കെട്ടിടങ്ങളിൽ 11 എണ്ണത്തിനു മാത്രമേ ചുറ്റമതിൽ പൂർണ്ണമായും ഉള്ളൂ.

**4.** പെയിന്റിംഗ്:-

- നരച്ചതും മുഷിഞ്ഞതുമായ വാൾ പെയിന്റിംഗുകൾ മാറ്റി ശിശു സൗഹൃദമായ പെയിന്റിംഗുകൾ അംഗനവാടികളിൽ നടത്തണം. ചുവർചിത്രങ്ങൾ വരച്ച് ആകർഷകമാക്കണം.

5. ശിശുസൗഹൃദ ഫർണ്ണിച്ചറുകൾ:-

- കുട്ടികളെ ആകർഷകമാക്കുന്ന അപകടരഹിതമായ ഫർണ്ണീച്ചറുകൾ അംഗനവാടികളിൽ മുൻഗണന വാങ്ങി നൽകണം.
- ✗ ക്രാഡിൽ പദ്ധതികളിലൂന്നിയ നവീകരണം- നിലവിലെ അംഗനവാടികൾ മോഡിഫൈ ചെയ്യുന്നതിന് ക്രാഡിൽ പദ്ധതിയിലുൾപ്പെടുത്താം.
- ✗ ഘട്ടം ഘട്ടമായി അഞ്ചു വർഷം കൊണ്ട് അന്താരാഷ്ട്ര ഗുണനിലവാരത്തോട് ചേരുന്ന പ്രി സ്ക്കൂൾ വിദ്യാഭ്യാസം അംഗനവാടികൾ വഴി ലഭ്യമാക്കണം.
- ✗ അംഗനവാടികളോട് ചേർന്ന് കുട്ടികൾക്കുള്ള ലൈബ്രറികൾ ആരംഭിക്കൽ.
- ✗ ന്യൂട്രീ ഗാർഡനുകൾ പ്രോത്സാഹിപ്പിക്കൽ.
- ✗ സ്ക്കൂൾ -(AL.UP) ബാലസൗഹൃദമാക്കുക, ഫർണ്ണിച്ചറുകൾ, പെയിന്റിംഗുകൾ പദ്ധതിയിൽ (സംയുക്തപദ്ധതികളിൽ വേണ്ടവ അങ്ങിനെ) ഉൾപ്പെടുത്തുക. പൊതുവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെടണം.
- ✗ വെള്ളം കയറുന്ന അംഗനവാടിയുടെ മുകളിലേക്ക് ഹോളുകൾ നിർമ്മിക്കുക. (സാധനങ്ങൾ കയറ്റി വെക്കുന്നതിന് വേണ്ടി)
- C-19, C-5 മുഴപ്പാലം, മുഴാപ്പാലം
- ✗ എല്ലാ അംഗനവാടികളെയും സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുക. വേസ്റ്റ് മാനേജ്മെന്റിന് 29 അംഗനവാടികളിലും ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുക.
- ✗ അംഗനവാടികളിൽ ഷെൽഫുകൾ നിർമ്മിച്ച് ആവശ്യമായ സ്റ്റോറേജ് ഫെസിലിറ്റി ഉറപ്പുവരുത്തുക. ബുക്കുകളും രജിസ്റ്ററുകളും സുരക്ഷിതമായി വെക്കുന്നതിന് ആവശ്യമായ രീതിയിൽ അംഗനവാടികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുകവകയിരുത്തുക.
- ✗ അംഗനവാടികളോട് ചേർന്ന് കൗമാര ക്ലബുകൾ - (വർണ്ണക്കൂട്ട്) രൂപീകരിക്കുക. സ്പോർട്ടസ് കിറ്റുകളും, ലൈബ്രറി സൗകര്യങ്ങളും വിപുലപ്പെടുത്തുക. കുട്ടികൾക്ക് ആരോഗ്യകരങ്ങളായ കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. അവയിൽ പരിശീലനം നൽകുക.
- ✗ അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതി
- ✗ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോൾഷിപ്പ്
- ✗ വാർഡ് തലത്തിലോ രണ്ട് വാർഡുകൾ ചേർന്നോ കുട്ടികൾക്ക് പൊതുകളിയിടം (ടർഫു മാതൃകകൾ) നിർമ്മിക്കുക. കുട്ടികൾക്ക് സൗജന്യമായി അപകടരഹിതമായി കളിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. മൊബൈൽ അമിത ഉപയോഗം മൂലമുള്ള ദൂഷ്യവശങ്ങൾ കായികമായ കളികളിലേർപ്പെടുമ്പോൾ കുറയ്ക്കുന്നതിന് സാധിക്കും.

- ✗ ഓപ്പൺ ജിം സ്ഥാപിക്കുക.
- ✗ കുട്ടികൾക്ക് വോളിബോൾ, ഫുഡ്ബോൾ, ക്രിക്കറ്റ് പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കൽ.
- ✗ നീന്തൽ പരിശീലനം.
- ✗ പഞ്ചായത്തും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു ഗവൺമെന്റ് സ്ഥാപമങ്ങളും പ്രൈവറ്റ് സ്ഥാപനങ്ങളും ബാല സൗഹൃദമായ അന്തരീക്ഷം എല്ലായ്പ്പോഴും ഉറപ്പു വരുത്തുക.
- ✗ വാതിൽപ്പടി സേവനം:

## വനിതാക്ഷേമം

1. സ്ക്കൂളുകളിൽ നാപ്കിൽ വെൻഡിംഗ് മെഷീനുകൾ (ഇല്ലെങ്കിൽ) നാപ്കിൻ ഇൻസിനറേറ്ററുകൾ പദ്ധതിയിലുൾപ്പെടുത്തുക. ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലേയെന്ന് മോണിറ്ററിംഗ് നടത്തുക.
2. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും ഇൻസിനറേറ്റർ സ്ഥാപിക്കാൻ പദ്ധതി വെക്കുക.
3. She Toilet പദ്ധതി- ഫലപ്രദമായി വൃത്തിയുള്ള ഇൻസിനറേറ്റർ സൗകര്യമുള്ള Toilet സൗകര്യം.
4. സ്ക്കൂളുകളിൽ പെൺകുട്ടികൾ ആയോധന പരിശീലനം
5. വർദ്ധിച്ചു വരുന്ന സ്ത്രീപീഡനങ്ങൾ ചെറുക്കുന്നതിന് പെൺകുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് കരാട്ടെ, കളരി, കുങ്ഫു തുടങ്ങിയവയിലേതെങ്കിലും പരിശീലിപ്പിക്കുക.
6. സ്ത്രീകൾക്ക് നീന്തൽ പരിശീലനം, യോഗ പരിശീലനം.
7. വനിതകൾക്ക് ആയോധന പരിശീലനം.
8. സ്ത്രൂകൾക്ക് ബ്രെസ്റ്റ് ക്യാൻസർ, യൂട്രസ് ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.
9. വനിതകൾക്ക് ഫുഡ് കാറ്ററിംഗ് യൂണിറ്റുകൾ ,ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ-വരുമാനം ഉറപ്പുവരുത്തുക.
10. വരുമാനം ജനറേറ്റ് ചെയ്യുന്ന സ്വയം തൊഴിൽ പദ്ധതികൾക്ക് ഊന്നൽ നൽകുക. ബ്യൂട്ടീഷൻ കോഴ്സ്, DTP, പേപ്പർ ക്യാരി ബാഗ്, ഇന്റീരിയർ ഡിസൈനിംഗ്, കേക്ക് നിർമ്മാണം, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുക.

11. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ വനിതാ സൗഹൃദമാണെന്ന് ഉറപ്പ് വരുത്തുക.

12. She Auto, She Taxi എന്നിവ പ്രോത്സാഹിപ്പിക്കുക.

13. പഞ്ചായത്ത് പരിധിയിലുള്ള സ്ക്കൂളുകൾ പെൺകുട്ടികൾക്ക് പ്രത്യേകിച്ചും പഠനത്തിന് അനുയോജ്യമാണ് എന്ന് മോണിറ്ററിംഗ് നടത്തി ഉറപ്പു വരുത്തുക.

14. വിവിധ വകുപ്പുകളെ ചേർത്ത് വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ വാർഡ് തലത്തിൽ സംഘടിപ്പിക്കുക.
For eg:-സ്ക്കൂൾ അധ്യാപകർ, പോലീസ്, എക്സൈസ്, വനിതാ ശിശുവികസന വകുപ്പ്, ആരോഗ്യമേഖല കൂടി വാർഡ് തലത്തിൽ ഇടക്കിടെയുള്ള മീറ്റിംഗുകൾ- ലഹരി വിരുദ്ധം, സ്ത്രീധന പീഡനം, ശൈശവ വിവാഹം തുടങ്ങിയ വിഷയങ്ങളിൽ.

## കൃഷി

- തെങ്ങിന് ജൈവവളം നൽകൽ
- വാഴക്ക് രാസവളം നൽകൽ
- സമഗ്ര നെൽകൃഷി വികസനം
- ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ
- പച്ചക്കറിത്തൈ വിതരണം
- നെൽവിത്ത്, വാഴക്കന്ന്, നല്ലയിനം തെങ്ങിൻതൈ, കമുങ്ങിൻതൈ- വിതരണം
- കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവക്ക് ധനസഹായം
- പച്ചക്കറിക്ക് ജൈവവളം നൽകൽ
- ഫലവൃക്ഷത്തൈ വിതരണം
- കർഷകർക്ക് പമ്പ്സെറ്റ് വിതരണം
- വിളനാശം സംഭവിക്കുമ്പോൾ ഉടനടി കർഷകർക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.
- വാലുമ്മൽ വി.സി.ബി ക്ക് മെക്കാനിക്കൽ ഷട്ടർ
- പുനത്തിൽ തോടിന് വി.സി.ബി

## മൃഗസംരക്ഷണം

1. സ്ഥലപരിമിതിയുള്ള ആളുകൾക്ക് ടെറസ്സിന്റെ മുകളിൽ ചെയ്യാവുന്ന പദ്ധതിയാണ് കോഴിവളർത്തൽ. അതിലൂടെ ഇറച്ചി, മുട്ട എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഉതകുന്ന രീതിയിൽ ആളുകളെ പ്രാപ്തരാക്കാൻ സഹായിക്കുകയും ചെയ്യും.
2. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ താറാവ് കൃഷി, മത്സ്യകൃഷി എന്നിവ പരിപോഷിക്കുക.
3. മരുന്ന് ലഭ്യമാക്കൽ എന്ന പദ്ധതിയിൽ കൂടുതൽ തുക മാറ്റിവെച്ച് കർഷകർക്ക് വേണ്ട എല്ലാ മരുന്നുകളും മൃഗാശുപത്രിയിൽ ഉറപ്പു വരുത്തുക.
4. ആട് ഗ്രാമം പദ്ധതി- സബ്സിഡി നിരക്കിൽ ജനറൽ വിഭാഗത്തിനും എസ്.സി വിഭാഗത്തിനും ആടിനെ നൽകുക.
5. പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി പകുതി വിലക്ക് പശുക്കിടാവിനെ വിതരണം ചെയ്യൽ.
6. പോത്തുകുട്ടി പരിപാലന സ്കീം വഴി താൽപര്യമുള്ള കർഷകർക്ക് പകുതി വിലക്ക് പോത്തുകുട്ടി ലഭ്യമാക്കുക. ഇതുവഴി നമ്മുടെ പഞ്ചായത്തിൽ ഇറച്ചിയുടെ ലഭ്യത ഉറപ്പാക്കുക.
7. ഉന്നത നിലവാരമുള്ള പാലുല്പന്നങ്ങൾ ലഭിക്കാനും വളരെ പരിരക്ഷ വേണ്ട പശുക്കൾക്കും ധാതുലവണ മിശ്രിതം വർഷം മുഴുവൻ സൗജന്യമായി ലഭ്യമാക്കണം.

## തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിലുള്ള നിർദ്ദേശങ്ങൾ:-

- ✗ മഴക്കുഴി നിർമ്മാണം
- ✗ കലുങ്കുകൾ
- ✗ കല്ല്കയ്യാല, മൺ കയ്യാല
- ✗ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓവുചാലുകളുടെ നിർമ്മാണം
- ✗ കിണർ നിർമ്മാണം, പുനഃരുദ്ധാരണം, റീചാർജ്ജിംഗ്
- ✗ വൃക്ഷം വച്ച് പിടിപ്പിക്കൽ പരിപാലനം,നഴ്സറി വളർത്തൽ
- ✗ റീചാർജ്ജ് കുഴികൾ, ഭൂമി തട്ടുതിരിക്കൽ,
- ✗ സ്റ്റാഗേർഡ് ട്രഞ്ച്, കോണ്ടൂർ ബണ്ട്,കോണ്ടൂർ ട്രഞ്ച്
- ✗ ഗള്ളി പ്ലഗ്ഗിംഗ്

- ✗ സബ് സർഫൈസ് ഡൈക്ക് (അടിയണകൾ)
- ✗ ഫാം പോണ്ട്
- ✗ ഉറവ സംരക്ഷണം,ഉറവ പുനഃരുദ്ധാരണം
- ✗ തോട് നിര്മ്മാ ണം
- ✗ പാർശ്വഭിത്തി സംരക്ഷണം(കല്ല് ഉപയോഗിച്ച്)
- ✗ പാർശ്വഭിത്തി സംരക്ഷണം (ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ച്)
- ✗ പാർശ്വഭിത്തി സംരക്ഷണം (രാമച്ചം/മരം വച്ച് പിടിപ്പിച്ച്)
- ✗ സ്വയം സഹായ സംഘങ്ങള്ക്കുള്ള വര്ക്ക് ഷെഡ്
- ✗ കളിസ്ഥല നിർമ്മാണം,സ്കൂൾ ചുറ്റുമതിൽ നിർമ്മാണം (ഗവ. സ്കൂളുകൾക്ക് മാത്രം)
- ✗ പൊതുശ്മശാനം
- ✗ കൃഷി ഉത്പന്ന സംഭരണ കേന്ദ്രം
- ✗ അംഗനവാടി
- ✗ ഗ്രാമപഞ്ചായത്ത് കെട്ടിടം
- ✗ ഡൈനിംഗ് ഹാൾ (ഗവ. സ്കൂളുകൾക്ക്)
- ✗ പാചകപുര (ഗവ. സ്കൂളുകൾക്ക്)
- ✗ ഭാരത് നിർമ്മാൺ സേവാകേന്ദ്രങ്ങൾ
- ✗ കംപോസ്റ്റ് പിറ്റ്, നടേപ്പ് കംപോസ്റ്റ്, വെർമി കംപോസ്റ്റ്,സോക്ക് പിറ്റുകൾ
- ✗ ശൗചാലയ നിർമ്മാണം (കമ്മ്യൂണിറ്റി/സ്കൂൾ/ അംഗൻവാടി)പിറ്റ്
- ✗ മത്സ്യം ഉണക്കുന്നതിനുള്ള സൗകര്യം
- ✗ റോഡ് നിർമ്മാണം
- ✗ കലുങ്ക് നിർമ്മാണം
- ✗ വില്ലേജ് ഹാറ്റുകൾ (ഗ്രാമചന്തകൾ)
- ✗ പ്രകൃതി ക്ഷോഭ അഭയകേന്ദ്രങ്ങൾ
- ✗ നിർമ്മാണ സാമഗ്രികളുടെ ഉല്പാദന യൂണിറ്റ്

<u>PRIVATE</u>

1. കമ്പോസ്റ്റ് പിറ്റ്,സോക്ക് പിറ്റ്,നടേപ്പ് കമ്പോസ്റ്റ് (തുമ്പൂർ മൂഴി മോഡൽ),വെർമി കമ്പോസ്റ്റ്
2. ബയോഗ്യാസ് പ്ലാൻറ് (ദിന ബന്ധു മോഡൽ)
3. ശൗചാലയം
4. കാലിതൊഴുത്ത്, കോഴിക്കൂട്,ആട്ടിൻകൂട്,പന്നിക്കൂട്

5. കിണർ നിർമ്മാണം,കിണർ റീചാർജ്ജ്
6. ഫാം പോണ്ട്
7. മഴവെള്ള സംഭരണി
8. മഴ കുഴി
9. മൺ കയ്യാല
10. പി.എം.എ. വൈ – സംസ്ഥാനാവിഷ്കൃത പദ്ധതിയുമായുള്ള വീട്നിർമ്മാണം
11. കല്ല് കയ്യാല
12. ജൈവവേലി
13. തട്ട് തിരിക്കൽ
14. ഡ്രൈനേജ്
15. ഭൂവികസന പ്രവർത്തനങ്ങൾ
16. സ്റ്റാഗേർഡ് ട്രഞ്ച്
17. കോണ്ടൂർ ബണ്ട്
18. കോണ്ടൂർ ട്രഞ്ച്
19. മരം വച്ച്പിടിപ്പിക്കൽ
20. തീറ്റപ്പുല്ല് കൃഷി
21. അസോള ടാങ്ക്
22. സ്വയം സഹായ സംഘത്തിൻറെ വർക്ക് ഷോപ്പ്

**കുളം**

1. കുളം പുനഃരുദ്ധാരണം
2. കലുങ്ക് നിർമ്മാണം
3. പാര്ശ്വഭിത്തി സംരക്ഷണം(കല്ല് ഉപയോഗിച്ച്)
4. പാര്ശ്വഭിത്തി സംരക്ഷണം (ജിയോ ടെക്സ്റ്റയില്സ് ഉപയോഗിച്ച്)
5. പാര്ശ്വഭിത്തി സംരക്ഷണം(രാമച്ചം/മരം വച്ച് പിടിപ്പിച്ച്)

## നീർച്ചാൽ

1. ജലസേചന കനാലുകളുടെ നിർമ്മാണം
2. ജലസേചന കനാലുകളുടെ പുനരുദ്ധാരണം
3. തടയണകളുടെ നിര്മ്മാ ണ
4. കലുങ്ക് നിര്മ്മാ ണം

5. ചെക്ക് ഡാം
6. പാര്ശ്വഭിത്തി സംരക്ഷണം(കല്ല് ഉപയോഗിച്ച്)
7. പാര്ശ്വഭിത്തി സംരക്ഷണം (ജിയോ ടെക്സ്റ്റയില്സ് ഉപയോഗിച്ച്)
8. പാര്ശ്വഭിത്തി സംരക്ഷണം(രാമച്ചം/മരം വച്ച് പിടിപ്പിച്ച്)

പഞ്ചായത്തിലെ ഒഴിഞ്ഞു കിടക്കുന്ന ഭൂമി ഉപയോഗിച്ച് ചെറിയ ഫാമുകൾ പഞ്ചായത്ത് ചിലവിൽ നിർമ്മിച്ച്, പശുക്കൾ, ആടുകൾ എന്നിവയുടെ യൂണിറ്റുകൾ തുടങ്ങുക. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഷെഡുകൾ നിർമ്മിക്കുക. പഞ്ചായത്ത് ചിലവിൽ തന്നെ പശുക്കളെയും ആടുകളെയും വാങ്ങുക. ഇതു പോലുള്ള മൂന്നോ നാലോ യൂണിറ്റുകൾ നിർമ്മിച്ച് പരിചയ സമ്പന്നരായ തൊഴിലാളികളെ തൊഴിലുറപ്പു പദ്ധതിയിലൂടെ ഉപയോഗിച്ചു കൊണ്ട് ഇതിൽ നിന്നും തന്നെ അവിടെ ജോലി ചെയ്യുന്ന ജോലിക്കാർക്ക് ആവശ്യമായ വേതനം നൽകുക.

പഞ്ചായത്തിലെ യൂണിറ്റുകളിലൂടെ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, പഞ്ചായത്തിന്റെ വരുമാനം കൂട്ടുന്നതിനും സാധ്യമാകും.

## തൊഴിലുറപ്പ് പദ്ധതി

1. IF പ്രവർത്തികൾ (SC, BPL, APL കുടുംബങ്ങൾക്ക് ആട്ടിൻകൂട്, തൊഴുത്ത്, കോഴിക്കൂട് എന്നിവ നൽകുക)
2. ഗവൺമെന്റ് വിഭാവനം ചെയ്യുന്ന വീടുകൾക്ക് 90 തൊഴിൽ നൽകുക.
3. JLG ഗ്രൂപ്പുകാർക്ക് തരിശുഭൂമിയിൽ കൃഷിയോഗ്യമാക്കൽ.
4. IF പ്രവർത്തികൾ (SC, BPL, APL കുടുംബങ്ങൾക്ക് അസോളടാങ്ക്, കിണർ റീച്ചാർജിംഗ്, കിണർ നിർമ്മാണം, സോക്പിറ്റ്, കുളനിർമ്മാണം എന്നിവ നിർമ്മിക്കൽ)
5. ഗ്രാമീണ റോഡുകൾ, ഗ്രാമീണ ചന്തകൾ , തോട് നവീകരണം, കുളം നിർമ്മാണം, കളിസ്ഥലം നിർമ്മാണം, അംഗനവാടി നിർമ്മാണം, സ്ക്കൂളുകളിൽ കിച്ചൺ ഷെഡ് നിർമ്മാണം.
6. നീർത്തടാധിഷ്ഠിത പ്രവൃത്തി :- വരമ്പ് ഭൂമി തട്ട് തിരിക്കൽ, കല്ല് കയ്യാല, മൺ കയ്യാല, SC കോളനി നവീകരണം, മഴക്കുഴി.
7. പശു ഉള്ള കുടുംബങ്ങൾക്ക് തീറ്റപ്പുൽകൃഷിക്ക് നിലം ഒരുക്കൽ

## ദാരിദ്ര്യലഘൂകരണം

മാവൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജനകീയപങ്കാളിത്തത്തോടുകൂടി കണ്ടെത്തിയ അതി ദരിദ്രരുടെ ലിസ്ററിൽ 74 പേർ ഉൾപ്പെട്ടിട്ടുണ്ട്. അവരെ ഓരോരുത്തരെയും അതി ദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കൊണ്ടുവരാൻ മൈക്രോ പ്ലാൻ ആവിഷ്ക്കരിക്കുന്നതാണ്.
ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ചികിത്സാ സഹായവും മരുന്നും നൽകുന്നതാണ്. അവർക്ക് ഭക്ഷണവും പാർപ്പിടവും നൽകൽ.

## പാർപ്പിടം

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്തംബർ 23 വരെ സ്വീകരിച്ച അപേക്ഷ പ്രകാരം മാവൂർ പഞ്ചായത്തിൽ 2020 ലൈഫ് ഭവനപദ്ധതിയുടെ ലിസ്റ്റിൽ ഭൂമിയുള്ള ഭവനരഹിതർ 497, ഭൂമിയില്ലാത്ത

ഭവനരഹിതർ 143 പേരും ഉൾപ്പെട്ടിട്ടുണ്ട്.ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ലൈഫ് മിഷന്റെയും സഹകരണത്തോടുകൂടി ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുടിവെള്ളം, ശുചിത്വം

- ✗ എല്ലാ സ്ക്കൂളുകളിലും- (സർക്കാർ എയ്ഡഡ്) കലക്ടേഴ്സ്@സ്ക്കൂൾ- അജൈവ മാലിന്യ ശേഖരണം.
- ✗ ചെറൂപ്പ ഹെൽത്ത് സെന്റർ, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, മൃഗാശുപത്രി, ബഡ്സ് സ്ക്കൂൾ, കൃഷിഭവൻ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സ്ഥാപനങ്ങളിൽ തരംതിരിച്ച അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം (കലക്ടേഴ്സ്@സ്ക്കൂൾ മോഡൽ)
- ✗ പൊൻപറക്കുന്നിന്റെ താഴ് വരയിൽ, ചെറൂപ്പ ബാങ്ക്, ചെറൂപ്പ ഹെൽത്ത് സെന്റർ പരിസരം, കുറ്റിക്കടവ്, തെങ്ങിലക്കടവ്, കൽപ്പള്ളി, പാറമ്മൽ, പോലീസ് സ്റ്റേഷൻ പരിസരം, മാവൂർ ടൗൺ, പൈപ്പ് ലൈൻ ജംഗ്ഷൻ, അടുവാട്, മുക്കിൽ, കണ്ണിപറമ്പ, പള്ളിയോൾ, പടാരുകുളങ്ങര, താത്തൂർ പൊയിൽ തുടങ്ങിയ അങ്ങാടികളിൽ മിനി MCF സ്ഥാപിക്കുക.
- ✗ എല്ലാ വീടുകളിലും അജൈവമാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം.
- ✗ പൊതുകുളങ്ങൾ, പുഴ ശുചീകരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർ ത്തനങ്ങൾ.
- ✗ കിണർ റീച്ചാർജ്.
- ✗ എല്ലാ വീടുകളിലും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക.
- ✗ പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, കോളനികൾ, മാർക്കറ്റുകൾ, അങ്ങാടികൾ എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
- ✗ ദ്രവമാലിന്യ സംസ്കരണം- വീടുകൾക്കും/സ്ഥാപനങ്ങൾക്കും (പൊതുസ്ഥാപനങ്ങൾക്ക്) സോക്ക്പാറ്റ്.
- ✗ പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുക.
- ✗ ഊർക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇടതു വശത്തേക്കുള്ള മൈനർ ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുക.

- ✗ ബോധവൽക്കരണ പ്രവർത്തനങ്ങൾ:-

  അയൽക്കൂട്ട തലം, വാർഡ്തലം എന്നിങ്ങനെ വിവിധ ക്ലസ്റ്ററുകൾ ആക്കി തിരിച്ച് യുവജനസംഘടനകൾ, ക്ലബ്ബുകൾ, വിവിധ സംഘടനകൾ എന്നിവയുടെ സഹകരണത്തോട്ട കൂടി വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

- ✗ ഗ്രീൻ പ്രോട്ടോകോൾ:-

  ഹരിതഗൃഹം, ഹരിതവാർഡ്, ഹരിത ഓഫീസ് നല്ല മാതൃകയ്ക്ക് സമ്മാനങ്ങൾ നൽകുക.
- ✗ മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം എന്നിവയുടെ പ്രധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് വിവിധ പ്രചാരണ പ്രവർത്തനങ്ങൾ-ക്ലാസ്സുകൾ, സെമിനാറുകൾ, നോട്ടീസുകളും, ബോർഡുകൾ എന്നിവ സ്ഥാപിക്കുക, തുടങ്ങിയ വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.
- ✗ തെരെഞ്ഞെടുത്ത ഒരു വാർഡിനെ സമ്പൂർണ്ണ ശുചിത്വ വാർഡായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
- ✗ MCF ൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക.

## പട്ടികജാതി വികസനം



1. SC വീടുകൾക്ക് സോളാർ പാനൽ പദ്ധതി, ബയോഗ്യാസ്
2. SC കോളനികളിൽ ലൈബ്രറി കെട്ടിടം
3. SC കോളനിയിൽ സൗജന്യ പൈപ്പ് ലൈൻ കണക്ഷൻ

4. ജലജീവൻ പദ്ധതി സൗജന്യമാക്കുക
5. SC വിവാഹ ധനസഹായം
6. SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
7. SC വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ
8. ഭൂമിയില്ലാത്ത എല്ലാ SC വിഭാഗക്കാർക്കും വിടും സ്ഥലവും നൽകൽ

## ചെറുകിട വ്യവസായം

- ✗ ചക്ക സംസ്കരണ യൂണിറ്റ്
- ✗ ജൈവ വള നിർമ്മാണ യൂണിറ്റ്
- ✗ നാളികേര സംഭരണ യൂണിറ്റ്
- ✗ പേപ്പർ ഫൈൽ യൂണിറ്റ്
- ✗ മിൽക്ക് പൗഡർ, കൂൺ കൃഷി എന്നിവയുടെ പ്രോത്സാഹനം
- ✗ ഗ്രാസിം ഭൂമിയിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കൽ
- ✗ ഡിറ്റർജന്റ് യൂണിറ്റ്
- ✗ ചപ്പാത്തി മേക്കിംഗ് കമ്പനി
- ✗ മിനറൽ വാട്ടർ യൂണിറ്റ്
- ✗ ഫുഡ് പ്രൊസ്സസ്സിംഗ് യൂണിറ്റ്
- ✗ പഴങ്ങളുടേയും പച്ചക്കറികളുടേയും വിതരണം, സംഭരണം, എന്നിവയുടെ സ്റ്റാൾ

## വിദ്യാഭ്യാസം

- ➢ എസ്.എസ്.കെ വിഹിതം നൽകൽ
- ➢ **<u>ജി.യു.പി.എസ് മാവൂർ [112 കുട്ടികൾ]</u>**

  മാവൂർ GUPS അടുത്ത 5 വർഷത്തിലേക്ക് കണ്ടെത്തിയ പദ്ധതികൾ:-

1) ക്ലാസ്മുറികളുടെ ചുമർ ടൈൽ ഒട്ടിക്കൽ
2) ക്ലാസ്മുറികളിലെ വെന്റിലേഷനിൽ Grill/Net അടിക്കൽ.
3) ഉച്ചഭക്ഷണ പാചകം, വിതരണം എന്നിവയ്ക്കാവശ്യമായ പാത്രങ്ങൾ, ബക്കറ്റ് മുതലായവ.
4) ക്ലാസ്മുറികളിലേക്ക് ആവശ്യമായ ബഞ്ച്, ഡസ്ക്ക്
5) ലൈബ്രറി റൂം, റീഡിങ് ഹാൾ
6) ലൈബ്രറിയിൽ പുസ്തകങ്ങൾ സൂക്ഷിക്കാനാവശ്യമായ ഷെൽഫ്
7) ലാബ് സജ്ജീകരിക്കാനാവശ്യമായ ഉപകരണങ്ങൾ
8) ആധുനിക സൗകര്യങ്ങളോട് കൂടിയ അടുക്കള, ഡൈനിംഗ് ഹാൾ.

➢ **ജി.യു.പി.എസ് മണക്കാട് [893 കുട്ടികൾ]**

1) ക്ലാസ്റൂം ഫർണിച്ചർ
2) സ്ക്കൂൾ–ഓഫീസ് ഫർണിച്ചർ
3) ലാപ്ടോപ്പ്, പ്രോജക്ടർ
4) സയൻസ് ലാബ്
5) കോൺഫറൻസ് ഹാൾ
6) കിച്ചൺ, സ്റ്റോർ റൂം
7) ബ്യൂട്ടിഫിക്കേഷൻ–പെയിന്റിംഗ്
8) വാട്ടർ ഫിൽറ്റർ
9) റിക്രിയേഷൻ റൂം
10) സയൻസ് പാർക്ക്
11) ക്ലാസ് റൂം– ഗ്രീൻ ബോർഡ്
12) ബയോവേസ്റ്റ്–മാനേജ്മെന്റ്
13) വേസ്റ്റ് ബിൻ
14) CWSN ഉം ഗേൾസ് ഫ്രണ്ട് ലി ടോയ്ലറ്റ്
15) Corridor and Lift construction
16) Sealing and roof maintenance
17) Yoga Hall
18) Stage
19) Library with reading hall
20) Classroom library shelf
21) Work experience and music room
22) Language lab
23) School Name Board
24) Children's Park
25) New building with 20 classroom
26) Acquire additional nearby PWD Private land
27) Solar electricity
28) Specific fund for camp

- **ജി.എൽ.പി.എസ് വളയന്നൂർ [169 കുട്ടികൾ]**

1) കുട്ടികൾക്ക് ചെറിയ ഒരു പാർക്ക്
2) റീഡിംഗ് റൂം
3) ബെഞ്ച്, ഡെസ്ക്ക്, വിൻഡോ, ഡോർസ്
4) എല്ലാ ക്ലാസ്മുറികളിലലും സ്പീക്കർ സംവിധാനം
5) ക്ലാസ്മുറികളിലെ ഷെൽഫ്
6) എല്ലാ ഡിവിഷനും സ്മാർട്ട് ക്ലാസ്റൂം
7) വേസ്റ്റ് ഡിസ്പോസിംഗ് സംവിധാനം
8) ടീച്ചേഴ്സ് ടേബിൾ
9) സ്റ്റേജ് കം ക്ലാസ്റൂം

- **ജി.എൽ.പി.എസ് ചെറൂപ്പ**

1) ചുറ്റുമതിൽ
2) അടുക്കള
3) ഡൈനിംഗ് ഹാൾ
4) ക്ലാസ്റൂം–1
5) 820 ടൈൽ ഇടണം
6) ഫോട്ടോസ്റ്റാറ്റ് മെഷീൻ
7) ഫർണീച്ചർ
8) പ്രിന്റർ

- **ജി.എൽ.പി.എസ് കണ്ണിപറമ്പ**

1) കുട്ടികൾക്ക് പാർക്ക്
2) ലൈബ്രറി വികസനം
3) കളിസ്ഥലം

- **എ.എൽ.പി.എസ് കണ്ണിപറമ്പ**

1) കുട്ടികൾക്ക് മൈതാനം
2) ഫർണീച്ചർ

- **എ.എൽ.പി.എസ് അട്ടവാട്**

1) ലൈബ്രറി വികസനം
2) എല്ലാ ക്ലാസും സ്മാർട്ടാക്കുക (സ്മാർട്ട് റൂം)

## പൊതുഭരണം

1. കൺവെൻഷൻ സെന്ററിലേക്ക് പാത്രങ്ങൾ, ജനറേറ്റർ, പ്ലേറ്റ് എന്നിവ വാങ്ങൽ.
2. ഘടക സ്ഥാപനങ്ങളിലെ കംപ്യൂട്ടർ മറ്റു അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പരിപാലനവും
3. പഞ്ചായത്ത് ഓഫീസിലെ കംപ്യൂട്ടർ മറ്റു അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പരിപാലനവും
4. പഞ്ചായത്ത് ഓഫീസ് എ.സി യാക്കൽ.
5. ഐ.കെ.എം വിഹിതം നൽകൽ
6. സബ്സെന്ററുകളുടെയും അംഗനവാടികളുടെയും വാടക നൽകൽ.
7. കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ്
8. ബഡ്സ് സ്കൂളിന്റെ വാഹനച്ചെലവ്
9. വെള്ളക്കരം അടവാക്കൽ

## പൊതുമരാമത്ത്

1. ചെറൂപ്പയിൽ വോളിബോൾ കോർട്ട് നിർമ്മിക്കുക.
2. ചെറൂപ്പ മിനിസ്റ്റേഡിയത്തിൽ ഓപ്പൺ സ്റ്റേജ്, ഇൻഡോർ ഷട്ടിൽ കോർട്ട് നെറ്റിന്റെ മെയിന്റനൻസ്, ഗ്രൗണ്ട് ഡവലപ്പ്മെന്റ്.
3. ടൗൺ ഡവലപ്പ്മെന്റ് പ്ലാൻ.
4. വിവിധ റോഡുകളുടെ നവീകരണം
5. 5,6,7,8 വാർഡുകളെ കേന്ദ്രീകരിച്ച് മിനിസ്റ്റേഡിയം സംയുക്ത പദ്ധതിയിൽ ഉൾപ്പെടുത്തുക.

## ജൈവവൈവിധ്യം

1. പൊതു–സ്വകാര്യ കുളങ്ങൾ സംരക്ഷിക്കുക.
2. കാവുകൾ മുഴുവൻ സംരക്ഷിക്കുക.
3. പുഴയോരത്ത് മുള വെച്ച് പിടിപ്പിക്കുക
4. ചെറുപുഴ, ചാലിയാർ, കുളിക്കടവ് മണ്ണൊലിപ്പ് തടഞ്ഞ് ഉപയോഗ യോഗ്യമാക്കുക.
5. ചെറൂപ്പ പ്രദേശത്ത് PWD സ്ഥലം വിശാലമായൊരു നീന്തൽ കുളമാക്കുക.
6. ഗ്രാമവനം–മാവൂർ പഞ്ചായത്തിന്റെ ബയോളജിക്കൽ ഗാർഡൻ ആക്കി

മാറ്റാൻ ആവശ്യപ്പെടുക.

7. ചെറൂപ്പ – കോക്കഞ്ചേരി ലിങ്ക് റോഡിൽ നിന്ന് ഗ്രാമവനത്തിലേക്ക് ഒരു തൂക്കുപാലം നിർമ്മിക്കുവൻ വേണ്ടിയ നടപടികൾ സ്വീകരിക്കുക.
8. പാറമ്മൽ വില്ലേജ് ഓഫീസിനടുത്ത് റോഡ് സൈഡിലുള്ള സ്ഥലം മരങ്ങളും ചെടികളും വെച്ച് സൗന്ദര്യവൽക്കരിക്കുക.
9. 14ാം വാർഡിൽ പണി നടന്നു വരുന്ന തീരദേശ റോഡിന്റെ വശങ്ങളിൽ ഗാലറികൾ രൂപീകരിക്കുക. സൗന്ദര്യവൽക്കരിക്കുക.
10. മാവൂർ ടൗൺ റോഡ് സൈഡ് ചെടികൾ വെച്ച് സൗന്ദര്യവൽക്കരിക്കുക.
11. ദുരന്തനിവാരണ രേഖ തയ്യാറാക്കുക.
12. ബയോ ഡൈവേഴ്സിറ്റി ക്ലബ്ബുകൾ സ്ക്കുൾ, വാർഡുകൾ എന്നിവിടങ്ങളിൽ രൂപീകരിക്കുക.

# <u>പ്രധാന ആരാധനാലയങ്ങൾ</u>



ലിറ്റിൽ ഫ്ലവർ കത്തോലിക് ചർച്ച്



കണ്ണിപറമ്പ് ശിവക്ഷേത്രം



മാവൂർ ടൗൺ ജുമാ മസ്ജിദ്

# ഉപസംഹാരം

പ്രിയപ്പെട്ടവരെ,

14 ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2022 മുതൽ 2027 വരെയുള്ള 5 വർഷക്കാലം മാവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപമാണ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചത്. ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതിന്റെ 25ാം വാർഷികാഘോഷ വേളയിലാണ് ഈ പദ്ധതി പ്രവർത്തനം ആസൂത്രണം ചെയ്യുന്നതും എടുത്തു പറയേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിൽ നാം ആർജ്ജിച്ച നേട്ടങ്ങളും, ആസൂത്രണ പ്രക്രിയയിൽ ഉണ്ടായിട്ടുള്ള പോരായ്മകളും സമഗ്രമായി വിലയിരുത്തി കൊണ്ട് കൂടിയാണ് ഈ രേഖ തയ്യാറാക്കിയത്. പിന്നിട്ട 25 വർഷങ്ങളിൽ ജനകീയാസൂത്രണവും, കേരള വികസന പദ്ധതിയും എല്ലാം ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്വം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നു. എന്നാൽ കാലക്രമേണ ഗ്രാമസഭകളിൽ ഉണ്ടാവുന്ന പങ്കാളിത്വക്കുറവ് ഗൗരമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

പദ്ധതി പ്രവർത്തനത്തിന് വേണ്ടത്ര ഫണ്ട് ലഭ്യമാകുന്നില്ല എന്ന പ്രയാസം ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന പ്രധാന പ്രശ്നമാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചാണെങ്കിൽ ഗ്രാസിം ഫാക്ടറി അടച്ചു പൂട്ടിയതും, മണൽ ഖനനം നിലച്ചതും കാരണം ഓൺഫണ്ടിൽ ഉണ്ടായ ഇടിവ് നമ്മുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഈ പ്രതിസന്ധികളിലും ആസൂത്രണം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ വളരെ സൂക്ഷമതയോടെ കാര്യക്ഷമമായി ചിലവഴിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ സ്വന്തമായി PHC ഇല്ലാത്ത പ്രശ്നം ഗൗരവമേറിയതെന്ന് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 100% നികുതി പിരിക്കാൻ സാധിച്ചതും, 100 % പദ്ധതി പണം ചെലവഴിക്കാൻ സാധിച്ചതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഭരണസമിതിയുടെയും ജീവനക്കാരുടെയും, പൊതുജനങ്ങളുടെയും എല്ലാം സഹകരണത്തോടെയാണ് ഈ നേട്ടങ്ങൾ എല്ലാം കൈവരിക്കാൻ സാധിച്ചത്.
ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന സാമൂഹ്യപ്രക്രിയയാണ് വികസനം. എല്ലാവർക്കും തൊഴിൽ, വിദ്യാഭ്യാസം, ഭക്ഷണം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം ഇവ ലഭ്യമാകുന്ന സാമൂഹ്യവികസന പ്രക്രിയയിലേക്ക് നാം മാറണം.

വികസനത്തിന്റെ ചൂടും ചൂരും എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കാനും, ജനങ്ങളുടെ സേവനാവകാശങ്ങൾ വേഗതയിൽ ലഭ്യമാക്കാനും കഴിയുന്ന മാറ്റത്തിലേക്ക് ചുവടു വെക്കാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം………………………………………….



അധികാരം ജനങ്ങളിലേക്ക്

25-ാം വർഷം